

*ആദരണീയനായ സഭാദ്ധ്യക്ഷൻ,*

*ബഹുമാന്യരായ സഭാംഗങ്ങളേ,*

അകാലത്തിൽ അന്തരിച്ച വിശ്രുതനാടകപ്രവർത്തകൻ ശ്രീ. കെ. വി. വിജേഷിന്റെ ലളിതസുന്ദരമായ വരികൾ ഞാൻ ആമുഖമായി ഓർമ്മിപ്പിച്ചു കൊള്ളട്ടെ...

"നിങ്ങള് നിങ്ങളെ മാത്രം ഇഷ്ടപ്പെടല്ലപ്പാ...
നമ്മള് നമ്മളെ മാത്രം ഇഷ്ടപ്പെടല്ലപ്പാ..."

നിർഭയമായ മനസ്സും ഉയർന്നശിരസ്സുമായി സ്വാതന്ത്ര്യത്തിന്റെ സമുദ്രഗർജ്ജനം കേട്ടുണരുന്ന തലമുറകൾ ഒറ്റയൊറ്റയെന്ന പരിമിത സങ്കല്പം വിട്ട് കൂട്ടായ്മകളുടെ സൗഹൃദ സംഘമാകുന്ന ഇടം കൂടിയാണ് സർവ്വകലാശാലകൾ. വിജ്ഞാനപ്രവാഹത്തിന്റെ പുതുവഴി തുറക്കുന്ന സർവ്വകലാശാലകളാണ് ഒരു നാടിന്റെ സാമൂഹികതയുടെ, സാംസ്കാരികതയുടെ വിളക്കുമരങ്ങൾ. നിസ്വനായ മനുഷ്യന്റെ കണ്ണുനീർ തുടയ്ക്കുന്നതാണ് ജനാധിപത്യത്തിന്റെ പ്രാഥമിക കടമയെന്ന ഗാന്ധിയൻ തത്വചിന്തയുടെ വിശാലതയാണ് സർവ്വകലാശാലയുടെ മനഃസാക്ഷി. ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങളായ ജനാധിപത്യവും മതനിരപേക്ഷതയും ഫെഡറലിസവും വെല്ലുവിളികൾ നേരിടുന്ന പുതിയ

കാലത്ത് രാജ്യത്തിന്റെ അഖണ്ഡതയും വിശാലമായ ചിന്തകളും ലോകത്തിനു മുന്നിൽ ഉയർത്തിപ്പിടിക്കാൻ കരുത്തുള്ള ചോര തുടിയ്ക്കുന്ന ചെറുകൈകളാണ് സർവ്വകലാശാലകളുടെ സ്വപ്നം. മഹാനായ അംബേദ്കറുടെ ഉജ്ജ്വലമായ ചിന്തകളുടെ വെളിച്ചത്തിലാണ് Educate, Agitate, Organize എന്ന തത്വത്തിന്റെ സാരാംശം ഉൾക്കൊണ്ട് സർവ്വകലാശാലകളെ സ്വയംഭരണ സ്ഥാപനങ്ങളായി വിഭാവനം ചെയ്തിരിക്കുന്നത്. ആ വെളിച്ചമാണ് നമുക്ക് വഴിതെളിക്കുന്നത്.

ഗുണനിലവാരമുള്ള ശാസ്ത്രീയ വിദ്യാഭ്യാസം വിവേചനരഹിതമായി എല്ലാവർക്കും ലഭ്യമാക്കുകയെന്ന നമ്മുടെ രാജ്യത്തിന്റെ മഹത്തായ സ്വപ്നം സാക്ഷാത്കരിച്ച നാടാണ് കേരളം. പ്രതിബന്ധങ്ങളുടെ ശരമാരിയിൽ തളരാതെ എതിർപ്പുകളും തടസ്സങ്ങളും വിനീതമായി അതിജീവിച്ചാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേരളത്തിന്റെ അശ്വമേധം തുടരുന്നത്. അഭിമാനകരമായ ആ മുന്നേറ്റത്തിന്റെ തണൽപറ്റിയാണ് കേരളസർവ്വകലാശാലയും സധൈര്യം കുതിയ്ക്കുന്നത്. കേരളത്തിന്റെ സാമൂഹികജീവിതത്തെ സ്പർശിച്ചുണർത്തി ലോകകാഴ്ചകളിൽ സന്നിവേശിപ്പിച്ച പ്രതിബദ്ധതയുടെ വിജ്ഞാനഗോപുരമാണ് മാതൃസർവ്വകലാശാലയായ കേരളസർവ്വകലാശാല. പലതരം പ്രതിസന്ധികളാണ് ഈ കാലഘട്ടത്തിൽ സർവ്വകലാശാല അഭിമുഖീകരിച്ചിട്ടുള്ളത്. അകാരണമായ കല്ലേറുകളും സർവ്വകലാശാല നിശബ്ദം സഹിച്ചിട്ടുണ്ട്. എന്തെല്ലാം പ്രതിസന്ധികൾ ഉണ്ടായാലും കേരളത്തിന്റെ ഉന്നതമായ ഈ വിജ്ഞാനസമ്പത്തിന് ഒരു പോറൽ പോലും ഏൽക്കാതെ അതിന്റെ ധൈഷണികശിരസ്സിനെ നമ്മൾ സംരക്ഷിക്കുമെന്നുറപ്പാണ്.

പൊതുസമൂഹത്തിന്റെ ചെറുതും വലുതുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ ഗവേഷണങ്ങളും കണ്ടെത്തലുകളുമായി സർവ്വകലാശാല അതിന്റെ കർമ്മനിരതമായ പ്രയാണം തുടരുകയാണ്. സമൂഹനിർമ്മിതിയുടെ ഭാഗമാവുകയെന്ന വലിയ ഉത്തരവാദിത്തം അതിന്റെ

എല്ലാ ധൈഷണിക മാനങ്ങളോടെയും പ്രതിബദ്ധതയോടെയും അഭംഗുരം തുടരുക എന്നത് നമ്മുടെ കർത്തവ്യമാണ്. എല്ലാവിഭാഗം മനുഷ്യരെയും ചേർത്തുപിടിച്ചാണ് മാനവികതയുടെ സർഗ്ഗസൃഷ്ടി സാധ്യമാക്കുന്നത്. കേരളം അഭിമാനപൂർവ്വം അടയാളപ്പെടുത്തുന്ന ആരോഗ്യ രംഗം, കാർഷികരംഗം, വ്യവസായ വാണിജ്യരംഗം, ശാസ്ത്ര-സാങ്കേതികരംഗം തുടങ്ങി, നാം പടുത്തുയർത്തിയ പുരോഗതിയുടെ അടിപ്പടവുകൾ സർവ്വകലാശാലകളുടെ സംഭാവനകളിലാണ് ഉറച്ചുനിൽക്കുന്നത്. പരിമിതികൾ വിജ്ഞാന വഴികൾക്ക് തടസ്സമാകാതെ നിരവധി സാധ്യതകളുടെ പുതുവഴികൾ തുറക്കുന്നത് കൂട്ടായ പ്രയത്നത്തിന്റെ ഫലമായാണ്. നിലവാരമുള്ള മനുഷ്യവിഭവശേഷി സൃഷ്ടിച്ചും അതിന്റെ ക്രിയാത്മകമായ ഉപയോഗത്തിലൂടെയും നാം പ്രതീക്ഷാനിർഭരമായ പുലരികളിലേക്ക് നടക്കുകയാണ്. ജീവവായു പോലെ പ്രാധാന്യമുള്ള ഗുണനിലവാരമുള്ള വിദ്യാഭ്യാസം അവകാശമായി പ്രഖ്യാപിച്ച് പ്രൈമറിതലം മുതൽ ബിരുദതലം വരെ സാർവ്വത്രികമായി എല്ലാവർക്കും അതിന്റെ ലഭ്യത ഉറപ്പുവരുത്തുന്ന കേരളത്തിന്റെ സാമൂഹിക അന്തരീക്ഷമാണ് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നത്.

വിജ്ഞാനസമൂഹമെന്ന കേരളത്തിന്റെ സ്വപ്നങ്ങളും ചിന്തകളും കർമപഥത്തിലെത്തിക്കാനുള്ള സമർപ്പിത സേവനത്തിലാണ് കേരളസർവ്വകലാശാല, NAAC A++ ഗ്രേഡും NIRF റാങ്കിങ്ങിൽ സംസ്ഥാന സർവ്വകലാശാലകളുടെ അമരത്തും എത്തിയ നമ്മൾ കർമപഥങ്ങളിൽ അഭിമാനത്തോടെ തലയുയർത്തി നിൽക്കുക യാണ്. അതിനുലഭ്യമായ സമ്മാനമായി പി.എം. ഉഷ പദ്ധതിയെ ഞാൻ കാണുന്നു. 100 കോടി രൂപയുടെ പദ്ധതിയാണ് പി.എം. ഉഷയിലുടെ നമ്മുടെ സർവ്വകലാശാലയ്ക്ക് ലഭ്യമായത്. 60 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും 40 കോടി രൂപ സംസ്ഥാന സർക്കാരിൽ നിന്നുമാണ് ലഭ്യമാകുന്നത്. അതിനാവശ്യമായ കൃത്യമായ രൂപരേഖ യഥാസമയം സമർപ്പിച്ചു അനുമതിയെ തുടർന്ന്

പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സാഭിമാനം തുടർന്നു വരികയുമാണ്. ഹൃദ്യമായ മറ്റൊരു അക്കാദമിക വസന്തത്തിന്കൂടി ഇത്തരം പദ്ധതികൾ വളർപന്തലൊരുക്കുമെന്നാണ് പ്രതീക്ഷ...

ദിശാബോധമുള്ള പ്രവർത്തനങ്ങൾ മഹത്തായ ലക്ഷ്യങ്ങളിലെത്തിച്ചേരും എന്നു വിശ്വസിക്കുന്നവരാണ് നമ്മൾ. കർമ്മമാണ് പ്രജ്ഞയെ ശക്തിപ്പെടുത്തുന്നത് എന്ന ആപ്തവാക്യം ജ്ഞാനനിർമ്മാണത്തെയും അതിന്റെ പ്രയോഗത്തെയും സൂചിപ്പിക്കുന്നു. കാലാനുസൃതമായ മാറ്റങ്ങളുൾക്കൊണ്ട് നിലനിൽക്കുന്ന സാഹചര്യങ്ങളോട് യോജിച്ചും വിയോജിച്ചുമാണ് സർവ്വകലാശാല അതിന്റെ കർമ്മപഥത്തിൽ ഉറച്ചു നിൽക്കുന്നത്. കേരളത്തിലെ സാമൂഹികാന്തരീക്ഷത്തിനനുസരിച്ച് ക്രമപ്പെടുത്തിയ നാലുവർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദ കോഴ്സുകൾ മാതൃകാപരമായി നടക്കുന്നത് ഭാവിയുടെ പ്രതീക്ഷയാണ്. ക്രിയാത്മകമായ ഗവേഷണപ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി പേറ്റന്റുകളും ദേശീയ അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ ഗവേഷണ പ്രബന്ധങ്ങളും ഈ കാലയളവിൽ സർവ്വകലാശാലയിൽ നിന്നും ഉണ്ടായി എന്നത് അഭിമാനകരമാണ്. മുൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കതും സാക്ഷാത്കരിക്കാൻ സാധിച്ചു. അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾക്കുള്ള മൂന്ന് ഹോസ്റ്റലുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു. റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് ബിൽഡിങ്ങിന്റെ നിർമ്മാണം പൂർത്തിയാക്കി. കാര്യവട്ടം ക്യാമ്പസിന്റെ പ്രവേശനകവാടം പുതുക്കി പണിതതും ക്യാമ്പസിൽ പുതിയ ഓപ്പൺ എയർ ഓഡിറ്റോറിയം സജ്ജമാക്കിയതും കഴിഞ്ഞ ബഡ്ജറ്റ് കാലയളവിലാണ്. തൈക്കാട് പ്രവർത്തിച്ചിരുന്ന എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന് കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തന സൗകര്യമൊരുക്കിയതും, ജേർണലിസം ഡിപ്പാർട്ട്മെന്റ് പുതിയ കെട്ടിടത്തിലേക്ക് മാറിയതും പഠനവകുപ്പുകളുടെ പ്രവർത്തനത്തെ കൂടുതൽ സജീവമാക്കി. സർവ്വകലാശാലയുടെ ഡിസ്റ്റൻസ് എഡ്യുക്കേഷൻ വിഭാഗം ഓൺലൈൻ രീതിയിലേക്ക് പ്രവർത്തനം ക്രമീകരിച്ച് അക്കാദമിക പ്രവർത്തനങ്ങൾ

തുടരുകയാണ്. സാധാരണക്കാരായ മനുഷ്യരുടെ അദ്ധ്വാനത്തിന്റെ ഫലമാണ് സർവ്വകലാശാലകൾ. സർവ്വകലാശാല പ്രവർത്തിക്കുന്നത് സമൂഹത്തിനു വേണ്ടിയാണ് എന്ന ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ ആവിഷ്കരിച്ച വിവിധ പദ്ധതികൾ സർവ്വകലാശാലയും സമൂഹവും തമ്മിലുള്ള സാർത്ഥ കമായ വിനിമയങ്ങൾക്ക് വേദിയൊരുക്കി.

അക്കാദമിക് നേട്ടങ്ങൾ സർവ്വകലാശാലയുടെ ആത്മവിശ്വാ സത്തിന് പുതിയ ആകാശവും ചിറകുകളും നൽകുകയാണ്. ഔപചാരിക വിദ്യാഭ്യാസം എന്ന സാമ്പ്രദായിക ചട്ടക്കൂടിന് പുറ ത്തേക്ക് സഞ്ചരിച്ചു കൊണ്ട് സാധാരണക്കാരായ മനുഷ്യർക്കിടയിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തിയും അവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം നൽകിയും നടപ്പാക്കുന്ന "ഒപ്പം പദ്ധതി" പ്രശംസനീയമായ വിധത്തിൽ തുടരു കയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മനുഷ്യന്റെ നിത്യജീ വിതവുമായി ബന്ധപ്പെട്ടതുൾപ്പെടെയുള്ള എല്ലാ പദ്ധതികളും അർത്ഥഗരിമയോടെ സാക്ഷാത്കരിക്കാനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. താങ്ങായും തണലായും സഹജീവികൾക്കൊപ്പ മുണ്ട് എന്ന് ഉറപ്പുവരുത്തിയാണ് കേരളസർവ്വകലാശാല അതിന്റെ അക്കാദമിക പ്രവർത്തനവുമായി മുന്നോട്ട് നീങ്ങുന്നത്.

ലോകത്തെ മുഴുവൻ ഒരു കുടുംബമായി കാണുന്ന വിശ്വ മാനവികത പിൻതുടരുന്നവരാണ് നമ്മൾ. ലോകത്തിന്റെ ഏതൊരു കോണിൽ മനുഷ്യർ നിർദ്ദയമായി അടിച്ചമർത്തപ്പെട്ടാലും ആ മർദ്ദനത്തിന്റെ വേദന ഞാനും അനുഭവിക്കുന്നു എന്ന് കേരളത്തി ലെ ഒരു കവി പാടിയത് യാദൃശ്ചികമല്ല. വേദനിക്കുന്നവരെ ചേർത്തു പിടിക്കുന്ന, സമത്വത്തിൽ വിശ്വസിക്കുന്ന, കേരളത്തിന്റെ മനസാ ക്ഷിയാണ് ആ വരികൾ. ലോകത്തിനു മുന്നിൽ ഉയർന്നു നിൽക്കുന്ന ഇന്നത്തെ കേരളത്തെ സൃഷ്ടിച്ചതിൽ കേരളത്തിലെ പുരോഗമന സാമൂഹിക മുന്നേറ്റങ്ങൾക്കൊപ്പം സർവ്വകലാശാലകളും വലിയ പങ്കുവഹിച്ചിട്ടുണ്ട്. അയ്യാ വൈകുണ്ഠസ്വാമിയും ശ്രീ നാരായണ

ഗുരുവും അയ്യൻകാളിയും ചട്ടമ്പി സ്വാമിയും വി.ടി. ഭട്ടതിരിപ്പാടും വക്കം മൗലവിയും പൊയ്കയിൽ യോഹന്നാനും നിരവധി ജനകീയ സമരപോരാട്ടങ്ങളും രൂപപ്പെടുത്തിയ കേരളത്തിന്റെ സ്വപ്നങ്ങൾ പ്രാവർത്തികമാക്കുക എന്ന ചരിത്രപരമായ ഉത്തരവാദിത്തമാണ് സർവ്വകലാശാല അജയ്യമായി തുടരുന്നത്. എപ്സ്റ്റെയ്ൻ ഫയൽസിലൂടെ പുറത്തു വന്ന ലിറ്റിൽ സെന്റ് ജെയിംസ് ദ്വീപിലെ കൊടും ക്രൂരതകളുടെ വാർത്തകൾ മാനവികതയുടെ അനിവാര്യത ആവർത്തിച്ചാവർത്തിച്ച് ഓർമ്മപ്പെടുത്തുന്നു. അളവില്ലാത്ത സമ്പത്തും അധികാരവും സാങ്കേതിക വികാസവും മാനവികത യ്ക്കും അറിവിനും പകരമാകില്ലെന്ന യാഥാർത്ഥ്യം സർവ്വകലാശാല കളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു. സങ്കുചിത മതബോധമല്ല പ്രശ്നം, മനുഷ്യന്റെ വിശപ്പിന്., നിലവിളികൾക്ക് ഉത്തരം നൽകുക എന്നതാണ് കാലം ആവശ്യപ്പെടുന്ന കാവ്യനീതി.

പ്രിയമുള്ളവരേ,

പരിമിതികളില്ലാത്ത സ്നേഹവിശ്വാസങ്ങൾ സൂക്ഷിച്ചു കൊണ്ട് ആവേശം അല്പവും ചോരാതെ നേട്ടങ്ങളുടെ വസന്ത കാലം നമുക്കിവിടെ വീണ്ടുമൊരുക്കണം. തികഞ്ഞ ജാഗ്രതയോടെ ഏറ്റെടുക്കേണ്ട ശ്രദ്ധേയമായ ഒട്ടേറെ അക്കാദമിക ഗവേഷണ പ്രവർത്തനങ്ങൾ ഉണ്ട്. സർവകലാശാലയുടെ അക്കാദമിക സമൂഹം മുന്നോട്ടു വയ്ക്കുന്ന പദ്ധതികളുടെ ഒരക്കാദമിക രൂപരേഖ അതിന്റെ അന്തസ്സത്തയുൾക്കൊണ്ട് ഞാനിവിടെ അവതരിപ്പിക്കുകയാണ്. സാർത്ഥകമായ ഈ അക്കാദമിക സ്വപ്നങ്ങളുമായി സുദീർഘമായ വഴിത്താരകൾ മടികൂടാതെ അതിവേഗം നമുക്ക് പിന്നിടേണ്ടതുണ്ട്. അതിന് പര്യാപ്തമായ ക്രിയാത്മകമായ ഒരു ബഡ്ജറ്റ് പുതിയ സാമ്പത്തിക വർഷത്തേക്കായി ഞാനിവിടെ അവതരിപ്പിക്കുക യാണ്. ക്രിയാത്മകമായ വിലയിരുത്തലുകളും ശ്രദ്ധേയമായ നിർദ്ദേ ശങ്ങളും നിങ്ങളിൽ നിന്നുണ്ടാകണമെന്ന പ്രതീക്ഷയോടെ വരുന്ന വർഷത്തേക്കുള്ള സാമ്പത്തിക നയരേഖ ഞാൻ സാഭിമാനം അവതരിപ്പിക്കുന്നു.

## ബഡ്ജറ്റ് സംഗ്രഹം

കഴിഞ്ഞ സാമ്പത്തികവർഷം (2025-26)ൽ, സർവ്വകലാശാലക്ക് **844.42 കോടി രൂപ** വരവും, **844.42 കോടി രൂപ** ചെലവുമുള്ള സന്തുലിത ബഡ്ജറ്റാണ് സെനറ്റ് പാസ്സാക്കിയത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ്സ് (2025-26) പ്രകാരം **742.06 കോടി രൂപ**യുടെ വരവും **742.06 കോടി രൂപ**യുടെ ചെലവുമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

അടുത്ത സാമ്പത്തികവർഷം (2026-27) **888.33 കോടി രൂപ** വരവും, അത്രതന്നെ ചെലവും പ്രതീക്ഷിക്കുന്ന സന്തുലിത ബഡ്ജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

(തുക കോടിയിൽ)

| വരവ് | | ചെലവ് | |
|---|---|---|---|
| **നോൺ പ്ലാൻ** | | | |
| ബ്ലോക്ക് ഗ്രാന്റ് | 398.76 | ശമ്പളം, പെൻഷൻ | 469.34 |
| ആഭ്യന്തര വരുമാനം | 198.74 | മറ്റുള്ളവ | 128.16 |
| **ആകെ** | **597.50** | **ആകെ** | **597.50** |
| **പ്ലാൻ** | | | |
| കേരള സർക്കാർ വിഹിതം | 59.60 | കേരള സർക്കാർ വിഹിതം | 59.60 |
| യു.ജി.സി. വിഹിതം | 1.43 | യു.ജി.സി. വിഹിതം | 1.43 |
| മറ്റുള്ളവ | 0.50 | മറ്റുള്ളവ | 0.50 |
| **ആകെ** | **61.53** | **ആകെ** | **61.53** |
| ഇയർമാർക്ക്ഡ് ഫണ്ട് | 23.99 | ഇയർമാർക്ക്ഡ് ഫണ്ട് | 23.99 |
| ഡെബ്റ്റ് ആന്റ് ഡെപ്പോസിറ്റ്സ് | 205.31 | ഡെബ്റ്റ് ആന്റ് ഡെപ്പോസിറ്റ്സ് | 205.31 |
| **ആകെ തുക** | **888.33** | **ആകെ തുക** | **888.33** |
| **(888.33-888.33)** | **= 0** | | |

2026-27 സാമ്പത്തിക വർഷം 597.50 കോടി രൂപ വരവും അത്ര തന്നെ ചെലവും നോൺ പ്ലാൻ ഇനത്തിൽ പ്രതീക്ഷിക്കുന്നു.

**പട്ടിക ഒന്ന് - നോൺ പ്ലാൻ** (തുക കോടിയിൽ)

| ചമാല ീള ജഹമി | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് **2025-26** | റിവൈസ്ഡ് എസ്റ്റിമേറ്റ്സ് **2025-26** | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് **2026-27** |
|---|---|---|---|
| വരവ് | 595.15 | 515.70 | 597.50 |
| ചെലവ് | 595.15 | 515.70 | 597.50 |
| കമ്മി | 0 | 0 | 0 |

**2026-27 വരവ്**

ഈ സാമ്പത്തികവർഷം പദ്ധതിയിതര ഗ്രാന്റിനത്തിൽ **398.76 കോടി രൂപ**യും ആഭ്യന്തര വരുമാന ഇനത്തിൽ **198.74 കോടി രൂപ**യും ചേർത്താണ് ആകെ **597.50 കോടി രൂപ** വരവ് പ്രതീക്ഷിക്കുന്നത്. എന്നാൽ പദ്ധതിയിതരവിഹിതമായി **356.28 കോടി രൂപ**യാണ് സർക്കാർ 2026 - 27 ലേക്ക് അനുവദിച്ചിട്ടുള്ളത്.

**പട്ടിക രണ്ട് - നോൺ പ്ലാൻ വരവ്** (തുക കോടിയിൽ)

| വരവ് | റിവൈസ്ഡ് എസ്റ്റിമേറ്റ്സ് **2025-26** | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് **2026-27** |
|---|---|---|
| ബ്ലോക്ക് ഗ്രാന്റ് | 329.89 | 398.76 |
| ആഭ്യന്തര വരുമാനം | 185.81 | 198.74 |
| **ആകെ തുക** | **515.70** | **597.50** |

അടുത്ത സാമ്പത്തികവർഷം (2026-27) ഓരോ വിഭാഗത്തിൽ നിന്നും പ്രതീക്ഷിക്കുന്ന ആഭ്യന്തരവരുമാനം ചുവടെ ചേർത്തിരിക്കുന്നു.

**പട്ടിക മൂന്ന് - ആഭ്യന്തര വരുമാനം** (തുക കോടിയിൽ)

| വരവ് | റിവൈസ്ഡ് എസ്റ്റിമേറ്റ്സ് 2025–26 | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2026–27 |
|---|---|---|
| പരീക്ഷാഫീസും മറ്റു വരവുകളും | 47.32 | 48.29 |
| യൂണിവേഴ്സിറ്റി പഠനവകുപ്പുകൾ / സെന്ററുകളിൽ നിന്നും | 3.67 | 4.40 |
| ബി. എഡ്. കേന്ദ്രങ്ങൾ | 4.50 | 5.00 |
| യു.ഐ.ടി. കൾ | 11.00 | 12.00 |
| യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ് | 5.40 | 6.00 |
| യു.ഐ.എമ്മുകൾ | 2.00 | 2.50 |
| വിദൂരവിദ്യാഭ്യാസകേന്ദ്രം (SDE) | 2.45 | 2.50 |
| ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് | 4.00 | 7.00 |
| സ്റ്റുഡന്റ് അഫിലിയേഷൻ ഫീസ് | 0.60 | 0.70 |
| യു.ജി. /പി. ജി. ഓൺലൈൻ അഡ്മിഷൻ | 13.00 | 14.00 |
| ലീസ് ഇൻകം | 3.00 | 1.00 |
| പലിശ | 76.00 | 80.00 |
| കോളേജ്/കോഴ്സ് അഫിലിയേഷൻ ഫീസ് | 0.30 | 0.80 |
| സ്റ്റാഫ് കോർട്ടേഴ്സ് സർവ്വീസ് ചാർജ്ജ് / വാടക | 0.04 | 0.08 |

| | | |
|---|---|---|
| മറ്റുള്ളവ | 12.53 | 14.47 |
| **ആകെ തുക** | **185.81** | **198.74** |

**2026 - 27 ചെലവ്**

അടുത്ത സാമ്പത്തികവർഷം പ്രതീക്ഷിക്കുന്ന പ്രധാന ചെലവുകൾ താഴെ കൊടുത്തിരിക്കുന്ന വിധമാണ്.

**പട്ടിക നാല് - ചെലവ്** (തുക കോടിയിൽ)

| പദ്ധതിയിതരം (Non - Plan) | റിവൈസ്ഡ് എസ്റ്റിമേറ്റ്സ് **2025–26** | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് **2026–27** |
|---|---|---|
| ശമ്പളവും മറ്റ് അലവൻസുകളും | 193.11 | 240.38 |
| താത്ക്കാലിക /കരാർ ജീവനക്കാർക്കുള്ള വേതനം | 44.49 | 49.36 |
| പെൻഷൻ | 168.55 | 179.60 |
| പരീക്ഷാചെലവുകൾ | 21.92 | 26.05 |
| ഗ്രാന്റും സ്കോളർഷിപ്പുകളും | 15.37 | 15.89 |
| നിർമ്മാണപ്രവർത്തനങ്ങൾ | 14.18 | 20.90 |
| പുതിയ വികസനപ്രവർത്തനങ്ങൾ | 8.00 | 8.00 |
| ഓഫീസ് ചെലവുകൾ | 1.78 | 1.90 |
| ഇലക്ട്രിസിറ്റി ചാർജ് | 3.92 | 4.38 |
| വാട്ടർ ചാർജ് | 1.50 | 1.82 |
| ബുക്ക്സ് ആന്റ് ജേർണൽ | 3.19 | 3.56 |
| എക്യുപ്മെന്റ് | 3.09 | 4.07 |
| ഫർണിച്ചർ | 1.19 | 1.32 |
| പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി | 1.73 | 1.95 |

| | | |
|---|---|---|
| പ്രൊവിഷണൽ എംപ്ലോയീസ് പി.എഫ്. (എംപ്ലോയർ കോൺട്രിബ്യൂഷൻ) | 1.87 | 2.42 |
| കോൺട്രിബ്യൂഷൻ ടു ഇ.പി.എഫ്. (യൂണിവേഴ്സിറ്റി സ്കീം) | 0.15 | 0.18 |
| റെന്റ് | 0.42 | 0.45 |
| എമിരറ്റസ് പ്രൊഫസർ / വിസിറ്റിങ് ഫാക്കൽറ്റി / അഡ്ജന്റ് ഫാക്കൽറ്റി | 0.96 | 1.22 |
| കമ്പ്യൂട്ടർ അസ്സസെറീസ് | 0.38 | 0.53 |
| അഡ്വർടൈസ്മെന്റ് ചാർജ്ജ് | 1.26 | 1.05 |
| ലീഗൽ എക്സ്പെൻസസ് | 0.25 | 0.30 |
| പോസ്റ്റേജ് | 0.55 | 0.69 |
| ട്രാവലിംഗ് അലവൻസെസ് | 0.97 | 1.16 |
| പർച്ചേസ്/ഹയറിംഗ്/മെയിന്റനൻസ് ഓഫ് വെഹിക്കിൾ | 0.85 | 1.01 |
| ഫ്യൂവൽ ചാർജ്ജ് | 0.33 | 0.39 |
| ടെലിഫോൺ/ ഇന്റർനെറ്റ് ചാർജ്ജസ് | 0.27 | 0.31 |
| ഓഡിറ്റ് ചാർജ്ജ് | 1.00 | 1.50 |
| ലാബ് കണ്ടിജൻസിസ് | 0.42 | 0.53 |
| ടൂർണ്ണമെന്റ്/ചാംപ്യൻഷിപ്പ്സ് | 1.60 | 1.80 |
| യൂണിയൻ ആക്ടിവിറ്റീസ് | 0.50 | 0.58 |
| എസ്.ജി.പി.എ. ഇൻഷ്വറൻസ് | 0.06 | 0.08 |
| മറ്റുള്ളവ | 21.84 | 24.12 |
| **ആകെ തുക** | **515.70** | **597.50** |

## പെൻഷൻ

പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും നോൺപ്ലാൻ ചെലവിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ്. നിലവിൽ മൂവായിരത്തോളം വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകുന്നുണ്ട്. പെൻഷൻ ചെലവിനായി വിനിയോഗിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക അഞ്ച് - പെൻഷൻ** (തുക കോടിയിൽ)

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2021-22 | 158.08 |
| 2022-23 | 155.31 |
| 2023-24 | 145.82 |
| 2024-25 | 162.85 |
| 2025-26 (RE) | 168.55 |
| 2026-27 (BE) | 179.60 |

**കഴിഞ്ഞ 5 വർഷങ്ങളിലെ പദ്ധതി-പദ്ധതിയിതര വിഹിതത്തിന്റെ സ്ഥിതിവിവരക്കണക്ക് ചുവടെ ചേർക്കുന്നു.**

**പദ്ധതിവിഹിതം (Plan)** (തുക കോടിയിൽ)

| വർഷം | ലഭിച്ച തുക |
|---|---|
| 2021 - 22 | 19.31 |
| 2022 - 23 | 11.00 |
| 2023 - 24 | 4.55 |
| 2024 - 25 | 5.3 |
| 2025 - 26 | 10.5<br>(2026 ഫെബ്രുവരി വരെ) |

**പദ്ധതിയിതര വിഹിതം (Non-Plan)**(തുക കോടിയിൽ)

| വർഷം | ലഭിച്ച തുക |
|---|---|
| 2021 - 22 | 291.11 |
| 2022 - 23 | 290.00 |
| 2023 - 24 | 320.22 |
| 2024 - 25 | 304.88 |
| 2025 - 26 | 271.50 (2026 ഫെബ്രുവരി വരെ) |

**സ്ഥിതിവിവരങ്ങൾ**

**സർവ്വകലാശാലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങൾ**

**എ. പഠന/ഗവേഷണ വകുപ്പുകൾ, കേന്ദ്രങ്ങൾ**

വിവിധ പഠന/ഗവേഷണ വകുപ്പുകൾ, അക്കാദമിക സെന്ററുകൾ, സ്വാശ്രയാടിസ്ഥാനത്തിൽ സർവ്വകലാശാല നേരിട്ടുനടത്തുന്ന സ്ഥാപനങ്ങൾ എന്നീ വിഭാഗങ്ങളിലായി 164 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമനമ്പർ | സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| 1. | സർവ്വകലാശാല പഠന/ ഗവേഷണ വകുപ്പുകൾ | 43+1 (Centre for Online & Distance Education) |
| 2. | അക്കാദമിക സെന്ററുകൾ | 68 |
| 3. | കെ.യു.സി.ടി.ഇ. കൾ | 10 |
| 4. | യു. ഐ. ടി. കൾ | 29 |
| 5. | യു. ഐ. എമ്മുകൾ | 7 |
| 6. | യൂണിവേഴ്സിറ്റി എഞ്ചിനിയറിംഗ് കോളേജ് | 1 |

| | | |
|---|---|---|
| 7. | യു.ജി.സി. മാളവ്യ മിഷൻ ടീച്ചർ ട്രയിനിങ് സെന്റർ | 1 |
| 8. | മലയാളം ലെക്സിക്കൺ വിഭാഗം | 1 |
| 9. | കേരള യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററുകൾ | 3 |
| | **ആകെ** | **164** |

## ബി. അഫിലിയേറ്റഡ് കോളേജുകൾ

194 അഫിലിയേറ്റഡ് കോളേജുകളാണ് സർവ്വകലാശാലയ്ക്കു കീഴിൽ പ്രവർത്തിക്കുന്നത്.

| ക്രമനമ്പർ | കോളേജുകൾ | എണ്ണം |
|---|---|---|
| 1. | ആർട്സ് & സയൻസ് കോളേജുകൾ | 116 |
| 2. | ബി.എഡ്./എം.എഡ്. കോളേജുകൾ | 46 |
| 3. | എം.ബി.എ./എം.സി.എ. കോളേജുകൾ | 13 |
| 4. | ലോ കോളേജുകൾ | 10 |
| 5. | ഹോട്ടൽ മാനേജ്മെന്റ് കോളേജുകൾ | 3 |
| 6. | മ്യൂസിക് & ഫൈൻ ആർട്സ് കോളേജുകൾ | 3 |
| 7. | ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ് | 1 |
| 8. | സ്പെഷ്യൽ എഡ്യുക്കേഷൻ കോളേജ് | 1 |
| 9. | ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് | 1 |
| | **ആകെ** | **194** |

## സി. സേവനകേന്ദ്രങ്ങൾ

സർവകലാശാലയോടനുബന്ധിച്ച് വിവിധ സേവനങ്ങൾ നൽകുന്ന 32 കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

| ക്രമനമ്പർ | സേവനകേന്ദ്രങ്ങൾ | എണ്ണം |
|---|---|---|
| 1. | ലൈബ്രറി | 2 |
| 2. | ഹെൽത്ത് സെന്റർ | 2 |
| 3. | കമ്പ്യൂട്ടർ സെന്റർ | 1 |
| 4. | പ്രിന്റിംഗ് പ്രസ്സ് | 1 |
| 5. | Central Laboratory for Instrumentation & Facilitation (CLIF) | 1 |
| 6. | എഞ്ചിനീയറിംഗ് യൂണിറ്റ് | 1 |
| 7. | സ്റ്റുഡന്റ് സർവീസസ് വകുപ്പ് | 1 |
| 8. | ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് | 1 |
| 9. | പ്രകാശനവിഭാഗം | 1 |
| 10. | യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ | 1 |
| 11. | പ്ലേസ്മെന്റ് സെൽ | 1 |
| 12. | ഫിനിഷിങ് സ്കൂൾ | 1 |
| 13. | ഐ.ക്യു.എ.സി. | 1 |
| 14. | ഹോസ്റ്റലുകൾ | 7 |
| 15. | കേരള യൂണിവേഴ്സിറ്റി ബിസിനസ് ഇന്നവേഷൻ & ഇൻക്യുബേഷൻ സെന്റർ | 1 |
| 16. | യൂണിവ്ഴ്സിറ്റി കൺസൾട്ടൻസി സെൽ | 1 |
| 17. | ഇന്റേണൽ കംപ്ലൈൻസ് കമ്മിറ്റി | 1 |
| 18. | Career Counselling & Testing Centre | 1 |
| 19. | നാഷണൽ സർവ്വീസ് സ്കീം | 1 |

| | | |
|---|---|---|
| 20. | കേരള യൂണിവ്ഴ്സിറ്റി ജില്ലാതല ഇൻഫർമേഷൻ കേന്ദ്രങ്ങൾ | 3 |
| 21. | ജൻ ശിക്ഷൺ സൻസ്ഥാൻ | 1 |
| 22. | ട്രാൻസ്ളേഷണൽ റിസേർച്ച് ആൻറ്റ് ഇന്നവേഷൻ സെന്റർ | 1 |
| | **ആകെ** | **32** |

2025-26 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന പദ്ധതിധനസഹായ ഇനത്തിൽ കേരള സർവകലാശാലയ്ക്ക് 36,38,69,235/- രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതിൽ ആദ്യഗഡുവായി 10.5 കോടി രൂപ സർവകലാശാലയ്ക്ക് റിലീസ് ചെയ്തു ലഭിച്ചിട്ടുണ്ട്.

2026-27 സാമ്പത്തികവർഷം 83,36,69,502/- രൂപയുടെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണ ബോർഡിന് സമർപ്പിച്ചിരുന്നു. ഇത് താഴെ പറയുന്ന പദ്ധതി ഉപ-ഘടകങ്ങൾക്കായാണ് (Scheme-components) ആവശ്യപ്പെട്ടിരുന്നത്:

1. Research Projects
2. Infrastructure Development
3. Books and Journals
4. Seminars and Conferences
5. IT Enabled Academic Initiatives
6. New Centres & Strengthening of Centres
7. Ongoing Civil Works
8. Ongoing Activities

2026-27ലെ സംസ്ഥാന ബജറ്റിൽ, സർവകലാശാലയ്ക്ക് 39.5 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. വാർഷിക പദ്ധതി നിർദ്ദേശങ്ങൾ ഈ തുകയ്ക്ക് നിജപ്പെടുത്തി സർക്കാരിന് സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സർവ്വകലാശാലയ്ക്ക് കേരള സർക്കാരിൽ നിന്ന് നിസ്സീമമായ സഹായ സഹകരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ശ്രീ. കെ.എൻ. ബാലഗോപാലും ഉന്നത വിദ്യാഭാസ മന്ത്രി ശ്രീമതി. ആർ. ബിന്ദുവും സർവകലാശാലയുടെ മികവാർന്ന നേട്ടങ്ങൾക്ക് നിർണ്ണായകമായ സഹായങ്ങൾ നൽകിയിട്ടുണ്ട്. ഞാൻ അതെല്ലാം നന്ദിപൂർവ്വം സ്മരിക്കുന്നു. രാജ്യത്തെ സംസ്ഥാന സർവ്വകലാശാലകളിൽ ഏറ്റവും മുന്നിലാണ് ഇന്ന് കേരള സർവ്വകലാശാലയുടെ സ്ഥാനം. സർവ്വകലാശാലയ്ക്ക് കൂടുതൽ ശക്തിപകരാൻ കഴിയുന്ന പുതിയ പദ്ധതികൾ ഞാനിവിടെ അവതരിപ്പിക്കുന്നു.

**1. ഹൃദയാഘാത നിർണ്ണയത്തിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായം ഉപയോഗിച്ചുള്ള ചികിത്സ വികസിപ്പിക്കാനുള്ള ഗവേഷണത്തിന് സഹായം നല്കും.**

World Health Organization (WHO)ന്റെ പഠനങ്ങൾ സൂചിപ്പിക്കുന്നത് അക്യൂട്ട് മയോകാർഡിയൽ ഇൻഫ്രാക്ഷൻ അഥവാ ഹൃദയാഘാതം സംഭവിക്കുന്നവരിൽ 50% വും ഏകദേശം 40 വയസ്സിന് താഴെയുള്ളവരാണ്. മുൻകൂട്ടി തിരിച്ചറിഞ്ഞാൽ ഇത്തരം മരണ സാധ്യതകൾ നല്ലൊരുപങ്കും ഇല്ലാതാക്കാനായേക്കും. AI സഹായത്തോടെ ഹൃദ്രോഗ സാധ്യത 99% കൃത്യതയോടെ അതിവേഗം കണ്ടെത്താനാകുന്ന ചികിത്സാരീതി കൂടുതൽ വികസിപ്പിക്കുന്ന പഠനാന്വേഷണങ്ങൾ സർവ്വകലാശാലയുടെ ബയോകെമസ്ട്രി വിഭാഗത്തിലെ Centre for Advanced Cancer Research-ൽ നടത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് ഹൃദയരോഗ ചികിത്സാരംഗത്ത് ശ്രദ്ധേയ മാറ്റങ്ങൾക്ക് വഴിതുറക്കാൻ സാധ്യതയുള്ള ഗവേഷണമായി കണക്കാക്കുന്നു. കാർഡിയാക്ക് ട്രോപോണിൻ (cTnl) ആണ് ഹൃദയഘാതത്തിന്റെ കീമാർക്കർ ആയി കണക്കാക്കുന്നത്. ഇവയുടെ പ്രാരംഭ നിർണയം മരണ സാധ്യത കുറയ്ക്കുന്നതിന് സഹായിക്കും. AI സഹായത്തോടെ രക്തത്തിലുണ്ടാകുന്ന

ബയോമാർക്കറുകളെ അതിവേഗത്തിൽ കണ്ടെത്തുന്നതുൾപ്പെടെ യുള്ള വിവിധ ചികിത്സാ മാർഗ്ഗങ്ങളും ഈ ഗവേഷണ പദ്ധതിയുടെ ഭാഗമാണ്. **ഇതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.**

**2. കാര്യവട്ടം കാമ്പസിൽ Kerala University - Center for Rare Earths and Advanced Materials (KU-CREAM) സ്ഥാപിക്കും.**

'റെയർ എർത്ത് കോറിഡോർ' എന്ന പദ്ധതിയുടെ നടപ്പാക്കലിന് സഹായകമായ നോഡൽ കേന്ദ്രമായി മാറാനാകുന്നവിധം Center for Rare Earths and Advanced Materials (KU - CREAM) ജിയോളജി പഠനഗവേഷണ വകുപ്പുമായി ബന്ധപ്പെട്ട് കേരളസർവ്വകലാശാലയിൽ സ്ഥാപിക്കും. ധാതു വിഭവങ്ങളുടെ മൂല്യനിർണയം, പരിസ്ഥിതി സൗഹൃദ ഖനന-സംസ്കരണ സാങ്കേതിക വിദ്യകളുടെ വികസനം, ഉയർന്ന മൂല്യമുള്ള ഉൽപ്പന്ന രൂപകൽപ്പന, പരിസ്ഥിതി സംരക്ഷണം, നയരൂ പീകരണ സഹായം ഉൾപ്പെടെ ശാസ്ത്രീയ നേതൃത്വവും സാങ്കേതിക മാർഗനിർദ്ദേശവും നൽകുന്നതിനും ഈ സെന്ററിന് കഴിയുമെന്ന് കരുതുന്നു. ഭൂവിജ്ഞാനം, എഞ്ചിനീയറിംഗ്, മെറ്റീരിയൽസ് ശാസ്ത്രം, നവീകരണ സംവിധാനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് വ്യവസായ സഹകരണങ്ങൾ, സ്റ്റാർട്ടപ്പ് പ്രോത്സാഹനം, കഴിവ് വികസനം, അന്താരാഷ്ട്ര സഹകരണം എന്നിവയിലൂടെ സാങ്കേതിക കൈമാറ്റവും, വ്യാപാര വൽക്കരണവും സെന്റർ ഉറപ്പാക്കും. **ഇതിനായി 15 ലക്ഷം രൂപ വകയിരുത്തുന്നു.**

**3. സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷന് കീഴിൽ അഞ്ച് പിജി ഡിപ്ലോമ കോഴ്സുകൾ പുതുതായി തുടങ്ങും.**

കാലികപ്രാധാന്യമുള്ള മേഖലകളിൽ പി.ജി ഡിപ്ലോമ പ്രോഗ്രാമുകൾ കേരള സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ 2026-27 അക്കാദമിക വർഷം ആരംഭിക്കും. ഒരു വർഷദൈർഘ്യമുള്ള പ്രോഗ്രാമുക

ളായിരിക്കും ഇത്. പി. ജി. ഡിപ്ലോമ ഇൻ ഡാറ്റ അനലിറ്റിക്സ്, പി.ജി. ഡിപ്ലോമ ഇൻ സപ്ലൈ ചെയിൻ മാനേജ്മെന്റ്, മാർക്കറ്റിംഗ് മാനേജ്മെന്റിൽ പി.ജി. ഡിപ്ലോമ, ഫിനാൻഷ്യൽ ടെക്നോളജിയിൽ പി.ജി. ഡിപ്ലോമ (ഫിൻടെക്), പി. ജി. ഡിപ്ലോമ ഇൻ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് എന്നിവയാണ് പ്രോഗ്രാമുകൾ. സിലബസുകളും പഠനസാമഗ്രികളും തയ്യാറാക്കുന്നതിനും ഫാക്കൽറ്റി പരിശീലനം, ഫാക്കൽറ്റികൾക്കുള്ള പ്രതിഫലം തുടങ്ങിയവയ്ക്കും ഇതര പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി **20 ലക്ഷം രൂപ വകയിരുത്തുന്നു.**

**4. പാൻക്രിയാസ് ക്യാൻസർ രോഗനിർണ്ണയത്തിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള ഗവേഷണത്തിന് സഹായം നല്കും.**

പ്രാരംഭലക്ഷണങ്ങൾ പ്രകടിപ്പിക്കാതെ മനുഷ്യശരീരത്തിൽ അതിവേഗം പടരുന്ന 'സൈലന്റ് കില്ലർ' എന്നറിയപ്പെടുന്ന 'പാൻക്രിയാസ് ക്യാൻസർ' ആധുനിക വൈദ്യശാസ്ത്രം നേരിടുന്ന കടുത്ത വെല്ലുവിളികളിൽ ഒന്നാണ്. പലപ്പോഴും അവസാന ഘട്ടങ്ങളിൽ മാത്രമേ തിരിച്ചറിയാനാകൂ എന്നത് ഒരുപാട് ജീവിതങ്ങളെയാണ് നഷ്ടപ്പെടുത്തിയിട്ടുള്ളത്. ഈ രോഗത്തിനെതിരെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ അധിഷ്ഠിതമായ ഒരു സമഗ്ര പ്രതിരോധ ശൃംഖലയ്ക്ക് രൂപം നല്കാനാകുന്ന ഒരു ഗവേഷണ പഠനപദ്ധതി സർവ്വകലാശാലയുടെ Centre for Advanced Cancer Research (CACR)ൽ തയ്യാറാക്കിയിട്ടുണ്ട്. കോശങ്ങളുടെ സൂക്ഷ്മമായ മാറ്റങ്ങളെ AI അൽഗോരിതങ്ങൾ ഉപയോഗിച്ച് ഡയഗ്നോസിസ് നടത്തുകയും രോഗിയുടെ ജനിതകഘടനയും ട്യൂമറിന്റെ സ്വഭാവവും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാങ്കേതിക സാധ്യതവഴി വിശകലനംചെയ്ത് ചികിത്സ നിശ്ചയിക്കുകയും പ്രസിഷൻ മെഡിസിൻ (Precision Medicine) രീതിയുടെ സാധ്യത ലഭ്യമാക്കുകയും ചെയ്യാനുതകുന്ന പദ്ധതിയാണിത്. മെഡിക്കൽ കോളേജുകളിലെ പത്തോളജി വിഭാഗവുമായി ചേർന്നാണ് ഈ പഠന ഗവേഷണം നടത്താൻ ഉദ്ദേശിക്കുന്നത്. ഇതിനായി **20 ലക്ഷം രൂപ അനുവദിക്കുന്നു.**

## 5. മഹാത്മാ അയ്യങ്കാളി ഇന്റർനാഷണൽ സ്റ്റഡി ആൻഡ് റിസർച്ച് സെന്ററിന് പ്രവർത്തന സഹായം നല്കും.

സർവ്വകലാശാലയുടെ ചരിത്ര പഠന-ഗവേഷണവകുപ്പിന്റെ ഭാഗമായി മഹാത്മാ അയ്യങ്കാളി ഇന്റർനാഷണൽ സ്റ്റഡി സെൻറർ പ്രവർത്തിച്ചുവരുന്നുണ്ട്. രാജ്യത്ത് പൊതുവിലും കേരള സംസ്ഥാനത്ത് പ്രത്യേകിച്ചും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന്റെ മുന്നേറ്റങ്ങളെപ്പറ്റിയും വിവിധ അനുബന്ധ പ്രശ്നങ്ങളെപ്പറ്റിയും സമഗ്രമായ പഠനഗവേഷണം നടത്തുന്നതിന് വേണ്ടി സർവ്വകലാശാല ബഡ്ജറ്റുകളിൽ സെന്ററിന് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ഈ സെന്ററിനെ കൂടുതൽ ഫലപ്രദവും സമഗ്രവും അക്കാദമികവുമാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കും. സെന്ററിന്റെ ഭാഗമായി പ്രോജക്ടുകൾ ചെയ്യുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനും ദേശീയ അന്തർദേശീയ തലങ്ങളിൽ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനും പുസ്തക ശേഖരം ഉണ്ടാക്കുന്നതിനും വേണ്ടി **10 ലക്ഷം രൂപ വകയിരുത്തുന്നു.**

## 6. ചരിത്ര വിഭാഗത്തിലെ ഹെറിറ്റേജ് മ്യൂസിയം വിപുലമാക്കാൻ സഹായം.

സർവ്വകലാശാലയുടെ ചരിത്ര പഠന-ഗവേഷണ വകുപ്പിൽ ഹെറിറ്റേജ് മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്ക് മുൻ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നു. ഇതിനുവേണ്ട കൂടുതൽ സാമഗ്രികൾ ശേഖരിക്കുന്നതിനും അവ കൃത്യമായി പ്രദർശിപ്പിക്കുന്നതിനുവേണ്ട ഭൗതിക സാഹചര്യം ഒരുക്കുന്നതിനുമായി **3 ലക്ഷം രൂപ വകയിരുത്തുന്നു.**

## 7. കോളേജുകളിലെ സ്റ്റുഡന്റ് പാലിയേറ്റീവ് ക്ലബ്ബിലൂടെയുള്ള സാന്ത്വന പരിചരണപദ്ധതി തുടരും.

2020-21 മുതൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഒരു ബൃഹത് പദ്ധതിയാണ് സ്റ്റുഡന്റ് പാലിയേറ്റീവ് ക്ലബ്ബുകൾ. അശരണരും നിരാലംബരുമായ രോഗബാധിതർക്ക് സ്വാന്തനമേകാനുള്ള മനസ്സ്

പുതുതലമുറയിൽ വളർത്തുക എന്നതാണ് ഇതിന്റെ മുഖ്യ ഉദ്ദേശ്യം. കോളേജുകളിലെ സ്റ്റുഡന്റ് പാലിയേറ്റീവ് ക്ലബ്ബിലൂടെ പാലിയേറ്റീവ് പ്രവർത്തന മേഖലയിൽ നല്ലൊരു ഇടപെടൽ നടത്താൻ നമുക്കായിട്ടുണ്ട്. വിവിധ കലാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഈ മേഖലയിൽ പരിശീലനം നൽകും. സർവ്വകലാശാല തലത്തിലും ജില്ലാതലത്തിലും കോളേജ് തലത്തിലും ഉള്ള പരിശീലനങ്ങൾ ഇതിന്റെ ഭാഗമായി നൽകിവരുന്നുണ്ട്. കേരള സർവകലാശാലയുടെ കോളേജുകളിൽ നാഷണൽ സർവീസ് സ്കീം യൂണിറ്റുകൾ പ്രവർത്തിക്കുന്ന എല്ലാ സ്ഥലങ്ങളിലും പാലിയേറ്റീവ് ക്ലബ്ബുകൾ ആരംഭിക്കുകയും സമഗ്രമായ രീതിയിലുള്ള ഇടപെടൽ നടത്തുകയും ചെയ്യാൻ ഉദ്ദേശിക്കുന്നു. സർവകലാശാല നാഷണൽ സർവീസ് സ്കീമിന്റെ മേൽനോട്ടത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. **30 ലക്ഷം രൂപ ഇതിനായി നീക്കിവയ്ക്കുന്നു.**

## 8. വിമുക്തി-ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ തുടരും.

സർവകലാശാലയുടെ സാമൂഹിക ഇടപെടലിന്റെ ഭാഗമായി നടത്തുന്ന പദ്ധതിയാണ് വിമുക്തി ലഹരി നിർമ്മാർജ്ജന ബോധവൽക്കരണ പരിപാടി. സംസ്ഥാന എക്സൈസ് വകുപ്പ് ഇത് നടപ്പിലാക്കുന്നതിന് വേണ്ട എല്ലാ സഹായ സഹകരണങ്ങളും നൽകുന്നുണ്ട്. 2019-2020 മുതൽ ഈ പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. സമഗ്രമായ ബോധവൽക്കരണ പദ്ധതിയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ മേൽനോട്ടത്തിലും ഇതര മാർഗ്ഗങ്ങളിലും എൻ. എസ്. എസ്. വോളണ്ടിയർമാർക്ക് സർവകലാശാല തലത്തിലും ജില്ലാതലത്തിലും കോളേജ് തലത്തിലും വേണ്ട പരിശീലനങ്ങളും ബോധവൽക്കരണവും നല്കും. കോളേജ് വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കുമാണ് ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നത്. പൊതുസമൂഹത്തിനു കൂടി ഗുണകരമാകുന്ന വിവിധ കലാപരിപാടികളിലൂടെയും പദയാത്രകളിലൂടെയും, റോഡ് ഷോയിലൂടെയും, തെരുവ് നാടകങ്ങളിലൂടെയും ലഹരിവിരുദ്ധ പ്രചരണം വിപുലപ്പെടുത്തും. കലാലയ

ങ്ങളിൽ വിദ്യാർത്ഥികളുടെ ഇടയിൽ ബോധവൽക്കരണത്തിന്റെ ഭാഗമായി തിരക്കഥ രചന മത്സരം, ലഘു ചിത്ര നിർമ്മാണ മത്സരം, പോസ്റ്റർ നിർമ്മാണ മത്സരം, ക്വിസ് മത്സരം, പ്രസംഗ മത്സരം തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ലഹരി ഉപയോഗത്തിന്റെ വ്യാപ്തി കണ്ടുപിടിക്കുന്നതിനുവേണ്ടി നിരീക്ഷണ സമിതികൾ കോളേജ് തലത്തിൽ ആരംഭിക്കും. ഇവയുടെ നടത്തിപ്പിലേക്കായി സർവ്വകലാശാല നാഷണൽ സർവീസ് സ്കീമിനെ ചുമതലപ്പെടുത്തുന്നു. **30 ലക്ഷം രൂപ ഇതിനായി നീക്കിവയ്ക്കുന്നു.**

## 9. സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിൽ ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നു.

ബി. ബി. എ., ബി. കോം., എം. ബി. എ. ,എം. കോം. എന്നീ നാല് കോഴ്സുകൾ തുടങ്ങുന്നതിനു സർവ്വകലാശാലയുടെ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷന്, യു. ജി. സി. അംഗീകാരം നൽകിയിട്ടുണ്ട്. പ്രോഗ്രാം തുടങ്ങുന്നതിനും അതിനാവശ്യമായ സിലബസ് നിർമ്മാണം, പഠനസാമഗ്രികളുടെയും, വിഡിയോകളുടെയും നിർമ്മാണം, വർക്ക്ഷോപ്പ് നടത്തൽ, എൽ. എം. എസ്. പ്ലാറ്റ്ഫോം സജ്ജീകരണം തുടങ്ങിയതുൾപ്പെടെയുള്ള പ്രാരംഭപ്രവർത്തനങ്ങൾക്കായി **20 ലക്ഷം രൂപ വകയിരുത്തുന്നു.**

## 10. 'കാമ്പസ് ടു കരിയർ പദ്ധതി': കാര്യവട്ടം കാമ്പസിൽ കെ.യു റീസൈക്ലിങ്ങ് മൈക്രോപ്ലാന്റ് സ്ഥാപിക്കും.

കേരള സർവ്വകലാശാലയുടെ ട്രാൻസ്ലേഷണൽ റിസർച്ച് & ഇന്നൊവേഷൻ സെന്ററിന് കീഴിൽ ഒരു സെമി-ഓട്ടോമേറ്റഡ്പേപ്പർ റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കും. സർവ്വകലാശാലയിലെ വൻ തോതിലുള്ള പേപ്പർ മാലിന്യങ്ങൾ ഈ പ്ലാന്റിലൂടെ ഉപയോഗ പ്രദമായ പേപ്പറുകളായും നിലവാരമുള്ള സ്റ്റേഷനറികളായും, പാക്കേജിംഗ് മെറ്റീരിയലായും മാറ്റുന്ന പദ്ധതിയാണിത്. ഹരിത സംരംഭകത്വത്തിനും, മെറ്റീരിയൽ സയൻസ് ഗവേഷണത്തിനുമുള്ള ഒരു ഇൻകുബേറ്ററായി ഇത് പ്രവർത്തിക്കുകയും ചെയ്യും. സുസ്ഥിര വികസന

ലക്ഷ്യങ്ങൾക്കും (SDGs), തൊഴിൽ പരിശീലനത്തെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യങ്ങൾക്കും പദ്ധതി സഹായകമാകുമെന്ന് കരുതുന്നു. സപ്ലൈ ചെയിൻ, ഗ്രീൻ മാർക്കറ്റിംഗ് എന്നിവ സംബന്ധിച്ച അറിവോടെ ഒരു മൈക്രോ എൻട്രപ്രെനറായി പ്രവർത്തിപ്പിക്കാൻ തല്പരരായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതി സഹായകമാകുമെന്നാണ് പ്രതീക്ഷ. ഇതിനായി സർവ്വകലാശാലയുടെ ട്രാൻസ്ലേഷണൽ റിസർച്ച് & ഇന്നൊവേഷൻ സെന്ററിന് **25 ലക്ഷം രൂപ അനുവദിക്കുന്നു.**

## 11. സർവ്വകലാശാലാ പഠനവകുപ്പുകളിലെ സ്കൂളുകൾ പുനഃക്രമീകരിച്ച് പ്രോഗ്രാമുകൾ പുനഃസംഘടിപ്പിക്കും

കേരള സർവ്വകലാശാല പഠനവകുപ്പുകൾ വ്യത്യസ്ത സ്കൂളുകളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. കാലോചിതമായി അവയെ പുനഃക്രമീകരിച്ച് പ്രോഗ്രാമുകൾ പുനഃസംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്. അതിനാവശ്യമായ അക്കാദമിക വിദഗ്ദ്ധപാനൽ IQAC രൂപീകരിച്ച് സർവ്വകലാശാല സിൻഡിക്കേറ്റിന്റെ അനുമതിയോടെ ആവശ്യമായ നടപടികൾ സ്വീകരിക്കും. ഇതിനായി IQACയ്ക്ക് **10 ലക്ഷം രൂപ അനുവദിക്കുന്നു.**

## 12. അഫിലിയേറ്റഡ് കോളേജുകളിൽ കരിയർ ഡെവലപ്പ്മെന്റ് കൗൺസിലിംഗ് സംഘടിപ്പിക്കും.

വിദ്യാർത്ഥികളിൽ തൊഴിൽമേഖലകളെയും ഉന്നതപഠനാവസരങ്ങളും പരിചയപ്പെടുത്താനുതകുന്ന കരിയർ ഡെവലപ്പ്മെന്റ് കൗൺസിലിംങ്ങുകൾ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലും പഠനവകുപ്പുകളിലും സംഘടിപ്പിക്കും. കേരള യൂണിവേഴ്സിറ്റി എംപ്ലോയിമെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ പദ്ധതി നടപ്പാക്കും. ഇതിനായി **15 ലക്ഷം രൂപ വകയിരുത്തുന്നു.**

## 13. കാര്യവട്ടം കാമ്പസിൽ മാതൃകാ മാലിന്യസംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കും.

സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിലെയും പാളയം കാമ്പസിലെയും മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കാൻ പര്യാപ്തമായ ഒരു മാതൃകാ മാലിന്യസംസ്ക്കരണ പ്ലാന്റ് വിദഗ്ദ്ധ അഭിപ്രായം സ്വീകരിച്ച് കാര്യവട്ടം കാമ്പസിൽ സ്ഥാപിക്കും. ഇതിനായി **ഒരുകോടി രൂപ നീക്കി വയ്ക്കുന്നു.**

## 14. കേരള സർവ്വകലാശാലയുടെ അണ്ടർഗ്രാജുവേറ്റ് സെന്ററിൽ ഡെപ്യൂട്ടേഷനിൽ അദ്ധ്യാപക നിയമനം നടത്തും.

മാതൃകാപരമായി പ്രവർത്തിക്കുന്ന കേരളസർവ്വകലാശാലയുടെ അണ്ടർഗ്രാജുവേറ്റ് സെന്ററിനെ കൂടുതൽ മികച്ച പഠനകേന്ദ്രമാക്കി മാറ്റേണ്ടതുണ്ട്. അതിനുപറ്റുന്ന വിധത്തിൽ പ്രസ്തുത പഠനകേന്ദ്രത്തിന്റെ അക്കാദമിക പ്രവർത്തനങ്ങളെ നേരിട്ട് സഹായിക്കാനായി 15 അസിസ്റ്റന്റ് പ്രൊഫസർമാരെ പ്രസ്തുത സെന്ററിലേക്ക് മാത്രമായി; ഇംഗ്ലീഷ്, മലയാളം, ഹിന്ദി, പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, ഇക്കണോമിക്സ്, മാനേജ്മെന്റ് സ്റ്റഡീസ്, കോമേഴ്സ്, കെമസ്ട്രി, ജിയോളജി, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്, ഫിസിക്സ്, സൈക്കോളജി, സുവോളജി വിഷയങ്ങളിലായി കേരളത്തിലെ സർക്കാർ കോളേജുകളിൽ നിന്ന് ഡെപ്യൂട്ടേഷനിൽ നിയമിക്കും. അതിനാവശ്യമായ 15 തസ്തികകളും പ്രസ്തുത വിഷയങ്ങളിലായി സൃഷ്ടിക്കുന്നതിന് കേരള സർക്കാരിനോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുന്നു. സർക്കാർ അനുമതിക്ക് വിധേയമായിട്ടാകും ഇതു നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ രൂപരേഖ തയ്യാറാക്കി സിൻഡിക്കേറ്റിന്റെ അനുമതിയോടെ നടപടിക്രമങ്ങൾ പാലിച്ച് സർക്കാരിനു സമർപ്പിക്കുന്നതിന് തീരുമാനിക്കുന്നു.

## 15. പോസ്റ്റ്ഗ്രാജുവേഷൻ പ്രോഗ്രാമുകളുടെ ഘടനയും സിലബസും പരിഷ്ക്കരിക്കും.

നാലുവർഷ ബിരുദപ്രോഗ്രാമുകൾ വിജയകരമായി നടത്തിവരുന്ന സാഹചര്യത്തിൽ പോസ്റ്റ്ഗ്രാജുവേഷൻ പ്രോഗ്രാമുകളുടെ ഘടനയും സിലബസും പരിഷ്ക്കരിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ അക്കാദമിക വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ച് രൂപരേഖ സിൻ

ഡിക്കേറ്റിനു സമർപ്പിക്കുന്നതിന് സർവ്വകലാശാലയുടെ IQAC യെ ചുമതലപ്പെടുത്തുന്നു. ഇതിനായി **10 ലക്ഷം അനുവദിക്കുന്നു.**

**16. ഇന്റഗ്രേറ്റഡ് ബി.എഡ് പ്രോഗ്രാമുകൾ സർവകലാശാലയിൽ നടപ്പാക്കും.**

എൻ.സി.റ്റി.ഇ വിഭാവനചെയ്യുന്ന ഇന്റഗ്രേറ്റഡ് ബി.എഡ്. പ്രോഗ്രാമുകൾ നടപ്പാക്കുന്നതിന് ആവശ്യമായ രൂപരേഖ സമർപ്പിക്കുന്നതിന് വിഷയ വിദഗ്ദ്ധരുടെ ശില്പശാല സംഘടിപ്പിക്കും. രൂപരേഖ സിൻഡിക്കേറ്റ് പരിശോധിച്ച് ബന്ധപ്പെട്ടവരുമായും ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിച്ച് പ്രോഗ്രാമുകൾ തുടങ്ങും. ഇതിനായി IQAC യെ ചുമതലപ്പെടുത്തുന്നു. പ്രസ്തുത ആവശ്യത്തിനായി **5 ലക്ഷം രൂപ അനുവദിക്കുന്നു.**

**17. പഠനവകുപ്പുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് സഹായം നല്കും.**

സർവ്വകലാശാലയുടെ പഠന-ഗവേഷണ വകുപ്പുകളുടെ സൗകര്യവികസനത്തിന് ഓരോ പഠനവകുപ്പിനും **4 ലക്ഷം രൂപ വീതം അനുവദിക്കുന്നു.**

**18. കാര്യവട്ടം കാമ്പസിൽ ഹെൽത്ത് സെന്റർ പുതുതായി നിർമ്മിക്കും; പ്രവർത്തനം ക്രമീകരിക്കും.**

നൂറുകണക്കിന് വിദ്യാർത്ഥികൾ താമസിച്ച് പഠിക്കുന്ന സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിന്റെ ആവശ്യങ്ങൾക്ക് ഉപകരിക്കുന്ന ഹോസ്പിറ്റൽ സംവിധാനം ഒരുക്കേണ്ടതുണ്ട്. ഇപ്പോഴുള്ള സൗകര്യം ആവശ്യങ്ങൾക്ക് പര്യാപ്തമല്ല. ഈ സാഹചര്യത്തിൽ കാമ്പസിൽ ഒരു പുതിയ ഹെൽത്ത് സെന്റർ അടിയന്തിരമായി നിർമ്മിക്കും. 24 മണിക്കൂറും സേവനം ലഭ്യമാകുന്ന വിധത്തിൽ ഡോക്ടറുടേയും നഴ്സുമാരുടേയും എണ്ണം വർദ്ധിപ്പിച്ച് ഹോസ്പിറ്റൽ സേവനം ക്രമീകരിക്കാൻ സിൻഡിക്കേറ്റിനെ ചുമതലപ്പെടുത്തുന്നു. ടെക്നോപാർക്കിലെ താല്പര്യമുള്ള കമ്പനികൾക്കുകൂടി എഗ്രിമെന്റ് വ്യവസ്ഥയിൽ ഹോസ്പിറ്റൽ

സേവനം ലഭ്യമാക്കാനുള്ള സാധ്യതയും പരിശോധിക്കും. ഹെൽത്ത് സെന്റർ നിർമ്മാണത്തിനായി **1 കോടി രൂപ നീക്കി വയ്ക്കുന്നു.**

### 19. കാര്യവട്ടം കാമ്പസിനായി രണ്ടു ബഗ്ഗിയും ഒരു ആംബുലൻസും പുതുതായി വാങ്ങും.

സർവ്വകലാശാലയുടെ അക്കാദമിക കേന്ദ്രമാണ് കാര്യവട്ടം കാമ്പസ്. പഠനഗവേഷണത്തിനായി ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് കാമ്പസിലെത്തുന്നത്. ഓരോ പഠനവകുപ്പും പ്രവേശന കവാടത്തിന് വളരെ ദൂരെയാണ് സ്ഥിതിചെയ്യുന്നത്. വിദ്യാർത്ഥികൾക്ക് പഠനവകുപ്പിലേക്ക് എത്തുന്നതിനായി നിലവിൽ രണ്ട് ബഗ്ഗികളാണുള്ളത്. അതു പര്യാപതമല്ലാത്ത സാഹചര്യത്തിൽ രണ്ട് ബഗ്ഗികൾകൂടി പുതുതായി വാങ്ങും. അതോടൊപ്പം ഹെൽത്ത് സെന്റർ ആവശ്യത്തിനായി ഒരു ആംബുലൻസും വാങ്ങും. ഇതിനായി സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിലെ പി.ടി.എ ഫണ്ട് കൂടി ഉപയോഗിക്കാനാകുമോ എന്നു പരിശോധിക്കും. പ്രസ്തുത ആവശ്യങ്ങൾക്കായി **25 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

### 20. കേരളത്തിന്റെ നവോത്ഥാന സാംസ്കാരികചരിത്രം രേഖപ്പെടുത്തുന്ന പദ്ധതിയ്ക്കായി അയ്യാവൈകുണ്ഡസ്വാമി പഠന ഗവേഷണ കേന്ദ്രത്തിന് സഹായം

കേരളത്തിന്റെ നവോത്ഥാന സാംസ്കാരികചരിത്രം അക്കാദമികമായി രേഖപ്പെടുത്തേണ്ടത് നാം പിന്നിട്ട കാലഘട്ടത്തെയും ചരിത്രത്തെയും അടുത്തറിയാനുള്ള വൈജ്ഞാനിക പ്രവർത്തനമാണ്. കേരളത്തിന്റെ നവോത്ഥാന നായകനായ അയ്യാ വൈകുണ്ഠ സ്വാമിയുടെ പേരിൽ സർവ്വകലാശാലയിൽ പ്രവർത്തനമാരംഭിച്ച പഠന ഗവേഷണ കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ്, ഇത്തരത്തിലൊരു ചരിത്രത്തെ അക്കാദമികമായി രേഖപ്പെടുത്തി പ്രസിദ്ധീകരിക്കുകയെന്നത്. തലമുറകൾക്ക് പ്രയോജനകരമായ വിധത്തിൽ കേരളത്തിന്റെ നവോത്ഥാന സാംസ്കാരിക

ചരിത്രം രേഖപ്പെടുത്തുന്നതിനായി അയ്യാവൈകുണ്ഠസ്വാമി അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രത്തിന് **30 ലക്ഷം രൂപ അനുവദിക്കുന്നു.**

## 21. ഭാരതപ്പുഴ പഠന പദ്ധതിയ്ക്ക് അനുമതി നല്കും.

കേരളത്തിന്റെ തദ്ദേശീയമായ അറിവുകളിൽ ഗവേഷണം നടത്തി വസ്തുതകൾ ശേഖരിക്കുകയും വേർതിരിക്കുകയും പഠിക്കുകയും ചെയ്ത് ഡോക്യുമെന്റ് ചെയ്യേണ്ടത് സർവകലാശാലയുടെ അക്കാദമികമായ ഉത്തരവാദിത്തമാണ്. പുഴയറിവ്, കടലറിവ്, മണ്ണറിവ്, പാറയറിവ്, മരമറിവ് എന്നിങ്ങനെ ശാസ്ത്രീയവും സാംസ്കാരികവും പാരിസ്ഥിതികവുമായ ഉൾക്കാഴ്ചയോടെയുള്ള പഠനമാണ് വേണ്ടത്. കേരളത്തിന്റെ ജ്ഞാനവ്യവസ്ഥയെയും സാംസ്കാരിക പരിസ്ഥിതി (cultural ecology) യേയും അക്കാദമികമായി രേഖപ്പെടുത്തുന്ന പഠന ഗവേഷണപദ്ധതിയാണിത്. ഇതിന്റെ ആദ്യഭാഗമായി കേരളത്തിന്റെ അഭിമാന നദിയായ ഭാരതപ്പുഴയുടെ ചരിത്രവും സംസ്കാരവും വർത്തമാനസ്ഥിതിയും ശാസ്ത്രീയവും അന്തർവൈജ്ഞാനികവുമായ ഉൾക്കാഴ്ചയോടെ പഠിക്കുകയും രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യും. മലയാളം, കേരളപഠനം, ആർക്കിയോളജി എന്നീ പഠന വകുപ്പുകളുടെ സഹകരണത്തോടെ നടത്തുന്ന ഭാരതപ്പുഴ പഠനപദ്ധതിക്കായി ജിയോളജി പഠന വകുപ്പിന് **50 ലക്ഷം രൂപ വകയിരുത്തുന്നു.**

## 22. മൺമറഞ്ഞ സാഹിത്യ നായകരെക്കുറിച്ച് സർവകലാശാലയിലെ പബ്ലിക്കേഷൻ വിഭാഗം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കും.

സർവകലാശാലയിലെ പ്രകാശന വിഭാഗത്തിന്റെ അഭിമാന പദ്ധതികളിലൊന്നാണ് മൺമറഞ്ഞ സാഹിത്യ നായകരെക്കുറിച്ചുള്ള പുസ്തകങ്ങൾ. ഒരു എഴുത്തുകാരിയെ അല്ലെങ്കിൽ എഴുത്തുകാരനെ ജീവചരിത്ര പശ്ചാത്തലത്തിൽ അക്കാദമികമായി ഡോക്യുമെന്റ് ചെയ്യുകയെന്നത് പ്രധാനമാണ്. അതിനു പര്യാപ്തമായ പദ്ധതിയ്ക്ക് പ്രകാശന വിഭാഗത്തിന് അനുമതി നല്കുന്നു. ഇതു

വരെ സർവകലാശാല പ്രസിദ്ധീകരിച്ചിട്ടില്ലാത്ത മൺമറഞ്ഞ സാഹിത്യ നായകരുടെ ജീവിതരേഖാചിത്രം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന് **15 ലക്ഷം രൂപ വകയിരുത്തുന്നു.**

**23. 'നീതിയുക്തമായ ക്യാമ്പസ്; നവകേരളം യുവകേരളം' പദ്ധതി നടപ്പാക്കും.**

നീതിപൂർവമായി ജീവിക്കുന്ന പ്രതിജ്ഞാബദ്ധതയുള്ള യുവത നവകേരളത്തിന്റെ മുന്നോട്ടുപോക്കിന് അത്യന്താപേക്ഷിത മാണ്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ യുവതലമുറയെ വാർ ത്തെടുക്കുന്നതിൽ എന്നും കേരളസർവകലാശാല കർമ്മനിരത മാണ്. അത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ശക്തി പ്പെടുത്തുന്നതിനും സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെയും കാര്യവട്ടം ക്യാമ്പസിലേയും വിദ്യാർഥികൾ ക്കായി "നീതിയുക്തമായ ക്യാമ്പസ് - നവകേരളം യുവകേരളം" പദ്ധതിയുടെ ഭാഗമായി സെമിനാറുകളും ശില്പശാലകളും ഉൾപ്പെടെ വിവിധ പരിപാടികൾ സംഘടിപ്പിക്കും. ഇതിന് കേരള സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ട ർനേറ്റിവ് ഇക്കണോമിക്സിനെയും (IUCAE) ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസ്സിനെയും ചുമതലപ്പെടുത്തുന്നു. ഇതിലേക്കായി **ഇരുപതു ലക്ഷം രൂപ നീക്കി വയ്ക്കുന്നു.**

**24. കാര്യവട്ടം കാമ്പസിലെ പഠന-ഗവേഷണ വകുപ്പുകൾ സൗകര്യപ്രദമായി ക്രമീകരിക്കും.**

കേരള സർക്കാർ കിഫ്ബി പദ്ധതിയിലൂടെ കാര്യവട്ടം കാമ്പസിൽ നിർമ്മാണം പൂർത്തീകരിച്ച അക്കാദമിക്ക് ബ്ലോക്കിന്റെ കൂടി സൗകര്യം പ്രയോജനപ്പെടുത്തി, സ്ഥലസൗകര്യങ്ങളിൽ ബുദ്ധിമുട്ടുന്ന പഠന-ഗവേഷണവകുപ്പുകൾ ക്രമീകരിക്കും. ഇതി നായി **25 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

**25. സർവ്വകലാശാലയുടെ അക്രം സ്റ്റെം സെന്ററിലെ (AcREM-STEM) പോളി സിസ്റ്റിക്ക് ഓവേറിയൻ സിൻഡ്രോം സംബന്ധിച്ച പഠനപദ്ധതിയ്ക്ക് സഹായം നല്കും.**

പോളി സിസ്റ്റിക്ക് ഓവേറിയൻ സിൻഡ്രോം (PCOS) കേരളത്തിലെ സ്ത്രീകളിൽ വ്യാപകമാകുന്ന സാഹചര്യത്തിൽ അതിനു കാരണമാകാവുന്ന ജൈവ, മെറ്റാബോളിക്ക്, പരിസ്ഥിതിഘടകങ്ങൾ, ജീവിതശൈലി എന്നിവ സംബന്ധിച്ച് ശാസ്ത്രീയമായ അന്വേഷണപരിശോധനകൾ നടത്തുന്നതിനും പ്രതിരോധം, നിയന്ത്രണം എന്നിവ എപ്രകാരം ഫലപ്രദമാകുമെന്ന് പരിശോധിക്കാനുമുള്ള ഒരു പഠന പദ്ധതി സർവ്വകലാശാലയുടെ Advanced Centre for Regenerative Medicine and Stem Cell Research (AcREM-STEM) വിഭാവന ചെയ്തിട്ടുണ്ട്. പ്രസ്തുതപഠനത്തിനും ആവശ്യമായ ലബോറട്ടറി സംവിധാനത്തിനുമായി **15 ലക്ഷം രൂപ അനുവദിക്കുന്നു.**

## 26. വയോജനങ്ങളുടെ പോഷകാഹാര ക്രമത്തിലും ആരോഗ്യ പരിപാലനത്തിലും സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങും.

വയോജനങ്ങളുടെ ആരോഗ്യപരിപാലനവും പോഷകാഹാര ക്രമങ്ങളും സംബന്ധിച്ച് ശാസ്ത്രീയമായ വിജ്ഞാനങ്ങളും പരിരക്ഷയും അനിവാര്യമാകുന്ന സാമൂഹിക സാഹചര്യമാണ് ഇന്നുള്ളത്. ഇതുലക്ഷ്യമാക്കുന്ന ഒട്ടേറെ സ്ഥാപനങ്ങളുണ്ടെങ്കിലും ശാസ്ത്രീയമായ അറിവുള്ള പരിപാലകർ അപൂർവ്വമാണ്. ഈ കുറവു പരിഹരിക്കാനുള്ള ഉദ്യമത്തിന്റെ ഭാഗമായാണ് ഒരു Short-term Certificate Course in Elderly Nutrition and Diet Planning for Healthy Longevity (6 Months) രൂപപ്പെടുത്തിയിട്ടുള്ളത്. സർവ്വകലാശാലയുടെ Advanced Centre for Regenerative Medicine and Stem Cell Research (AcREM-STEM) ആണ് കോഴ്സ് സംഘടിപ്പിക്കുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി **4 ലക്ഷം രൂപ അനുവദിക്കുന്നു.**

## 27. ചർമ്മാരോഗ്യത്തെ പരിസ്ഥിതി സമ്പർക്കം എങ്ങനെ ബാധിക്കുന്നുവെന്ന ശാസ്ത്രീയ പഠന-ഗവേഷണത്തിന് സഹായം നല്കും.

പരിസ്ഥിതിയുടെ വിവിധ ഘടകങ്ങളും, പലതരം മാറ്റങ്ങളും പരിസ്ഥിതിയിലെ രാസവസ്തുക്കളും ചർമ്മാരോഗ്യത്തേയും

വാർദ്ധക്യപ്രക്രിയയെയും എങ്ങനെ ബാധിക്കുന്നുവെന്നും, ചർമ്മ സംരക്ഷണം എങ്ങനെ ഉറപ്പാക്കാനാകുമെന്ന പഠന-ഗവേഷണ പദ്ധതി സർവ്വകലാശാലയുടെ Advanced Centre for Regenerative Medicine and Stem Cell Research (AcREM-STEM) ൽ തയ്യാറാക്കിയിട്ടുണ്ട്. ശ്രദ്ധേയമായ ഈ ശാസ്ത്രീയ പഠനാന്വേഷണത്തിനായി **6 ലക്ഷം രൂപ അനുവദിക്കുന്നു.**

## 28. ഹെയർ ഫോളിക്കിൾസ്റ്റംസെൽ - എക്സോസോം സംയുക്ത ചികിത്സാ പഠന ഗവേഷണം പ്രോത്സാഹിപ്പിക്കും.

സർവ്വകലാശാലയുടെ സുവോളജി പഠന ഗവേഷണ വകുപ്പിൽ മുടിയുടെ ആരോഗ്യവും വളർച്ചയും ലക്ഷ്യമിട്ട് പുനരുജ്ജീവന ശാസ്ത്രസമീപനം ഉപയോഗിച്ച് ഹെയർ ഫോളിക്കിൾ സ്റ്റെംസെൽ - എക്സോസോം സംയുക്ത ചികിത്സാ പഠന ഗവേഷണപദ്ധതി നടന്നുവരുന്നുണ്ട്. സ്റ്റെംസെല്ലുകളുടെ കൃത്യമായ തിരിച്ചറിയലുകൾ സാധ്യമാക്കാനും ഫീനോടൈപ്പിക്ക് വിശകലനത്തിനും എക്സോസോം കോശപ്രതികരണങ്ങളുടെ ശാസ്ത്രീയാനേഷണത്തിനും പര്യാപ്തമായ ഫ്ളോ സൈറ്റോമീറ്ററും അനുബന്ധ ഉപകരണങ്ങളും ഈ ഗവേഷണത്തിന് ആവശ്യമുണ്ട്. ഇതിനായി സുവോളജി പഠന-ഗവേഷണവകുപ്പിന് **25 ലക്ഷം രൂപ അനുവദിക്കുന്നു**.

## 29. കാര്യവട്ടം കാമ്പസിലെ ക്ലിഫിൽ കമ്പ്യൂട്ടിംങ്ങ് ഫെസിലിറ്റി നവീകരിക്കും.

കേരള സർവ്വകലാശാലയുടെ 'ക്ലിഫ്' എന്നറിയപ്പെടുന്ന അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ലബോട്ടറി കേരള സർക്കാർ ധനസഹായത്തോടെ സ്ഥാപിച്ചതാണ്. ഉന്നതഗവേഷണാന്വേഷണങ്ങൾക്ക്, ഏതു ഗവേഷകർക്കും ഉപയോഗിക്കാനാകുന്ന തരത്തിലാണ് പ്രസ്തുത ലബോറട്ടറിയുടെ പ്രവർത്തനം ക്രമപ്പെടുത്തിയിട്ടുള്ളത്. വലിയൊരു കമ്പ്യൂട്ടർ ലാബാണ് ക്ലിഫിലുള്ളത്. കാമ്പസിന്റെ പൊതു ആവശ്യങ്ങൾക്ക് അത് ഏറെ സഹായകര

മാണ്. ക്ലിഫിന്റെ കമ്പ്യൂട്ടിംങ്ങ് സംവിധാനങ്ങൾ നവീകരിക്കാനായി **30 ലക്ഷം രൂപ വകയിരുത്തുന്നു.**

### 30. ക്ലിഫിലെ അടിസ്ഥാന സൗകര്യം കൂടുതൽ വികസിപ്പിക്കും.

സർവ്വകലാശാലയുടെ അഭിമാനസ്ഥാപനമായ 'ക്ലിഫ്', നൂറു കണക്കിന് ഗവേഷകർക്ക് താങ്ങും തണലുമാണ്. പ്രസ്തുത ലബോറട്ടറി സമുച്ചയത്തിലെ സെമിനാർ ഹാളുകളും അനുബന്ധ സൗകര്യങ്ങളും കൂടുതൽ മെച്ചപ്പെടുത്തും. ഇതിനായി **40 ലക്ഷം രൂപ നീക്കിവയ്ക്കുന്നു**.

### 31. ഫിസിക്സ് പഠന-ഗവേഷണ വകുപ്പിന്റെ ലബോറട്ടറി നവീകരണത്തിന് സഹായം നല്കും.

കേരള സർവ്വകലാശാലയുടെ ഫിസിക്സ് പഠനവകുപ്പ് ശ്രദ്ധേയമായ ഗവേഷണകേന്ദ്രമാണ്. ഒട്ടേറെ ഗവേഷണ സംഭാവനകളും റിസർച്ച് പേപ്പറുകളും പ്രസ്തുതവകുപ്പിൽ നിന്നുണ്ടായിട്ടുണ്ട്. കാലപ്പഴക്കം കൊണ്ട് ലബോറട്ടറി സംവിധാനങ്ങൾ ക്രിയാത്മകമായി ഉപയോഗിക്കാനാകുന്നില്ലെന്ന പരാതി പരിഹരിക്കേണ്ടത് അത്യാവശ്യമാണ്. ഫിസിക്സ് പഠന-ഗവേഷണ വകുപ്പിന്റെ ലബോറട്ടറി നവീകരണത്തിനായി **25 ലക്ഷം രൂപ അനുവദിക്കുന്നു.**

### 32. A I സേവനം ഉപയോഗിച്ച് ഉയർന്ന കാര്യക്ഷമതയുള്ള സ്മാർട്ട് ആന്റിനകൾ രൂപകല്പനചെയ്യും.

വയർലെസ് കമ്മ്യൂണിക്കേഷൻ സിസ്റ്റത്തിന്റെ അതിവേഗ വളർച്ച ഉയർന്ന കാര്യക്ഷമതയുള്ള, സൗകര്യപ്രദമായി ഉപയോഗിക്കാനാകുന്ന ആന്റിനകളുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. 5G/6G, IoT സ്മാർട്ട് (ഉയർന്ന ഗെയിൻ, വൈഡ് ബാൻഡ് വിഡ്ത്ത്, കുറഞ്ഞ റിട്ടേൺ ലോസ്സ്) ആന്റിനകൾ AI സഹായത്തോടെ രൂപകല്പനചെയ്യാനുള്ള ഗവേഷണപദ്ധതിയാണിത്. നിലവിലുള്ള ആന്റിനഡിസൈനുകളുടെ ഡേറ്റാസെറ്റ് ശേഖരിച്ച് സിമിലേഷൻ ടൂളുകൾ ഉപയോഗിച്ച് ട്രെയിനിംങ്ങ് ഡാറ്റ ഒരുക്കി, AI വഴി ഓപ്റ്റിമൈസ്ഡ് ആന്റിന ഡിസൈൻ ഫാബ്രിക്കേറ്റു ചെയ്ത് മൂല്ല്യ

നിർണ്ണയം നടത്തിയാണ് ഈ പദ്ധതി മുന്നോട്ട് പോകുന്നത്. **ഇതിനായി 6 ലക്ഷം രൂപ അനുവദിക്കും**

### 33. ഫ്ളെക്സിബിളും ട്രാൻസ്പെരന്റുമായ ടെറാഹെഡ്സ് (THz) EMI ഷീൽഡിംങ് മെറ്റീരിയലുകളുടെ ഗവേഷണ ത്തിനും വികസനത്തിനും സർവ്വകലാശാലയുടെ ഫിസിക്സ് ഗവേഷണവിഭാഗത്തിന് സഹായം നല്കും.

ആധുനിക നാനോമെറ്റീരിയലുകൾ ഉപയോഗിച്ച് പോളിമർ അധിഷ്ഠിത ഫെ്ളക്സിബിൾ സബ്സ്ട്രേറ്റുകളിൽ ഉയർന്ന ട്രാൻസ് പെരൻസിയും ദൃഢതയും കൈവരിക്കുന്ന THzEMI ഷീൽഡിംങ് മെറ്റീരിയലുകളുടെ വികസനം ലക്ഷ്യമിടുന്ന ഗവേഷണപദ്ധതിയാ ണിത്. ഫിസിക്സ് വകുപ്പിൽ നടത്തുന്ന പ്രസ്തുത പഠനാന്വേഷ ണത്തിനായി **6 ലക്ഷം രൂപ അനുവദിക്കുന്നു**. ടെറാഹെഡ്സ് സാങ്കേതിക വിദ്യകൾ സംബന്ധിച്ച അക്കാദമിക ഗവേഷണകേന്ദ്ര മായി കേരളസർവ്വകലാശാലയെ മാറ്റാൻ ഉതകുന്ന പദ്ധതിയാണി തെന്ന് കരുതുന്നു.

### 34. കാര്യവട്ടം കാമ്പസിലേയും പാളയം കാമ്പസിലേയും റോഡുകളും ഫുഡ്പാത്തുകളും നവീകരിക്കും.

സർവ്വകലാശാലയുടെ പാളയം സെനറ്റ് ഹൗസ് കാമ്പസി ലേയും, കാര്യവട്ടം കാമ്പസിലേയും റോഡുകൾ പുതുക്കി പണിയു കയും ഫുഡ്പാത്തുകൾ നവീകരിക്കുകയും ചെയ്യും. ഇതിനായി **1 കോടി രൂപ നീക്കിവയ്ക്കുന്നു.**

### 35. സെനറ്റ് ഹാൾ കാലോചിതമായി നവീകരിക്കും.

കേരള സർവ്വകലാശാലയുടെ സെനറ്റ് ഹാളിന്റെ പ്രൗഢി നഷ്ടപ്പെടാതെ, ആധുനിക സംവിധാനങ്ങളും കാര്യവട്ടം ഇ.എം. എസ് ഹാളിലെ പോലെ സീറ്റുകളും, സൗകര്യങ്ങളും സൃഷ്ടിച്ച് മികച്ച ഹാളാക്കിമാറ്റും. തിരുവനന്തപുരം സി.ഇ.റ്റി.യുടേയും ആർക്കിടെക്റ്റിന്റേയും സേവനം ഇതിനായി ഉപയോഗിക്കും. **1 കോടി രൂപ ഇതിനായി വകയിരുത്തുന്നു.** വിവിധ സ്ഥാപനങ്ങ ളുടെ സി.എസ്.ആർ ഫണ്ടിന്റെ സാധ്യതകളും ഇതിനായി ഉപയോ ഗിക്കും.

**36. കേരള സർവകലാശാല പഠനഗവേഷണ കേന്ദ്രം കൊല്ലത്ത് സ്ഥാപിക്കും.**

പഠനഗവേഷണത്തിനും, സർവകലാശാലയുടെ ഇതര സേവന സൗകര്യങ്ങളും കൊല്ലത്ത് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കേരളസർവ്വകലാശാലയുടെ ഒരു പഠനഗവേഷണ കേന്ദ്രം തുടങ്ങുമെന്ന് മുൻ ബജറ്റ് പ്രഖ്യാപനം സൗകര്യപ്രദമായ സ്ഥലം ലഭ്യമാക്കാത്തതിന്റെ ഭാഗമായി നടപ്പിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ ധനകാര്യ-ഉന്നത വിദ്യാഭ്യാസ-റവന്യു മന്ത്രിമാർ വിവിധ ഡിപ്പാർട്ട്മെന്റുകളുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പഠനഗവേണഷകേന്ദ്രം സ്ഥാപിക്കുന്നതിനായി **1 കോടി രൂപ നീക്കിവെക്കുന്നു.**

**37. രാജ്നാരായണൻ മെമ്മോറിയൽ ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിക്കും.**

സർവകലാശാല ജോയിന്റ് രജിസ്ട്രാർ ആയിരിക്കേ മരണമടഞ്ഞ ശ്രീ രാജ് നാരായണന്റെ സ്മരണാർത്ഥം എല്ലാ വർഷവും കാര്യവട്ടം കാമ്പസിൽ ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിക്കും. ഇതിന്റെ നടത്തിപ്പിനായി **60,000/- രൂപ നീക്കിവെക്കുന്നു.**

**38. ജീവനിക്ക് സഹായം നൽകും.**

കേരള സർവകലാശാല ജീവനക്കാരുടെ പരിസ്ഥിതി കൂട്ടായ്മയാണ് 'ജീവനി'. പരിസ്ഥിതി സംരക്ഷണം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ ഒട്ടനവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു ഇതിൽ ജീവനക്കാരുടെ പങ്കാളിത്തവും, സഹകരണവും ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ജൈവമാലിന്യ സംസ്കരണത്തിനുവേണ്ടി പാളയം ക്യാമ്പസ്സിൽ ജീവനിയുടെ നേതൃത്വത്തിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് മാതൃകാപരമാണ്. വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, ബയോഗ്യാസ് പ്ലാന്റിന്റെ വാർഷിക പരിപാലനത്തിനും **രണ്ടര ലക്ഷം രൂപ അനുവദിക്കുന്നു.**

**39. കേരള സർവകലാശാലയിൽ മലയാളി പ്രവാസി പഠന കേന്ദ്രം സ്ഥാപിക്കും.**

40 ലക്ഷത്തിലേറെ മലയാളികൾ മധ്യപൂർവേഷ്യൻ രാജ്യങ്ങൾ യൂറോപ്പ്, അമേരിക്ക, ആസ്ട്രേലിയ, ആഫ്രിക്ക എന്നിവിടങ്ങളിലായി ജീവിക്കുന്നു. ആഭ്യന്തര പ്രവാസികളായി ഇരുപത് ലക്ഷത്തോളം പേർ ഡൽഹി, മുംബൈ, പൂന, ഗോവ, ബാംഗ്ലൂർ, ഹൈദരബാദ്, ചെന്നൈ എന്നിവിടങ്ങളിലും ജീവിക്കുന്നു. ഇവരുടെ ചരിത്രവും. സാംസ്കാരികവും രാഷ്ട്രീയപരവുമായ ഇടപെടലുകൾ, നിത്യ ജീവിതത്തിന്റെ സൗന്ദര്യശാസ്ത്രം എന്നിവ മനസിലാക്കാനും, അവരുടെ സാഹിത്യകൃതികൾ സംരക്ഷിക്കുന്നതിനും, വീണ്ടെടുക്കുന്നതിനും ശ്രമിക്കേണ്ടതുണ്ട്. കൂടാതെ സ്ത്രീപ്രവാസികളുടെ ജീവിതം, രണ്ടാം തലമുറ പ്രവാസികളിൽ മലയാള ഭാഷനേരിടുന്ന വെല്ലുവിളികൾ, പ്രവാസികൾ കേരളത്തെയും, മലയാളി സംസ്കാരത്തെയും തങ്ങളുടെ ജീവിത ശൈലിയിൽ പുനഃസൃഷ്ടിക്കാൻ നടത്തുന്ന ശ്രമങ്ങൾ എന്നിവയും പ്രവാസസാഹിത്യവും ഈ പഠന കേന്ദ്രത്തിന്റെ പ്രവർത്തന പരിധിയിൽ വരും. കേരളസർവകലാശാലയിൽ ആദ്യമായി ആരംഭിക്കുന്ന ഈ പഠനകേന്ദ്രത്തിനായി **5 ലക്ഷം രൂപ വകയിരുത്തുന്നു.**

**40. "ഒപ്പം": സെന്റർ ഫോർ കമ്മ്യൂണിറ്റി എംപവർമെന്റ് ആന്റ് സ്കിൽ റീ-എഞ്ചിനിയറിംങ് (CCESR) സ്ഥാപിക്കും.**

ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്ത്, വ്യക്തിഗത വളർച്ചയ്ക്കും സുസ്ഥിരമായ സാമൂഹിക വികസനത്തിനും നൈപുണികൾ (Skills) നേടിയെടുക്കുക എന്നത് അത്യന്താപേക്ഷിതമാണ്. പാർശ്വവൽക്കരിക്കപ്പെട്ട മേഖലകളിൽ വ്യക്തികളെ ശാക്തീകരിക്കുന്നതിൽ കമ്മ്യൂണിറ്റി അധീഷ്ഠിത നൈപുണ്യ വികസന പരിപാടികൾ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. കമ്മ്യൂണിറ്റി അധിഷ്ഠിത നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം, അതിന്റെ ഗുണങ്ങൾ, നേരിടുന്ന വെല്ലുവിളികൾ, വ്യക്തികളിലും സമൂഹത്തിലും അത് ഉണ്ടാക്കുന്ന മാറ്റങ്ങൾ പഠനവി

ധേയമാക്കുക പുതിയ കാലത്തിന്റെ ആവശ്യമാണ്. പ്രദേശിക സമൂഹങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ച് രൂപകൽപ്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്ന വിദ്യഭ്യാസ പരിശീലന പരിപാടികളാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. വ്യക്തികളെ ശാക്തീകരിക്കുന്നതിലൂടെ ഇത്തരം പദ്ധതികൾ സമൂഹത്തിന്റെ മൊത്തത്തിലുള്ള വളർച്ചക്കും പുരോഗതിക്കും വഴിതെളിക്കും. കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ സഹായങ്ങൾകൂടി ഈ പദ്ധതിക്ക് ലഭിക്കുമ്പോൾ ഈ സെന്റർ സ്വയം പര്യാപ്തതയിലേക്ക് ഭാവിയിൽ എത്തിക്കാൻ കഴിയും. നിലവിലെ 'ഒപ്പം' പദ്ധതിയുടെ കോ-ഓർഡിനേറ്ററായ സോഷ്യോളജി പ്രൊഫസർ ഡോ. സന്ധ്യ ആർ. എസ്. ഈ സെന്ററിന്റെ ഡയറക്ടറായി പ്രവർത്തിച്ച് 'ഒപ്പം' പദ്ധതി ഈ സെന്ററിനോടപ്പം തുടരും. 'ഒപ്പം' പദ്ധതിയുടെ തുടർച്ചയ്ക്കും, സെന്റർ സ്ഥാപിക്കുന്നതിനുമായി **10 ലക്ഷം രൂപ അനുവദിക്കുന്നു.**

## 41. കാര്യവട്ടത്ത് വാക്കിംഗ് പാത്തും ഓപ്പൺജിമ്മും സ്ഥാപിക്കും.

കാര്യവട്ടം ക്യാമ്പസിലെ താമസക്കാരായ ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും ശാരീരിക-മാനസിക ആരോഗ്യവും, സാമൂഹിക കൂട്ടായ്മയും മെച്ചപ്പെടുത്തുന്നതിനായി ഒരു വാക്കിംഗ് പാത്തും ഓപ്പൺ ജിമ്മും (Walking Path and Open Gym) സ്ഥാപിക്കും. വിവിധ പ്രായത്തിലുള്ളവർക്കായി ഔട്ട്ഡോർഫിറ്റ്നസ് ഉപകരണങ്ങൾ, കുട്ടികൾക്കായുള്ള പാർക്ക്, വിശ്രമ സൗകര്യങ്ങൾ, ലൈറ്റിംഗ് എന്നിവയുൾപ്പെടെയുള്ള ആധുനികമായ ഒരു ആരോഗ്യ സംരക്ഷണ-വിനോദ മേഖലയാണ് വിഭാവനം ചെയ്യുന്നത്. ക്യാമ്പസ് നിവാസികൾക്കിടയിൽ വ്യായാമ ശീലം പ്രോത്സാഹിപ്പിക്കുന്നതിനും, സമ്മർദ്ദ രഹിതമായ ഒരു ജീവിത ശൈലി വളർത്തുന്നതിനും ഈ പദ്ധതി സഹായിക്കും. ഇതിനായി **6 ലക്ഷം രൂപ വകയിരുത്തും.**

## 42. ഭരണഘടനയ്ക്കൊപ്പം പദ്ധതി തുടരും.

ഇന്ത്യൻ സമൂഹത്തിന്റെ വൈവിധ്യവും വൈജാത്യവും തിരിച്ചറിഞ്ഞ് എല്ലാ വിഭാഗം ജനങ്ങൾക്കും നീതിയും തുല്യാവകശാ

ങ്ങളും ലഭിക്കുന്നതിനും, അതുവഴി ജനാധിപത്യത്തിന്റെയും, മത നിരപേക്ഷതയുടെയും, മാനവ സാഹോദര്യത്തിന്റെയും പുതിയ തുറസ്സുകളിലേക്ക് പരിവർത്തിപ്പിക്കുന്നതിന് ലക്ഷ്യം വെച്ച് രൂപ പ്പെടുത്തപ്പെട്ട ഒന്നാണ് ഇന്ത്യൻ ഭരണഘടന. ഭരണഘടന മൂല്യ ങ്ങൾ പരസ്യമായി വെല്ലുവിളിക്കപ്പെടുന്ന വർത്തമാനകാലത്ത്, ഇന്ത്യൻ ഭരണഘടനയെ ചേർത്ത് പിടിക്കേണ്ടത് നമ്മുടെ കടമയായി മാറുകയാണ്. അതിനാവശ്യമായ പദ്ധതിയാണ് ഭരണഘടന യ്ക്കൊപ്പം ചരിത്ര വകുപ്പും, ഡോ. ബി. ആർ. അംബേദ്ക്കർ ചെയറും ചേർന്ന് പദ്ധതി നടപ്പിലാക്കും. ഇതിനായി **4 ലക്ഷം രൂപ മാറ്റി വയ്ക്കുന്നു.**

## 43. അന്തർ സർവ്വകലാശാല കായിക മത്സരങ്ങൾക്ക് വേദിയൊരുക്കും.

കേരള സർവ്വകലാശാല കായിക രംഗത്ത് കൂടുതൽ ദേശീയ ശ്രദ്ധയിലേക്ക് എത്തുകയെന്ന ലക്ഷ്യം വെച്ച് അന്തർ സർവ്വകലാ ശാല മത്സരങ്ങൾക്ക് വേദിയൊരുക്കും. ഇതിനായി **20 ലക്ഷം രൂപ അനുവദിക്കുന്നു.**

## 44. ഗ്രീൻ കാമ്പസുകൾക്ക് പുരസ്കാരം നൽകും.

പരിസ്ഥിതി സൗഹൃദവും, സുസ്ഥിരവുമായ പ്രവർത്തന രീതികൾ പിന്തുടരുന്ന കാമ്പസുകളേയാണ് ഗ്രീൻ കാമ്പസുകളായി തെരഞ്ഞെടുക്കുന്നത്. ഊർജസംരക്ഷണം, ജലമാനേജ്മെന്റ്, മാലി ന്യസംസ്കരണം, ഹരിതാന്തരീക്ഷം, സുസ്ഥിരഗതാഗതം തുടങ്ങിയ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങളാണ് അവാർഡിന് മാനദണ്ഡ മാക്കുന്നത്. സർവ്വകലാശാലയുടെ കീഴിലുള്ള അഫിലി യേറ്റഡ് കോളേജുകളിലേയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളി ലേയും കാമ്പസുകളിൽ പരിസ്ഥിതി സൗഹൃദാന്തരീക്ഷം രൂപപ്പെ ടുത്തുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്ന ഒരു പദ്ധതിയാ ണിത്. 25000 രൂപയും പ്രശസ്തിപത്രവും നൽകും. ഇതിനായി **1 ലക്ഷം രൂപ അനുവദിക്കുന്നു.**

## 45. അന്താരാഷ്ട്ര യോഗാദിനം ആചരിക്കും.

ജൂൺ 21 അന്താരാഷ്ട്രയോഗദിനം വിവിധപരിപാടികളോടെ സർവ്വകലാശാല വിപുലമായി സംഘടിപ്പിച്ചുവരികയാണ്. യോഗാ അസോസിയേഷൻ ഓഫ് കേരളയുമായി ചേർന്നാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. ഈ ബഡ്ജറ്റ് വർഷവും അതു തുടരും. അതിനായി **7 ലക്ഷം രൂപ അനുവദിക്കുന്നു.**

## 46. സർവ്വകലാശാല ജീവനക്കാർക്ക് പരിശീലനം നല്കും.

വിദഗ്ദ്ധമായ അഡ്മിനിസ്ട്രേഷൻ സാധ്യമാക്കാനും, AI ഉൾപ്പെടെയുള്ള സാങ്കേതിക സാധ്യതകൾ ഉപയോഗിക്കാനുമാകുന്ന വിധത്തിൽ സർവ്വകലാശാലാ ജീവനക്കാർക്ക് കൃത്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കും.ഇതിനായി **5 ലക്ഷം രൂപ വകയിരുത്തുന്നു.**

## 47. കേരളപ്പിറവി ആഘോഷിക്കും.

കേരളപ്പിറവി ആഘോഷങ്ങൾ മലയാളം, കേരളസ്റ്റഡീസ് പഠനഗവേഷണ വകുപ്പുകൾ സംയുക്തമായി കാര്യവട്ടം കാമ്പസിൽ സംഘടിപ്പിക്കും. ഇതിനായി **2 ലക്ഷം രൂപ അനുവദിക്കുന്നു.**

## 48. കാര്യവട്ടം കാമ്പസിലെ തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി യൂണിയനുകൾക്ക് പ്രവർത്തന സഹായം നൽകും.

കാര്യവട്ടം കാമ്പസിൽ രണ്ട് വിദ്യാർത്ഥിയൂണിയനുകൾ നിലവിലുണ്ട്. ഗവേഷകയൂണിയനും ഡിപ്പാർട്ട്മെന്റ്സ് യൂണിയനും. ഇവയ്ക്ക് നൽകുന്ന പ്രവർത്തന ഫണ്ട് പരിമിതമാണെന്ന പരാതി ഉണ്ട്. ക്യാമ്പസിലെ തിരഞ്ഞെടുക്കപ്പെടുന്ന യൂണിയനുകൾക്ക് **7 ലക്ഷം രൂപ വീതം നൽകും.**

## 49. സർവ്വകലാശാലയുടെ വിവിധ പഠനഗവേഷണ സെന്ററുകൾക്ക് പ്രവർത്തന സഹായം നല്കും.

മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്ന കേരള സർവ്വകലാശാലയുടെ അന്താരാഷ്ട്ര മാർക്സിയൻ സ്റ്റഡീസെന്റർ, ഗാന്ധിയൻ

സ്റ്റഡീസ് സെന്റർ, അന്താരാഷ്ട്ര ശ്രീനാരായണ പഠന ഗവേഷണ കേന്ദ്രം, വിദ്യാധിരാജാ ചട്ടമ്പിസ്വാമികൾ പഠന-ഗവേഷണ കേന്ദ്രം, അയ്യാവൈകുണ്ഡസ്വാമി പഠന-ഗവേഷണകേന്ദ്രം, മഹാത്മാ അയ്യൻകാളി ഇന്റർനാഷണൽ സ്റ്റഡീസ് & റിസർച്ച് സെന്റർ എന്നിവയുടെ വിവിധ അക്കാദമിക പരിപാടികൾക്കായി **4 ലക്ഷം രൂപ വീതം അനുവദിക്കുന്നു.**

### 50. ഡിഫറന്റ്ലി ഏബിൾഡ് വിദ്യാർത്ഥികൾക്കായി ഫിലോസഫി പഠന-ഗവേഷണ വകുപ്പിലെ സെന്റർ ഫോർ അപ്ലൈഡ് ഫിലോസഫി ആൻഡ് റിസേർച്ച് സെന്ററിന്റെ പദ്ധതിയ്ക്ക് സഹായം നല്കും.

ഫിലോസഫി പഠന-ഗവേഷണ വകുപ്പിലെ സെന്റർ ഫോർ അപ്ലൈഡ് ഫിലോസഫി ആൻഡ് റിസേർച്ച് സെന്ററും 'നിഷു'മായി ചേർന്ന് ഡിഫറന്റ്ലി ഏബിൾഡ് വിദ്യാർത്ഥികൾക്കായി തത്വ ചിന്താപരവും, ആശയപരവുമായ പഠനത്തിന് സഹായകരമായ കുറച്ചധികം വാക്കുകൾ, ഇന്ത്യൻ സൈൻ ലാംഗ്വേജിലേയ്ക്കു കൂട്ടിച്ചേർക്കുന്ന ഒരു പദ്ധതി വിഭാവനചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി **ഒരു ലക്ഷം രൂപ അനുവദിക്കുന്നു.**

### 51. ഭരത് മുരളി നാടകോത്സവം സംഘടിപ്പിക്കും.

സർവ്വകലാശാല സെനറ്റ് ഹാളിൽ എല്ലാവർഷവും നടത്തി വരുന്ന ഭരത് മുരളി നാടകോത്സവം ഈ വർഷവും സംഘടിപ്പിക്കും. ഇതിനായി **17 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

### 52. കാര്യവട്ടത്തെ എഞ്ചിനിയറിംഗ് കോളേജിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കും.

കാര്യവട്ടം കാമ്പസിലെ കേരളസർവ്വകലാശാലയുടെ എഞ്ചിനിയറിംഗ് കോളേജിൽ ആധുനിക സംവിധാനങ്ങളുള്ള കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കും. ഇതിനായി **20 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.**

### 53. 'ഹരിതാലയം' ഹരിതപദ്ധതി തുടരും.

കേരള സർവ്വകലാശാലയുടെ കാര്യവട്ടംകാമ്പസിന്റെ പച്ചപ്പും ഫലഭൂയിഷ്ടതയും കാത്തുസൂക്ഷിക്കുകയും കാർഷിക പ്രവർത്തന

ങ്ങൾ മാതൃകയെന്നോണം വ്യാപിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് ഹരിതാലയത്തിലൂടെ നടന്നുവരുന്നത്. അത്തരം പ്രവർത്തനങ്ങൾ തുടരും അതിനായി **15 ലക്ഷം രൂപ അനുവദിക്കുന്നു.**

### 54. പി. കെ. റോസി സെന്റർ ഫോർ സിനിമ ആർക്കൈവ് ആരംഭിക്കും.

കേരളസർവകലാശാലയുടെ ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ പഠന-ഗവേഷണ വകുപ്പിൽ ചലച്ചിത്രങ്ങളുടെ ചരിത്ര ഗവേഷണത്തിനും വിവരശേഖരത്തിനും അനുബന്ധരേഖകളുടെ സൂക്ഷിപ്പിനും ഗവേഷണത്തിനും പര്യാപ്തമായ ഒരു ചലച്ചിത്ര പഠന-ഗവേഷണ സെന്റർ തുടങ്ങും. കേരളത്തിലേയും ഇന്ത്യയുടേയും ചലച്ചിത്രചരിത്രത്തിലെ നിർണ്ണായക നാമമായ ശ്രീമതി പി. കെ. റോസിയുടെ പേരിൽ ആരംഭിക്കുന്ന സെന്ററിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി **4 ലക്ഷം രൂപ വകയിരുത്തുന്നു.**

### 55. കേരള സർവകലാശാലയുടെ ഗവേഷണചരിത്രം അടയാളപ്പെടുത്തുന്നു.

1937 മുതൽ 2025 വരെയുള്ള കേരള സർവകലാശാലയുടെ ശാസ്ത്ര-മാനവിക വിഷയങ്ങളിലെ ഗവേഷണ ചരിത്രം രേഖപ്പെടുത്തുന്ന പദ്ധതിയ്ക്ക് അംഗീകാരം നല്കും. ജ്ഞാന നിർമ്മിതിയുടെ മഹത്തായ പാരമ്പര്യം ഭാവി തലമുറകൾക്കായി രേഖപ്പെടുത്തേണ്ടതുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലുമായി ദ്വിഭാഷകളിൽ തയ്യാറാക്കുന്ന ഈ ഗവേഷണ സൂചിക ഭാവിയിലെ ഗവേഷണത്തിനും വഴികാട്ടിയാവും. ഓറിയൻറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിക്ക് ഇതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി **3 ലക്ഷം രൂപ അനുവദിക്കുന്നു.**

### 56. ടിഷ്യൂ പുനർനിർമ്മാണത്തിനുള്ള സസ്യജന്യ ചികിത്സാ പാച്ചുകളുടെ (PATCHES) വികസനപദ്ധതിയ്ക്ക് സഹായം.

നീണ്ടുനിൽക്കുന്ന അണുബാധ, മുറിവ് ഉണങ്ങുന്നതിനെ വൈകിപ്പിക്കുകയും, ഇത് നീർവീക്കവുമായി ബന്ധപ്പെട്ട നിരവധി

രോഗങ്ങളുടെ പ്രധാനകാരണമായി മാറുകയും ചെയ്യുന്നുണ്ട്. പാരമ്പര്യ വൈദ്യത്തിൽ മുറിവുണക്കുന്നതിനും നീർവീക്കം കുറയ്ക്കുന്നതിനുമായി നിരവധി സസ്യങ്ങൾ ഉപയോഗിച്ചു വരുന്നുണ്ടെങ്കിലും, അവയുടെ ഫലപ്രാപ്തി ശാസ്ത്രീയമായി സാധൂകരിക്കുന്നതിന് ആഴത്തിലുള്ള പഠനങ്ങൾ അനിവാര്യമാണ്. ഇത്തരം സസ്യങ്ങളുടെ ചികിത്സാ ഫലപ്രാപ്തി പഠിക്കുന്നതിനും ശാസ്ത്രീയമായി ഉപയോഗപ്രദമാക്കുന്നതിനും മൈക്രോ എൻകാപ്സ്യുലേഷൻ (Microencapsulation) എന്ന നൂതന സാങ്കേതിക വിദ്യയുടെ സഹായം ഉപയോഗിക്കാവുന്നതാണ്. തിരഞ്ഞെടുത്ത ഔഷധ സസ്യങ്ങളെ പരിസ്ഥിതി സൗഹൃദ പോളിമറുകൾ ഉപയോഗിച്ച് മൈക്രോ എൻകാപ്സ്യുലേറ്റ് (Microencapsulate) ചെയ്യുകയും, അവയെ അടിസ്ഥാനമാക്കി നൂതന ചികിത്സാ പാച്ചുകൾ (PATCHES) വികസിപ്പിക്കുകയും ചെയ്യുന്നതിനായി ബയോ ടെക്നോളജി വകുപ്പിന് **പത്ത് ലക്ഷം രൂപ വകയിരുത്തുന്നു.**

**57. ഒറ്റക്ക് ജീവിക്കേണ്ടിവരുന്ന സാഹചര്യമുള്ള വയോധികരായ സ്ത്രീകളുടെ ജീവിത നിലവാരം വിലയിരുത്തുന്ന പഠനത്തിന് അനുമതി.**

പുതിയ കണക്കുകൾ പ്രകാരം ഒന്നര ലക്ഷം വയസ്സായ സ്ത്രീകൾ കേരളത്തിൽ ഒറ്റക്ക് താമസിക്കേണ്ടി വരുന്ന സാഹചര്യങ്ങളിലാണ് ഉള്ളത്. കേരളത്തിലെ സ്ത്രീകളുടെ ആയുർദൈർഘ്യം പുരുഷന്മാരെ അപേക്ഷിച്ച് ആറു വർഷത്തിലധികം കൂടുതലാണെന്നും കണക്കാക്കപ്പെടുന്നു. ശാരീരിക-മാനസികാരോഗ്യം, ദിനചര്യകൾ നിർവഹിക്കുന്നതിനുള്ള ശേഷി, സാമൂഹിക പിന്തുണയുടെ ലഭ്യത, സുരക്ഷാബോധം എന്നിവ ഇവരുടെ സമഗ്രമായ ജീവിത നിലവാരത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. ജനസംഖ്യാശാസ്ത്രപരമായ സമീപനത്തിലൂടെ കേരളത്തിൽ ഒറ്റക്ക് താമസിക്കുന്ന വയോധികരായ സ്ത്രീകളുടെ ജീവിതം, ആരോഗ്യം, ക്ഷേമം എന്നിവയുടെ ഘടനാപരമായ പ്രത്യേകതകൾ വിശകലനം ചെയ്യുന്നതിലേക്കുള്ള ഗവേഷണ പദ്ധതിയ്ക്കായി സർവ്വകലാശാലയുടെ ഡെമോഗ്രഫി വകുപ്പിന് **5 ലക്ഷം രൂപ അനുവദിക്കുന്നു.**

### 58. കേരളസർവ്വകലാശാലയിലെ വനിതാ ജീവനക്കാരുടെ തൊഴിൽ - കുടുംബ സമന്വയവും ആരോഗ്യവും പഠന വിധേയമാക്കും.

സ്ത്രീകളുടെ പൊതുആരോഗ്യം, പ്രജനന ആരോഗ്യം, മാനസിക ആരോഗ്യം എന്നിവയിൽ തൊഴിൽ സാഹചര്യങ്ങൾ വലിയ സ്വാധീനം ചെലുത്തുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. കേരള സർവ്വകലാശാലയിൽ ജോലിചെയ്യുന്ന തിരഞ്ഞെടുക്കപ്പെട്ട ആയിരം വനിതാ ജീവനക്കാരിൽ പഠനം നടത്തി ഈ മേഖലയിലെ ഭാവി നയം രൂപപ്പെടുത്തുന്നതിന് ഒരു പഠനപദ്ധതി സർവ്വകലാശാലയുടെ ഡെമോഗ്രഫി പഠന-ഗവേഷണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി **6 ലക്ഷം രൂപ വകയിരുത്തുന്നു.**

### 59. വയോജനങ്ങളെ പരിപാലിക്കുന്നവരുടെ അനുഭവങ്ങൾ പഠിച്ച്, അവർ നേരിടുന്ന പ്രശ്നങ്ങളും ആവശ്യങ്ങളും സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കും.

കേരള ജനസംഖ്യയിൽ മുതിർന്നവരുടെ ശതമാനം വർദ്ധിക്കുകയാണ്. അവരുടെ പരിപാലന ഉത്തരവാദിത്തം പ്രധാനമാണ്. വൃദ്ധജനങ്ങളുടെ സംരക്ഷണഭാഗമായ ചികിത്സ, മരുന്നുകൾ, പ്രത്യേക പരിചരണം എന്നിവ കുടുംബത്തിന്റെ സാമ്പത്തിക നിലയെ ബാധിക്കുന്നുണ്ട്. വൃദ്ധജനങ്ങളുടെ പരിപാലനത്തിൽ നിതാന്തശ്രദ്ധ കൊടുക്കേണ്ടിവരുന്നവർക്ക് സാമൂഹിക ഇടപെടൽ കുറയാനുള്ള സാധ്യതയുമുണ്ട്. മൂവായിരത്തിലധികം വൃദ്ധപരിപാലകരെ ഉൾപ്പെടുത്തി നടത്തുന്ന ഈ പഠനം ഈ മേഖലയിലെ ഭാവി നയ രൂപീകരണത്തിന് മുതൽക്കൂട്ടാവുമെന്ന് കരുതുന്നു. ഇതു സംബന്ധിച്ച പഠനത്തിന് ഡോ. ആർ. രാമകുമാർ മെമ്മോറിയൽ സെന്റർ ഫോർ പോപ്പുലേഷൻ, ഏജിംഗ് ആൻഡ് ഹെൽത്തിന് **5 ലക്ഷം രൂപ വകയിരുത്തുന്നു.**

### 60. അലങ്കാര ജലസസ്യങ്ങൾക്കായി ടിഷ്യൂകൾച്ചർ ലാബ് സ്ഥാപിക്കും.

വർണ്ണമത്സ്യങ്ങളോടൊപ്പം അലങ്കാര സസ്യങ്ങളും പരിപാലിക്കപ്പെടുന്ന അക്വേറിയങ്ങൾ ലോകത്തിലെ പ്രധാന ഹോബികള

ളിലൊന്നാണ്. നമ്മുടെ തനതു ജലസസ്യങ്ങൾക്ക് ഈ മേഖലയിൽ ധാരാളം ആരാധകരുണ്ട്. ടിഷ്യൂ കൾച്ചറിലൂടെ വളരെ വേഗത്തിൽ അക്വേറിയത്തിൽ ഉപയോഗിക്കാവുന്ന വലിപ്പത്തിൽ ഈ സസ്യങ്ങളെ ഉത്പാദിപ്പിക്കാവുന്നതാണ്. തനത് അലങ്കാര ജലസസ്യങ്ങളുടെ ടിഷ്യൂ കൾച്ചർ ലബോറട്ടറി സംവിധാനം ഒരുക്കുന്നതിന് അക്വാട്ടിക് ബയോളജി വകുപ്പിനായി **10 ലക്ഷം രൂപ അനുവദിക്കുന്നു.**

**61. അക്വാട്ടിക് ബയോളജി പഠന-ഗവേഷണ വകുപ്പിലെ മ്യൂസിയത്തിന്റെ നവീകരണത്തിന് സഹായമൊരുക്കും.**

87 വർഷം പൂർത്തിയാക്കുന്ന അക്വാട്ടിക് ബയോളജി പഠന-ഗവേഷണ വകുപ്പിന്റെ നിലവിലുള്ള വിപുലമായ മ്യൂസിയം ശാസ്ത്രീയമായി നവീകരിക്കുന്നതിനും ലഭ്യമായ ജലജീവികളുടെ കാറ്റലോഗ് തയ്യാറാക്കാനും, പുതുതായി കണ്ടെത്തുന്ന ജലജീവികളുടെ രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കാനും കൂടുതൽ സംവിധാനം ആവശ്യമുണ്ട്. അക്കാദമിക് സന്ദർശകരുടെ പ്രധാന സന്ദർശന ഇടങ്ങളിലൊന്നായ പ്രസ്തുത മ്യൂസിയം നവീകരിക്കാനായി **മൂന്ന് ലക്ഷം രൂപ വകയിരുത്തുന്നു.**

**62. ഇസ്ലാമിക് & വെസ്റ്റേഷ്യൻ സ്റ്റഡീസ് പഠന-ഗവേഷണ വകുപ്പിൽ കമ്പ്യൂട്ടർലാബ് സ്ഥാപിക്കും; ലൈബ്രറി നവീകരിക്കും.**

പഠന-ഗവേഷണങ്ങൾക്ക് സഹായകമാകുന്ന തരത്തിൽ സർവ്വകലാശാലയുടെ ഇസ്ലാമിക് & വെസ്റ്റേഷ്യൻ സ്റ്റഡീസിൽ ഒരു കമ്പ്യൂട്ടർലാബ് പുതുതായി സ്ഥാപിക്കും. വകുപ്പിന്റെ നിലവിലുള്ള ലൈബ്രറി നവീകരിക്കും. ഇതിനായി **12 ലക്ഷം രൂപ അനുവദിക്കുന്നു.**

**63. ഗ്രീൻ മീറ്റ്: സുസ്ഥിര സസ്യാധിഷ്ഠിത മാംസം (Green meat) വികസിപ്പിക്കുന്ന പഠനം പ്രോത്സാഹിപ്പിക്കും.**

പരമ്പരാഗത മാംസത്തോട് സമാനമായതും അതേസമയം സുസ്ഥിരവും, ചെലവുകുറഞ്ഞതും വ്യാപകമായി ഉത്പാദിപ്പിക്കാ

നാവുന്നതുമായ ഒരു സസ്യാധിഷ്ഠിത മാംസം വികസിപ്പിക്കുന്നതിനായും, ഒപ്പം അതിനായി പുതിയ സസ്യസ്രോതസുകളുടെ ടിഷ്യു കൾച്ചർ ഉത്പാദിപ്പിക്കാനും സർവ്വകലാശാലയുടെ ബയോടെക്നോളജി ഗവേഷണവകുപ്പ് ലക്ഷ്യമിടുന്നു. ഈ പദ്ധതിയ്ക്കായി **10 ലക്ഷം രൂപ അനുവദിക്കുന്നു.**

**64. ജൈവ മാലിന്യത്തിൽ നിന്നും ജൈവവളത്തിലേക്ക് : നാനോടെക്നോളജിയിലൂടെ നൂതന ജൈവ വളം നിർമ്മിക്കും.**

ജൈവ അവശിഷ്ടങ്ങളിൽ നിന്ന് പോഷകസമൃദ്ധമായ വളവും ലാക്കേസ് (Laccase) എന്ന ഉയർന്ന മൂല്യമുള്ള എൻസൈമും ഉത്പാദിപ്പിക്കാനുള്ള പദ്ധതിയ്ക്ക് അംഗീകാരം നല്കും. മാലിന്യങ്ങളെ വീണ്ടും ഉപയോഗപ്രദമായ വസ്തുക്കളാക്കി മാറ്റുന്നതിലൂടെ കൃഷിയും ഹരിത സാങ്കേതികവിദ്യയും ഒരുപോലെ മെച്ചപ്പെടുന്നു എന്നതാണ് ഇതിന്റെ സവിശേഷത. പദ്ധതിയ്ക്കായി ബയോടെക്നോളജി ഗവേഷണവകുപ്പിന് **10 ലക്ഷം രൂപ അനുവദിക്കുന്നു.**

**65. 'നവകേരളവും സിൽവർ എക്കോണമിയും' പഠന-ഗവേഷണവും ശില്പശാലയും നടത്തും.**

കേരളത്തിന്റെ സമർത്ഥമായ കുതിപ്പിന് ചുക്കാൻ പിടിക്കുന്നതരത്തിൽ അൻപത്തിയാറ്/അറുപത് കഴിയുന്നവരുടെ നിര നാൾക്കുനാൾ വർദ്ധിക്കുകയാണ്. ഇവർ ഏകദേശം 20-25 ശതമാനം കേരളത്തിൽ ഉണ്ടെന്ന തിരിച്ചറിവ് യഥാർത്ഥത്തിൽ മറ്റൊരു സാമ്പത്തിക ഘടനയുടെ നിർമ്മിതിയിലേക്ക് നവകേരളത്തെ എത്തിക്കുന്നു. വയോജനങ്ങൾ എന്ന പതിവ് സങ്കൽപ്പത്തിന് വിപരീതമായി ഭൂരിഭാഗം പേരും പ്രൊഡക്ടീവായ പ്രവർത്തനങ്ങളിലാണ് ഏർപ്പെടുന്നത്. നവകേരള നിർമ്മിതിയിലും സാമ്പത്തികഘടനയിലും ഇവരുടെ പങ്ക് പ്രത്യേകം പഠിക്കേണ്ടതുണ്ട്. കേരളസർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റിവ് എക്കണോമിക്സിന്റെ (IUCAE) ഇതുസംബന്ധിച്ച പഠനത്തിനും ശില്പശാലയ്ക്കുമായി **10 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.**

### 66. ആർക്കിയോളജി പഠന-ഗവേഷണവകുപ്പിന്റെ ഗവേഷണങ്ങൾക്ക് സഹായമൊരുക്കും.

രാജ്യത്തിന്റെ വിവിധ മേഖലകളിൽ ഗവേഷണം നടത്തി ശ്രദ്ധേയമായ കണ്ടെത്തലുകൾ നടത്തിയ ആർക്കിയോളജി പഠന-ഗവേഷണവകുപ്പിന്റെ കണ്ടെത്തലുകൾ ശ്രദ്ധേയമാണ്. വകുപ്പിന്റെ തുടർന്നുവരുന്ന ഗവേഷണാന്വേണങ്ങൾക്കും വർക്ക് ഷോപ്പുകൾക്കുമായി **20 ലക്ഷം രൂപ അനുവദിക്കും.**

### 67. ആർക്കിയോളജി പഠന-ഗവേഷണവകുപ്പിന്റെ മ്യൂസിയം നവീകരിക്കും.

ഏറെ വിലപിടിപ്പുള്ള ഗവേഷണ ശേഖരങ്ങളാണ് സർവ്വകലാശാലയുടെ ആർക്കിയോളജി പഠന-ഗവേഷണ വകുപ്പിന്റെ മ്യൂസിയത്തിലുള്ളത്. പ്രസ്തുത മ്യൂസിയം നവീകരിക്കുന്നതിനായി **15 ലക്ഷം രൂപ അനുവദിക്കുന്നു.**

### 68. FYUGP യുടെ ഉൾപ്പെടെ വിവിധ പരീക്ഷകളുടെ ക്വസ്റ്റ്യൻ ബാങ്ക് പുതുക്കുന്നതിന് ശില്പശാല സംഘടിപ്പിക്കും.

സർവ്വകലാശാലയുടെ പരീക്ഷാവിഭാഗത്തിന് FYUGP യുടെ ഉൾപ്പെടെ വിവിധ പരീക്ഷകളുടെ ക്വസ്റ്റ്യൻബാങ്ക് പുതുക്കുന്നതിന് ശില്പശാല സംഘടിപ്പിക്കുന്നതിന് **20 ലക്ഷം രൂപ അനുവദിക്കുന്നു.**

### 69. സെനറ്റ് ഹൗസ് കാമ്പസിലെ വാഷ്റൂമുകൾ നവീകരിക്കും.

കേരള സർവ്വകലാശാലയുടെ സെനറ്റ് ഹൗസ് കാമ്പസിലെ വാഷ്റൂമുകൾ കാലോചിതമായി നവീകരിക്കും. ഇതിനായി **15 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

### 70. സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ വിദ്യാർത്ഥി സൗഹൃദമായി പുനഃസംഘടിപ്പിക്കും.

വിവിധ ആവശ്യങ്ങളുമായി സർവ്വകലാശാലയിലെത്തുന്ന വിദ്യാർത്ഥികൾക്ക് സഹായകമാകുന്നതരത്തിൽ പാളയം കാമ്പ

സിലെ അമിനിറ്റിസെന്ററിലെ എൻക്വയറി വിഭാഗമുൾപ്പെടെ നവീകരിക്കും. ഇതിനായി **20 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

**71. കാര്യവട്ടം കാമ്പസിലെ വാട്ടർട്രീറ്റ്മെന്റ് സംവിധാനം കൂടുതൽ ശാസ്ത്രീയമാക്കും.**

നൂറുകണക്കിന് വിദ്യാർത്ഥികളും അദ്ധ്യാപകരും ജീവനക്കാരും കുടുംബങ്ങളും താമസിക്കുന്ന അക്കാദമിക കേന്ദ്രമാണ് സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസ്. കാമ്പസിലെ വാട്ടർ ട്രീറ്റ്മെന്റ് സംവിധാനം കൂടുതൽ നവീകരിക്കണമെന്ന ആവശ്യം ഉയരുന്നുണ്ട്. ഇതിനായി സർവ്വകലാശാലയുടെ ജിയോളജി വകുപ്പിനെ ചുമതലപ്പെടുത്തുന്നു. **25 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

**72. സർവ്വകലാശാല ലൈബ്രറി ക്യാന്റീൻ നവീകരിക്കും.**

പാളയത്തെ സർവ്വകലാശാല ലൈബ്രറി ക്യാന്റീൻ നവീകരിക്കുന്നതിന് **3 ലക്ഷം രൂപ അനുവദിക്കുന്നു.**

**73. സർവ്വകലാശാല ലൈബ്രറിയുടെ നവീകരണം സാധ്യമാക്കും.**

കേരളത്തിന്റെ അഭിമാന വിജ്ഞാനകേന്ദ്രമാണ് പാളയത്തെ കേരളയൂണിവേഴ്സിറ്റി ലൈബ്രറി. ലൈബ്രറി കാലോചിതമായ നവീകരണം ആവശ്യപ്പെടുന്നു. ഇതിനായി **25 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

**74. ലൈബ്രറി ജീവനക്കാർക്ക് പരിശീലനം നല്കും.**

ആധുനിക ലൈബ്രറി സംവിധാനങ്ങൾ നടപ്പാക്കാനായി, പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട പരിശീലനം സർവ്വകലാശാലയുടെ ലൈബ്രറി ജീവനക്കാർക്ക് അത്യന്താപേക്ഷിതമാണ്. പരിശീലനത്തിനായി **3 ലക്ഷം രൂപ അനുവദിക്കുന്നു.**

**75. സർവ്വകലാശാല ഹെൽത്ത് സെന്ററിൽ മെഡിക്കൽ ചെക്കപ്പ് സംഘടിപ്പിക്കും.**

സർവ്വകലാശാല വിദ്യാർത്ഥികൾ, അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ എന്നിവർക്ക് സഹായകമാകുന്ന തരത്തിൽ സർവ്വകലാശാല ഹെൽത്ത് സെന്ററിൽ വാർഷിക മെഡിക്കൽ ചെക്കപ്പ് സംഘടിപ്പിക്കും. ഇതിനായി **3 ലക്ഷം രൂപ അനുവദിക്കുന്നു.**

**76. കാര്യവട്ടം കാമ്പസിൽ 'മെന്റൽ വെൽനസ് സെന്റർ' സ്ഥാപിക്കും.**

മാനസിക സമ്മർദ്ദം കുറയ്ക്കാനും, ആവശ്യമായ മാനസികാരോഗ്യ നിർദ്ദേശങ്ങൾക്കും, മാനസികപ്രശ്നങ്ങൾ പരിഹരിക്കാൻ കൃത്യമായ മാർഗ്ഗം കാട്ടിക്കൊടുക്കാനും സഹായകമായ 'മെന്റൽ വെൽനസ് സെന്റർ' കാര്യവട്ടം കാമ്പസിൽ ആരംഭിക്കും. ആവശ്യമായ സൈക്കോളജിസ്റ്റുകളുടെ സേവനം ഉറപ്പാക്കും. ഇതിനായി **10 ലക്ഷം രൂപ അനുവദിക്കുന്നു.**

**77. 'സ്റ്റാഫ് ഡേ' സംഘടിപ്പിക്കും.**

മുൻവർഷങ്ങളിലേതുപോലെ ജീവനക്കാർക്കായി ഇത്തവണയും സ്റ്റാഫ്ഡേ സംഘടിപ്പിക്കും. ഇതിനായി **3.5 ലക്ഷം രൂപ അനുവദിക്കുന്നു.**

**78. കാര്യവട്ടം കാമ്പസിലെ ക്വാർട്ടേഴ്സ് നിവാസികളുടെ കുട്ടികൾക്കായി 'കളിയിടം' നിർമ്മിക്കും.**

നൂറുകണക്കിന് ജീവനക്കാരും അദ്ധ്യാപകരും കുടുംബമായി താമസിക്കുന്ന കാര്യവട്ടം കാമ്പസിലെ ക്വാർട്ടേഴ്സുകൾക്ക് സമീപത്തായി കൊച്ചുകുട്ടികൾക്ക് കളിക്കാനാകുന്ന സംവിധാനങ്ങളുള്ള ഒരു 'കളിയിടം' സ്ഥാപിക്കും. ഇതിനായി **10 ലക്ഷം രൂപ വകയിരുത്തുന്നു.** കാമ്പസ് ഡയറക്ടറുടെ നേതൃത്വത്തിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

**79. ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾ നടത്തും.**

കാര്യവട്ടം കാമ്പസിലെ ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാനായി **30 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

**80. അന്താരാഷ്ട്ര സെമിനാറുകൾ തുടർന്നും നടത്തും.**

സർവ്വകലാശാലയുടെ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് കെ.രാഘവൻ പിള്ള, ഡോ. ടി. ഗണപതിശാസ്ത്രി ഇന്റർനാഷണൽ സെമിനാറുകൾക്കും കേരളപഠന വിഭാഗത്തിന് ഡോ. പുതുശ്ശേരി രാമചന്ദ്രൻ അന്താരാഷ്ട്ര സെമിനാറിനും കഴിഞ്ഞ ബഡ്ജറ്റിൽ അനുമതി നല്കിയിരുന്നു. അതിനാവശ്യമായ നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സെമിനാറുകൾ ഈ ബഡ്ജറ്റ് വർഷവും തുടർന്ന് നടത്തുന്നതിന് അനുമതി നല്കുന്നു. മുൻ വർഷത്തെപ്പോലെ തുക അനുവദിക്കുന്നു.

**81. തദ്ദേശീയ 'കൂഴവാലി' മത്സ്യസംരക്ഷണവും മാനേജ്മെന്റും: പ്രത്യേക പഠനം.**

കൂഴവാലി എന്ന അതിവിശിഷ്ട മത്സ്യത്തിന്റെ മത്സ്യബന്ധനത്തിന് ഇന്ത്യയിൽ തന്നെ പേരുകേട്ട ഇടമാണ് അഷ്ടമുടിക്കായൽ. അഷ്ടമുടിക്കായൽ ഒരു റാംസർ തണ്ണീർത്തടമാകുന്നതിലും കൂഴവാലി മത്സ്യബന്ധനവും അവ പ്രാദേശിക മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സുസ്ഥിര മത്സ്യസമ്പത്തും അതിന്റെ വരുമാനവും ഒരു പ്രധാന ഘടകം ആയിട്ടുണ്ട്. എന്നാൽ ഇവയുടെ ലഭ്യതയിൽ ഉണ്ടായ കുറവും അക്വാട്ടിക് ബയോളജി വകുപ്പ് നടത്തിയ ജനിതക പഠനങ്ങൾ സുസ്ഥിരത ഉറപ്പാക്കാൻ അഡാപ്റ്റീവ് ഫിഷറീസ് മാനേജ്മെന്റിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടിയ പശ്ചാത്തലത്തിൽ ഒരു വിശദമായ പഠനം അനിവാര്യമായിരിക്കുന്നു. തദ്ദേശീയ കൂഴവാലി മത്സ്യങ്ങളുടെ ജനിതക വൈവിധ്യം, ജീവശാസ്ത്രം, കൃഷി സാധ്യതകൾ എന്നിവയെപ്പറ്റി പഠിക്കാനും സുസ്ഥിര ഫിഷറീസ് മാനേജ്മെന്റ് നിർദ്ദേശങ്ങൾ തയാറാക്കാനുമായി ബഡ്ജറ്റിൽ **അഞ്ചുലക്ഷം രൂപ വകയിരുത്തുന്നു.**

**82. കമ്പ്യൂട്ടർ സയൻസ് വകുപ്പ് - ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബ് ആയി ഉയർത്തും.**

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ലോകത്തിന്റെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ, ഗവേഷണ മേഖലകളെ പൂർണമായും

പുതുക്കിയെഴുതുന്ന വിപ്ലവകരമായ സാങ്കേതികശക്തിയായി മാറി യിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ, യൂണിവേഴ്സിറ്റി തലത്തിൽ AI ഗവേ ഷണങ്ങളും പരിശീലനവും ശക്തിപ്പെടുത്തി, ഭാവി സാങ്കേതിക സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടത് കാലത്തിന്റെ ആവശ്യമാണ്. അതിനായി യൂണിവേഴ്സിറ്റിയിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അനുബന്ധ പ്രവർത്തനങ്ങൾക്ക് ഏകോപനവും ദിശാബോധവും നൽകുന്ന കേന്ദ്ര ഹബ്ബായി കമ്പ്യൂട്ടർ സയൻസ് വകുപ്പിനെ ഉയർ ത്തുന്ന പദ്ധതിയാണ് ഇതിലൂടെ മുന്നോട്ടുവെക്കുന്നത്. AI അധിഷ്ഠിത ഗവേഷണവും, നവീകര ണവും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിലൂടെ ഭാവിയിലെ സാങ്കേതിക നേതൃത്വം കൈവരിക്കാൻ ഈ പദ്ധതി നടപ്പിലാക്കു ന്നതിലൂടെ നമ്മുക്ക് കഴിയും. ഇതിനായി **25 ലക്ഷം രൂപ അനുവദിക്കുന്നു.**

### 83. ഐ.ക്യു.എ.സി.ക്ക് പ്രവർത്തനസഹായം.

സർവകലാശാലയുടെ അക്കാദമിക, ഗവേഷണ പ്രവർത്തന ങ്ങൾക്ക് ദിശാബോധം നൽകുന്ന പ്രവർത്തനങ്ങളാണ് ഐ.ക്യു. എ.സി നടത്തി വരുന്നത്. വിവിധ റാങ്കിങ് പ്രക്രിയകൾക്ക് ആവശ്യ മായ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനും, സർവകലാ ശാലയുടെ അക്കാദമിക ഗുണനിലവാരം വർധിപ്പിക്കുന്നതിനും ഐ.ക്യു.എ.സി. നേതൃത്വത്തിൽ നിരവധി പദ്ധതികൾ നടപ്പിലാ ക്കുന്നുണ്ട്. ഐ.ക്യു.എ.സി.യുടെ വിവിധ പ്രവർത്തനങ്ങൾക്കായി **40 ലക്ഷം രൂപ വകയിരുത്തുന്നു.**

### 84. ഡിജിറ്റൽ ഇൻഫോർമേഷൻ കിയോസ്കുകളും ബോർ ഡുകളും സ്ഥാപിക്കും.

സർവകലാശാലയിൽ എത്തുന്ന വിദ്യാർത്ഥികൾക്കും പൊതു ജനങ്ങൾക്കും ആവശ്യമായ സേവനങ്ങൾ സംബന്ധിച്ച വിവര ങ്ങൾ പ്രദർശിപ്പിക്കുന്ന ടച്ച് സ്ക്രീൻ ഇന്ററാക്ടിവ് കിയോസ്കുകൾ, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ തുടങ്ങിയവ കാര്യവട്ടം, പാളയം

ക്യാംപസുകളുടെ വിവിധ ഇടങ്ങളിൽ സ്ഥാപിക്കാവുന്നതാണ്. ഇതിനായി **25 ലക്ഷം രൂപ വകയിരുത്തുന്നു.**

### 85. NAACന്റെ പുതിയ അക്രഡിറ്റേഷൻ വ്യവസ്ഥകളും മാനദണ്ഡങ്ങളും സംബന്ധിച്ച് ശിൽപ്പശാലകൾ സംഘടിപ്പിക്കും.

പരിഷ്ക്കരണസമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ തന്നെ നാക്ക് അക്രഡിറ്റേഷൻ പ്രക്രിയയിൽ വിപുലമായ മാറ്റങ്ങൾ വന്നേക്കുമെന്നാണ് സൂചന. കേരള സർവകലാശാലയുടെ നിലവിലെ അക്രഡിറ്റേഷൻ 2027 ജൂണിൽ അവസാനിക്കാനിരിക്കുകയാണ്. അക്രഡിറ്റേഷൻ പ്രക്രിയയിൽ നാക് അവലംബിക്കുന്ന പുതുക്കിയ മാതൃക, കാലതാമസം ഇല്ലാതെ തന്നെ അധ്യാപകർക്കും, അനധ്യാപകർക്കും പരിചിതമാക്കേണ്ടതുണ്ട്. നാക് അവലംബിക്കുന്ന പുതുക്കിയ അക്രഡിറ്റേഷൻ സമ്പ്രദായം സംബന്ധിച്ച് ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിന് ഐ.ക്യു.എ.സി.ക്ക് **5 ലക്ഷം രൂപ വകയിരുത്തുന്നു.**

### 86. ഊർജ്ജ ഓഡിറ്റ് നടത്തും.

ഊർജ്ജ സംരക്ഷണ രംഗത്ത് സമീപവർഷങ്ങളിൽ കേരള സർവകലാശാല നടത്തിയ മികച്ച പ്രവർത്തനങ്ങൾക്ക് അംഗീകാരമായി 2025 ലെ എനർജി മാനേജ്മെന്റ് സെന്റർ ഊർജസംരക്ഷണ പുരസ്കാരം കേരള സർവകലാശാലക്ക് ലഭിച്ചു. ഈ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകുന്നതിനും, കാർബൺ സന്തുലിത ക്യാംപസ് എന്ന ലക്ഷ്യത്തിനായുള്ള സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വിവിധ അക്രെഡിറ്റേഷൻ, റാങ്കിംഗ് ആവശ്യങ്ങൾക്കുമായി പാളയം, കാര്യവട്ടം ക്യാംപസുകളിൽ ഊർജ ഓഡിറ്റ് നടത്തേണ്ടത് അനിവാര്യമാണ്. ഇതിനായി **3 ലക്ഷം രൂപ വകയിരുത്തുന്നു.**

### 87. സർവകലാശാല ഗവേഷകർക്ക് പബ്ലിക്കേഷൻ ഗ്രാന്റ് നൽകും.

സ്കോപ്പസ്, വെബ് ഓഫ് സയൻസ് തുടങ്ങിയ അന്താരാഷ്ട്ര ഡാറ്റാബേസുകളിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവേഷണ

പ്രസിദ്ധീകരണങ്ങളിൽ ഗവേഷണ പേപ്പറുകൾ പ്രസിദ്ധീകരിക്കാൻ പബ്ലിക്കേഷൻ ഗ്രാന്റ് മുഖേന പ്രോത്സാഹനം നൽകുന്നത് ഏറെ ഗുണകരമാകുമെന്ന് കരുതുന്നു. 2026-27 വർഷത്തിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങൾക്ക് ഗവേഷകരായ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പബ്ലിക്കേഷൻ ഗ്രാന്റ് നൽകുന്നതിനായി **10 ലക്ഷം രൂപ മാറ്റി അനുവദിക്കുന്നു.**

**88. അദ്ധ്യാപകർക്ക് ഗവേഷണ/പ്രൊജക്ട് അവാർഡുകൾ.**

അക്കാദമിക്, ഗവേഷണ രംഗങ്ങളിൽ ദേശീയ, അന്തർദേശീയ തലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച ഒട്ടേറെ അദ്ധ്യാപകർ സർവകലാശാല പഠന വകുപ്പുകളിലുണ്ട്. സമാനമായി തന്നെ, അന്താരാഷ്ട്ര ഏജൻസികളിൽ നിന്ന് ഉൾപ്പെടെ സംയുക്ത പ്രൊജക്ടുകൾ, പദ്ധതികൾ, ഫണ്ടിങ് തുടങ്ങിയവ നേടിയെടുക്കുകയും, സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളിൽ പേറ്റന്റ് ഉൾപ്പെടെ നേടുകയും ചെയ്ത അദ്ധ്യാപകർ നമുക്കുണ്ട്. അവരെ പ്രോത്സാഹിപ്പിക്കേണ്ടത് സർവകലാശാലയുടെ പ്രതിബദ്ധതയാണ്. സർവകലാശാല പഠന വകുപ്പുകളിലെ അധ്യാപകർക്ക് ഗവേഷണ/പ്രൊജക്ട് അവാർഡുകൾ നൽകുന്നതിനായി **10 ലക്ഷം രൂപ വകയിരുത്തുന്നു.**

**89. ട്രാവൽ ഗ്രാന്റ് നൽകും.**

അന്താരാഷ്ട്ര അക്കാദമിക് കോൺഫറൻസുകൾ, സെമിനാറുകൾ എന്നിവയിൽ പങ്കെടുക്കാൻ സർവകലാശാല പഠന വകുപ്പുകളിലെ അധ്യാപകർക്കും ഗവേഷകർക്കും ട്രാവൽ ഗ്രാന്റുകൾ നൽകും. അന്താരാഷ്ട്ര കോൺഫറൻസുകളിൽ നേരിട്ട് പങ്കെടുക്കുന്നവർക്ക്, യാത്രാ ചിലവാണ് ഗ്രാന്റ് ആയി നൽകുക. ഇതിനായി **25 ലക്ഷം രൂപ വകയിരുത്തുന്നു.**

**90. കേരള സർവകലാശാല 'വിഷൻ 2037'.**

2037 ൽ നൂറ് വർഷം തികയുന്ന കേരള സർവകലാശാലയെ, കാലഘട്ടത്തിന് അനുസൃതമായും, സാമൂഹിക പ്രതിബദ്ധതയുള്ള

പഠന-ഗവേഷണ പ്രവർത്തനങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടും പുനർനവീകരിക്കേണ്ടതുണ്ട്. രാജ്യത്തെ ഏറ്റവും മികച്ച പൊതു സർവകലാശാലയായി നൂറാം വർഷത്തോടെ കേരള സർവകലാ ശാലയെ മാറ്റിയെടുക്കും. ഒരു പതിറ്റാണ്ട് നീളുന്ന ഈ പ്രക്രിയയിൽ, വിദ്യാർഥികൾ അധ്യാപകർ, അനധ്യാപകർ, പൂർവവിദ്യാർത്ഥികൾ, പൊതുസമൂഹം, സർക്കാർ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള അകമഴിഞ്ഞ സഹകരണവും, സംഭാവനകളും ആവ ശ്യമാണ്. സർവകലാശാലയുടെ വികസനത്തിനായുള്ള ദീർഘ കാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് എല്ലാ വിഭാഗങ്ങ ളുടെയും പങ്കാളിത്തത്തോടെ മൂന്ന് ദിവസത്തെ ശിൽപ്പശാലയും ചർച്ചാവേദിയും സംഘടിപ്പിക്കാവുന്നതാണ്. ഇതിനായി **5 ലക്ഷം രൂപ വകയിരുത്തുന്നു.**

## 91. അഫിലിയേറ്റഡ് കോളേജുകളിലെ അനധ്യാപക ജീവന ക്കാർക്ക് പരീശീലനം.

കഴിവുറ്റ ജീവനക്കാർ-ശക്തമായ ഭരണസംവിധാനം-മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എന്ന ആശയം മുൻനിർത്തി അഫി ലിയേറ്റഡ് കോളേജിലെ അനധ്യാപകർക്ക് പരീശീലനം നൽകും. ‘Train the Trainer’ മോഡൽ പരിശീലനം നേടിയ ജീവനക്കാർ മറ്റു ള്ളവർക്ക് പരിശീലനം നൽകും. സഹകരണ പരിശീലനത്തിന്റെ ഭാഗമായി സർവകലാശാല-കോളേജ് വകുപ്പുകളുമായി സംയുക്ത പരിപാടികൾ സംഘടിപ്പിച്ചും, ഡിജിറ്റൽ & ഓൺലൈൻ സ്കിൽ ഡെവലപ്പ്മെന്റ്, e-office, ERP, ഫിനാൻഷ്യൽ മാനേജ്മെന്റ്, സൈബർ സുരക്ഷ എന്നിവയിൽ ജീവനക്കാർക്ക് പ്രാവീണ്യം നൽകും. **ഇതിനായി 8 ലക്ഷം രൂപ അനുവദിക്കും.**

## 92. സർവ്വകലാശാല ഔട്ട് റീച്ച് സെന്ററുകളായ ഡോംടെക് സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകും.

കേരള സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിച്ച് വരുന്ന ബി.എഡ് സെന്ററുകൾ, യു.ഐ.ടികൾ, യു.ഐ.എമ്മുകൾ എന്നിവ യുടെ അക്കാദമിക് വികസനത്തിനായി സാമ്പത്തിക സഹായം നൽകും. ഇതിനായി **60 ലക്ഷം രൂപ വകയിരുത്തുന്നു.**

## 93. FYUG, PG പ്രോഗ്രാമുകൾക്ക് ഇൻഡക്ഷൻ നടത്തുന്നതിന് സി. എസ്. എസ്സിന് ധനസഹായം.

പുതുതായി സർവ്വകലാശാല പഠന- ഗവേഷണ വകുപ്പുകളിലേക്ക് പ്രവേശനം ലഭിക്കുന്ന നാല് വർഷ ബിരുദ വിദ്യാർത്ഥികൾക്കും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ഇൻഡക്ഷൻ പരിപാടി നടത്തുന്നതിനായി സർവ്വകലാശാലയുടെ ക്രഡിറ്റ് & സെമസ്റ്റർ വിഭാഗത്തിന് **5 ലക്ഷം രൂപ അനുവദിക്കുന്നു.**

## 94. കേരള സർവകലാശാല മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കും.

കേരള സർവകലാശാലയിലെ വിദ്യാർത്ഥികൾക്കും തല്പരരായവർക്കും ആവശ്യമായ അക്കാദമിക്, ഭരണകാര്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി നിരവധി വെബ് അധിഷ്ഠിത പ്ലാറ്റ് ഫോമുകളാണ് വിജയകരമായി വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്തിട്ടുള്ളത്. ഓൺലൈൻ അഡ്മിഷൻ, പരീക്ഷാസേവനങ്ങൾ, ഗവേഷണ മാനേജ്മെന്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്, ട്രാൻസ്ക്രിപ്റ്റ്, മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ വിവിധ ഡിജിറ്റൽ സേവനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. സ്മാർട്ട്ഫോൺ ഉപയോഗം വേഗത്തിൽ വർധിക്കുകയും എല്ലാ സേവനങ്ങളും മൊബൈൽ വഴി ലഭ്യമാക്കുന്ന സാഹചര്യത്തിൽ, സർവകലാശാലാ സേവനങ്ങൾ പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ മുഖേന ലഭ്യമാക്കണമെന്ന വിദ്യാർത്ഥികളുടെ ആവശ്യം സ്ഥിരമായി ഉയർന്നുവരുന്നു. ഈ സാഹചര്യത്തിൽ, ഘട്ടംഘട്ടമായി ഒരു സമഗ്ര മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കേണ്ടതുണ്ട്. ആദ്യഘട്ടത്തിൽ ഓൺലൈൻ അഡ്മിഷൻ സംവിധാനത്തെ ഉൾപ്പെടുത്തുകയും, തുടർന്ന് പരീക്ഷാ സേവനങ്ങൾ, സർട്ടിഫിക്കറ്റ് അപേക്ഷകൾ, ഗവേഷണവുമായി ബന്ധപ്പെട്ട സേവനങ്ങൾ, മറ്റ് വിദ്യാർത്ഥി കേന്ദ്രീകൃത മോഡ്യൂളുകൾ എന്നിവയും ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. ഇതിനായി **10 ലക്ഷം രൂപ വകയിരുത്തുന്നു.**

**95. കമ്പ്യൂട്ടർ സെന്ററിന്റെ പ്രവർത്തനങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) & മെഷീൻ ലേണിംഗ് (ML) നടപ്പാക്കും; പരിശീലന പരിപാടിയും സംഘടിപ്പിക്കും.**

ഉന്നത വിദ്യാഭ്യാസ ഭരണരംഗത്ത് ആധുനിക സാങ്കേതിക വിദ്യകളുടെ പ്രാധാന്യം വർധിച്ചുവരുന്ന സാഹചര്യത്തിൽ, കേരള സർവകലാശാല കമ്പ്യൂട്ടർ സെന്റർ (KUCC) കൈകാര്യം ചെയ്യുന്ന പ്രോജക്റ്റുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI)യും മെഷീൻ ലേണിംഗ് (ML)യും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും. ഈ പദ്ധതിയുടെ നടത്തിപ്പിനായി **25 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.**

**96. അഷ്ടമുടിക്കായൽ പേരയം തീരങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷണവും സ്ഥിരതയാർന്ന മത്സ്യവികസനത്തിനുമായുള്ള സമഗ്ര ശാസ്ത്രീയ പഠനപദ്ധതി നടപ്പാക്കും.**

കേരളത്തിലെ പ്രധാനപ്പെട്ട ഉൾനാടൻ ജലാശയങ്ങളിലൊന്നായ അഷ്ടമുടിക്കായലിനോടനുബന്ധിച്ച പേരയം ഗ്രാമപഞ്ചായത്തിലെ ഉൾനാടൻ തീരപ്രദേശം വലിയൊരു മത്സ്യതൊഴിലാളി സമൂഹത്തിന്റെ ഉപജീവനമാർഗമാണ്. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി മത്സ്യസമ്പത്തിൽ ശ്രദ്ധേയമായ കുറവ് രേഖപ്പെടുന്ന സാഹചര്യത്തിൽ, ജലഗുണനിലവാര വ്യതിയാനം, മാംഗ്രോവ് ആവാസവ്യവസ്ഥയുടെ ക്ഷയം, അനധികൃത/അശാസ്ത്രീയ മത്സ്യബന്ധന രീതികൾ, കാലാവസ്ഥാ വ്യതിയാനത്തിന്റെ സ്വാധീനം എന്നിവ മത്സ്യ ഉൽപ്പാദനത്തെയും ജൈവവൈവിധ്യത്തെയും പ്രതികൂലമായി ബാധിക്കുന്നതായി കാണപ്പെടുന്നു. ഇതിനെ അടിസ്ഥാനമാക്കി, കേരള സർവകലാശാല സുവോളജി വകുപ്പിന്റെ നേതൃത്വത്തിൽ അഷ്ടമുടിക്കായൽ പേരയം മേഖലയിലെ മത്സ്യസമ്പത്തിന്റെ നിലവിലെ സ്ഥിതിവിവരങ്ങൾ സംബന്ധിച്ചും പരിഹാരമാർഗങ്ങളും ശാസ്ത്രീയ പഠനവും നടത്തും. മത്സ്യതൊഴിലാളി സമൂഹത്തിനായി പരിശീലന-ജാഗ്രതാ പരിപാടികളും നടപ്പാക്കും. ഈ പദ്ധതിയുടെ നടത്തിപ്പിനായി **7 ലക്ഷം രൂപ വകയിരുത്തുന്നു.**

**97. പാളയത്ത് ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കും.**

വ്യായാമം ഒരു ജീവിതചര്യയായി മാറുന്ന വർത്തമാനകാലത്തിനൊപ്പം നില്ക്കാനാകുന്നതരത്തിൽ സർവ്വകലാശാലയുടെ പാളയം കാമ്പസിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കും. ഇതിനായി **5 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

**98. ജിയോഗ്രഫി, ഫിസിക്കൽ എഡ്യൂക്കേഷൻ പഠന-ഗവേഷണ വകുപ്പുകൾ തുടങ്ങും.**

കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്ന ജിയോഗ്രഫി, ഫിസിക്കൽ എഡ്യൂക്കേഷൻ, പഠന-ഗവേഷണ വകുപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത പഠനവകുപ്പുകൾ ഈ ബഡ്ജറ്റ് വർഷം പൂർത്തീകരിക്കും. ഇതിന്റെ പ്രാരംഭചിലവുകൾക്കായി **10 ലക്ഷം രൂപ കൂടി നീക്കിവയ്ക്കുന്നു.**

**99. സ്റ്റാർട്ടപ്പുകൾക്ക് സഹായം നല്കും.**

കേരള സർവ്വകലാശാലയുടെ സ്റ്റാർട്ടപ്പുകൾ പലതും ശ്രദ്ധേയമായ മുന്നേറ്റമാണ് നടത്തുന്നത്. വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടെയും സ്റ്റാർട്ടപ്പുകളെ പരിപോഷിപ്പിക്കാനായി ക്യൂബിക്കിന് **5 ലക്ഷം രൂപ അനുവദിക്കുന്നു.**

**100. കാര്യവട്ടം കാമ്പസിൽ ഗസ്റ്റ് ഹൗസ് നിർമ്മിക്കും.**

വിവിധ പഠന-ഗവേഷണവകുപ്പുകൾ പ്രവർത്തിക്കുന്ന കാര്യവട്ടം കാമ്പസിൽ പലതരം അക്കാദമിക ആവശ്യങ്ങൾക്കും മറ്റുമായി എത്തുന്ന അതിഥികളായ അക്കാദമിക്കുകൾക്ക് താമസിക്കാൻ പര്യാപ്തമായ സൗകര്യമില്ലെന്നത് വലിയ പരിമിതിയാണ്. നിലവിലുള്ള ഗസ്റ്റ് ഹൗസ് കാലപ്പഴക്കത്താൽ ശോചനീയാവസ്ഥയിലാണ്. ഈ സാഹചര്യത്തിൽ കാര്യവട്ടം കാമ്പസിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു ഗസ്റ്റ് ഹൗസ് പുതുതായി നിർമ്മിക്കും. ഇതിനായി ആദ്യഘട്ടത്തിൽ **1.5 കോടി രൂപ നീക്കിവയ്ക്കുന്നു.**

**101. താമസയോഗ്യമല്ലാത്ത ക്വാർട്ടേഴ്സുകൾ പൊളിച്ചുനീക്കും; ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി ഫ്ളാറ്റുകൾ പണിയും.**

കാലപ്പഴക്കംകൊണ്ട് താമസയോഗ്യമല്ലാതെ ഒഴിച്ചിട്ടിരിക്കുന്ന നിരവധി ക്വാർട്ടേഴ്സുകൾ കാര്യവട്ടം കാമ്പസിലുണ്ട്. അവയെല്ലാം പൊളിച്ചുനീക്കും. പകരം 20 ഡബിൾറൂം 15 ത്രിബിൾ റൂം സൗകര്യ മുള്ള ഫ്ളാറ്റ് നിർമ്മിച്ച് ജീവനക്കാരുടേയും അദ്ധ്യാപകരുടെയും താമസസൗകര്യപ്രശ്നം താല്ക്കാലികമായി പരിഹരിക്കും. ഇതിനായി ആദ്യഘട്ടത്തിൽ **1.5 കോടി രൂപ നീക്കിവയ്ക്കുന്നു.**

**102. കേരളസർവ്വകലാശാലയുടെ കൈവശമുള്ള ആക്കുളത്തെ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിക്കണമെന്ന ആവശ്യം സംബന്ധിച്ച് പഠനം നടത്തി നടപടി സ്വീകരിക്കും.**

ആക്കുളത്ത് സർവ്വകലാശാലയുടെ അധീനതയിലുള്ള ഭൂമിയിൽ കേരള സർക്കാരിന്റെ ഭവനനിർമ്മാണ ബോർഡുമായി ചേർന്ന് ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പഠിക്കും. ജീവനക്കാർക്കും അദ്ധ്യാപകർക്കും എത്രത്തോളമതു ഗുണകരമാ കുമെന്ന് മനസ്സിലാക്കി സിൻഡിക്കേറ്റ് നടപടി സ്വീകരിക്കും. പ്രാഥമിക അന്വേഷണത്തിനും പഠനത്തിനും പേപ്പർവർക്കുകൾക്കു മായി **2 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

**103. 'ഡോ. ദീപക്ക് സ്മരണ: രാജ്ഭാഷാ അവാർഡ്' ഏർപ്പെടുത്തും.**

അകാലത്തിൽ അന്തരിച്ച ഡോ. ദീപക്ക്. കെ. ആർ ഹിന്ദി പഠന- ഗവേഷണവകുപ്പ് അസി. പ്രൊഫസറും കാമ്പസ് യൂണിയ നുകളുടെ സ്റ്റാഫ് അഡ്വൈസറുമായിരുന്നു. സമർത്ഥനായ അക്കാദമിക്കുമായിരുന്നു. അദ്ദേഹത്തോടുള്ള ആദരസൂചകമായി 'ഡോ. ദീപക്ക് സ്മരണ: രാജ്ഭാഷാ അവാർഡ്' കേരള സർവ്വകലാശാല ഏർപ്പെടുത്തും. കേരളത്തിലെ സർവ്വകലാശാല കളിലെ ഒരോ വർഷത്തെയും ഹിന്ദി ഭാഷാസാഹിത്യത്തിലെ

ഏറ്റവും മികച്ച പി.എച്ച്.ഡി പ്രബന്ധത്തിനാണ് അവാർഡ് നല്കുന്നത്. പതിനായിരം രൂപയും ശില്പവും പ്രശസ്തി പത്രവുമാണ് അവാർഡ്. കേരള സർവ്വകലാശാല ഹിന്ദി പഠന വകുപ്പിനാണ് ഇതിന്റെ നടത്തിപ്പ്ചുമതല. ആദ്യ വർഷത്തെ നടത്തിപ്പിനായി ഹിന്ദി പഠന വകുപ്പിന് **1 ലക്ഷം രൂപ അനുവദിക്കുന്നു.** പ്രസ്തുത ആവശ്യത്തിനായി പുതിയ ഫിനാൻഷ്യൽ ഹെഡ്, ഹിന്ദിഡിപ്പാർട്ടുമെന്റിന് തുടർന്ന് അനുവദിക്കും.

**104. ജർമ്മൻ പഠനവിഭാഗത്തിന്റെ ഹ്രസ്വകാല കോഴ്സുകൾ അന്തർദേശീയ തലത്തിൽ വ്യാപിപ്പിക്കും.**

ജർമ്മനിയിലേക്ക് തൊഴിൽ അന്വേഷകർ കൂടിവരുന്ന സാഹചര്യത്തിൽ സർവ്വകലാശാല ജർമ്മൻ ഹ്രസ്വകാല കോഴ്സുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. പ്രസ്തുത കോഴ്സുകൾക്ക് അന്തർദേശീയ തലത്തിൽ അംഗീകാരം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കും. ഇതിനായി പഠന വകുപ്പിന് **15 ലക്ഷം രൂപ അനുവദിക്കും.**

**105. സെന്റർ ഫോർ ട്രാൻസിലേഷന് (Centre for Translation) സഹായം നൽകും**

ജർമ്മൻ ഡിപ്പാർട്ട്മെന്റ് കീഴിലുള്ള സെന്ററിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജർമ്മൻ ഭാഷയിലെ സാഹിത്യ കൃതികൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നതിനും ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾക്കും വേണ്ടി സോഫ്റ്റ്വെയർ, ഓൺലൈൻ ഡിക്ഷനറി മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി **5 ലക്ഷം രൂപ മാറ്റിയിരിക്കുന്നു.**

**106. Industry accademia conclave and Open House സംഘടിപ്പിക്കും.**

സർവകലാശാലയുടെ ഗവേഷണഫലങ്ങളുടെ പ്രദർശനവും സംയുക്ത വ്യവസായ സഹകരണത്തിന് അവസരം സൃഷ്ടിക്കാൻ പര്യാപ്തമായ ഇൻഡസ്ട്രിയൽ സൗഹൃദവും ഗവേഷണ മേഖലകൾക്ക് ഒരുക്കി നല്കാനാകുന്ന തരത്തിൽ Industry accademia con

clave and Open House സംഘടിപ്പിക്കും. ഇതിനായി **10 ലക്ഷം അനുവദിക്കുന്നു.**

### 107. Industrial coridoor with Technopark: Neighbourhood Introspection സംഘടിപ്പിക്കും.

തിരുവനന്തപുരം ടെക്നോപാർക്കിലെ വിവിധകമ്പനികളുടെ തൊഴിൽ സാധ്യതകൾക്ക് അനുയോജ്യമായി കാമ്പസിലെ വിവിധ പഠനവകുപ്പുകളുടെ പ്രോഗ്രാമുകൾ ക്രമീകരിച്ച്, കമ്പനികളുമായി MoU ഒപ്പിട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭമാണിത്. ഇതിനായി **4 ലക്ഷം അനുവദിക്കുന്നു.**

### 108. കാര്യവട്ടം കാമ്പസിലെ സെന്റർഫോർ അണ്ടർഗ്രാജുവേറ്റ് സ്റ്റഡീസിൽ Quantum Computing (മേജർ) പ്രോഗ്രാം തുടങ്ങും.

Quantum Computing-ൽ ഒരു മേജർ പ്രോഗ്രാം 2026 മുതൽ കാര്യവട്ടം കാമ്പസിലെ സെന്റർഫോർ അണ്ടർഗ്രാജുവേറ്റ് സ്റ്റഡീസിൽ ആരംഭിക്കും. കാലികപ്രാധാന്യമുള്ള ഈ പ്രോഗ്രാമിന്റെ രൂപരേഖ സർവ്വകലാശാലയുടെ CSS തയ്യാറാക്കും. ഇതിനായി **4 ലക്ഷം നീക്കിവയ്ക്കുന്നു.**

### 109. സർവ്വകലാശാല പഠന ഗവേഷണ വകുപ്പുകളിൽ ഒരുവർഷ പി.ജി പ്രോഗ്രാമുകൾ അനുമതിയ്ക്ക് വിധേയമായി തുടങ്ങും.

കാര്യവട്ടം കാമ്പസിലെ പഠന ഗവേഷണവകുപ്പുകളിൽ അനുമതിയ്ക്ക് വിധേയമായി തുടങ്ങാനുദ്ദേശിക്കുന്ന 40 ഒരുവർഷ പി.ജി കോഴ്സുകൾ സർവ്വകലാശാല CSS നിർദ്ദേശിച്ചിട്ടുണ്ട്. അവ ഇതോടൊപ്പം ചേർക്കുന്നു...

1. PG Programme in Artificial Intelligence & Intelligent Systems
2. PG Programme in Internet of Things & Smart Systems
3. PG Programme in Renewable Energy Systems & Storage

4. PG Programme in Nanoscience & Nanotechnology
5. PG Programme in Robotics & Autonomous Systems
6. PG Programme in Cybersecurity & Digital Forensics
7. PG Programme in Semiconductor Devices & Technology
8. PG Programme in Advanced Electronic Materials & Devices
9. PG Programme in Data Driven Materials Science
10. PG Programme in Computational Physics & Simulation
11. PG Programme in Climate Science & Modelling
12. PG Programme in Advanced Spectroscopy & Imaging
13. PG Programme in Quantum Technologies
14. PG Programme in Applied Statistics & Data Analytics
15. PG Programme in Mathematical Modelling & AI Methods
16. PG Programme in Environmental Analytics & Sustainability Science
17. PG Programme in AI & Bioinformatics
18. PG Programme in Genomics & Precision Medicine Research
19. PG Programme in Biomedical Data Science
20. PG Programme in Systems Biology & Network Modelling
21. PG Programme in Digital Humanities & Cultural Analytics
22. PG Programme in Science, Technology & Society Studies
23. PG Programme in Cognitive Science & Human Behaviour
24. PG Programme in Media, Technology & Society
25. PG Programme in Language Technology & Computational Linguistics
26. PG Programme in Public Policy & Data Analytics
27. PG Programme in Urban Studies & Smart City Research
28. PG Programme in Development Studies & Sustainability
29. PG Programme in Behavioural Economics & Decision Science
30. PG Programme in Social Data Science & Research Methods
31. PG Programme in Financial Analytics & FinTech

32. PG Programme in Digital Economy & Platform Studies
33. PG Programme in Sustainable Business & ESG Research
34. PG Programme in Business Data Science
35. PG Programme in Learning Sciences & Educational Technology
36. PG Programme in Assessment, Measurement & Analytics
37. PG Programme in Cognitive & Neuro Education
38. PG Programme in Digital Media Arts & Creative Technologies
39. PG Programme in Cultural Heritage Documentation & Visualization
40. PG Programme in Technology Law, AI Ethics & Policy

ഇവ വിവിധ പഠന-ഗവേഷണവകുപ്പുകളുമായി കൂടിയാലോചിച്ചും വിദഗ്ധരുമായി ചേർന്ന് സിലബസും പ്രോഗ്രാം ഫ്രെയിം തയ്യാറാക്കിയും സൗകര്യപ്രദമായി പഠന-ഗവേഷണവകുപ്പുകളുടെ അനുമതികൾക്കും വിധേയമായി നടപ്പാക്കും. ഇതിനായി സർവ്വകലാശാലയുടെ IQACയും CSSഉം സംയുക്ത നടപടികൾ സ്വീകരിക്കും. പ്രാരംഭപ്രവർത്തനങ്ങൾക്കായി **25 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

### 110. ഒ.എൻ.വി ബിൽഡിംഗിൽ ക്ലാസ്മുറി സൗകര്യം വർദ്ധിപ്പിക്കും.

കാര്യവട്ടം കാമ്പസിലെ ഒഎൻവി ബിൽഡിംഗിൽ വിവിധ ഭാഷാപഠനഗവേഷണവകുപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ക്ലാസ്മുറികളുടെ അപര്യാപ്തത പ്രസ്തുത ബിൽഡിംഗിലുണ്ട്. അതു പരിഹരിക്കാൻ ആവശ്യമായ നടപടിസ്വീകരിക്കും. ഇതിനായി **60 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

### 111. മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് പഠനഗവേഷണ വകുപ്പുകളിൽ അടിസ്ഥാനസൗകര്യവികസനം സാധ്യമാക്കും.

സർവ്വകലാശാലയുടെ മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് പഠനഗവേഷണവകുപ്പുകൾക്ക് കൂടുതൽ ക്ലാസ്മുറികളും സെമിനാർ ഹാൾ സൗകര്യവും വേണമെന്നത് ഏറെക്കാലമായുള്ള ആവശ്യ

മാണ്. പല നടപടികളും ഇതുപരിഹരിക്കാനായി സ്വീകരിച്ചെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ല. പ്രസ്തുത ഡിപ്പാർട്ടുമെന്റുകളുടെ അടിസ്ഥാനസൗകര്യവികസനപ്രശ്നം പരിഹരിക്കാനായി **75 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

**112. അഷ്ടമുടി തടാകത്തിന്റെ ജൈവവൈവിധ്യത്തെയും സംരക്ഷണത്തെയും കുറിച്ചുള്ള സമഗ്ര പഠനവും, ഡോക്കുമെന്ററിയും കോഫി ടേബിൾ പുസ്തകവും.**

അഷ്ടമുടി തടാകത്തിന്റെ നിലവിലുള്ള പ്രാഥമിക, ദ്വിതീയ ശാസ്ത്ര സാഹിത്യം, ചരിത്ര രേഖകൾ, ആവാസവ്യവസ്ഥയുടെ ആരോഗ്യ വിലയിരുത്തലുകൾ എന്നിവ വ്യവസ്ഥാപിതമായി സമാഹരിക്കാനും സമന്വയിപ്പിക്കാനും ഈ സംരംഭം ലക്ഷ്യമിടുന്നു. ആഗോളതലത്തിൽ പ്രാധാന്യമുള്ള ഈ തണ്ണീർത്തടത്തിന്റെ പാരിസ്ഥിതിക സമ്പന്നത, സംരക്ഷണ മൂല്യങ്ങൾ, സമകാലിക വെല്ലുവിളികൾ എന്നിവ പകർത്തുന്ന ഒരു ക്യൂറേറ്റഡ് ജൈവവൈവിധ്യ ഡാറ്റാബേസും ഒരു കോഫി ടേബിൾ പ്രസിദ്ധീകരണവും, ഡോക്കുമെന്ററിയും ഈ പദ്ധതിയുടെ ഫലമായി തയ്യാറാക്കും. അതിന്റെ പണ്ഡിത മൂല്യത്തിനപ്പുറം, ഗവേഷകർ, നയരൂപീകരണക്കാർ, സംരക്ഷണ ഏജൻസികൾ, പൊതുജനങ്ങൾ എന്നിവർക്ക് ഈ പ്രസിദ്ധീകരണം ഒരു ആധികാരിക റഫറൻസായി വർത്തിക്കും. തണ്ണീർത്തട സംരക്ഷണത്തിനും അറിവ് വ്യാപനത്തിനും ശാശ്വത സംഭാവന നൽകുന്നതിനായി കോഫി ടേബിൾ ബുക്കിന്റെ കർശനമായ ഡാറ്റ സമാഹരണം, വിദഗ്ദ്ധ എഡിറ്റോറിയൽ പ്രക്രിയകൾ, പ്രൊഫഷണൽ ഡിസൈൻ, ഗുണനിലവാരമുള്ള നിർമ്മാണം, മികച്ച ഒരു ഡോക്കുമെന്ററി എന്നിവ പ്രാപ്തമാക്കുന്നതിന് **10 ലക്ഷം രൂപ വകയിരുത്തുന്നു.**

**113. ശാസ്താംകോട്ട കായലിന്റെ ജൈവവൈവിധ്യവും പാരിസ്ഥിതിക ആഘാതതോതും വിലയിരുത്തി കോഫി ടേബിൾ പുസ്തകം തയ്യാറാക്കും.**

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട കായൽ കേരളത്തിലെ ഏറ്റവും വലിയ ശുദ്ധ ജല തടാകമാണ്. 2002 ൽ റാംസർ തണ്ണീർ ത്തടമായി പ്രഖ്യാപിക്കപ്പെട്ട ഈ ജലാശയം കൊല്ലം ജില്ലയുടെ പ്രധാന കുടിവെള്ള സ്രോതസ്സാണ്, കൂടാതെ മത്സ്യ ലഭ്യതയ്ക്കും പേരുകേട്ടതാണ്. അക്വാട്ടിക് ബയോളജി വകുപ്പ് ഇവിടെ മത്സ്യ സെൻസസ് നടത്തിയിട്ട് 10 വർഷം കഴിയുന്ന സാഹചര്യത്തിൽ ദിനംപ്രതി അധികരിക്കുന്ന കാലാവസ്ഥാവ്യതിയാനവും മനുഷ്യ ഇടപെടലുകളും കായലിന്റെ സുസ്ഥിരതക്കും മത്സ്യസമ്പത്തിനും വരുത്തിയ മാറ്റങ്ങൾ പഠനവിധേയമാക്കേണ്ടതാണ്. ഇതിലൂടെ കായൽ നേരിടുന്ന പാരിസ്ഥിതിക ആഘാതങ്ങളുടെ തോത് വിലയി രുത്താനും സംരക്ഷണ ശ്രമങ്ങളുടെ ആവശ്യകത തിട്ടപ്പെടുത്താ നുമാവും. ഇതോടൊപ്പം കായൽ ടൂറിസം പ്രോത്സാഹിപ്പിക്കാനു തകുന്ന തരത്തിൽ കായലിലെ ജൈവവൈവിധ്യവും, അനുബന്ധ സംസ്കാരവും അടയാളപ്പെടുത്തുന്ന ഒരു കോഫീ ടേബിൾ പ്രസി ദ്ധീകരണവും തയ്യാറാക്കും. ഈ പഠനവും പ്രസിദ്ധീകരണവും ശാസ്താംകോട്ട കായലിന്റെ ഇന്നത്തെ അവസ്ഥ വിളിച്ചോതുന്ന ആധികാരിക രേഖ മാത്രമല്ല, ഗവേഷകർക്കും, സംരക്ഷണ ഏജൻ സികൾക്കും, വിനോദ സഞ്ചാരികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഒരു സൂചകമാവും. ഇതിനായി അക്വാട്ടിക് ബയോളജി വകുപ്പിന് **7 ലക്ഷം രൂപ വകയിരുത്തുന്നു.**

**114. സാഹിത്യോത്സവം ഉൾപ്പെടെയുള്ള മാതൃഭാഷാബോധന പരിപാടി.**

മാതൃഭാഷാപഠനത്തിന്റെ പ്രാധാന്യം സാമാന്യ ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി കാമ്പസ്സിനകത്തും പുറത്തും സാഹിത്യോത്സവങ്ങൾ ഉൾപ്പെടെയുള്ള വിവിധപരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. എല്ലാ വിജ്ഞാനവും മാതൃഭാഷയിലൂടെ ഉൾക്കൊള്ളാൻ കഴിയുന്ന വിധം പുതുതലമുറയെ പ്രാപ്താരാക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കേരളത്തിന്റെ മാതൃ സർവ്വകലാശാല എന്ന നിലയിൽ കേരള സർവ്വകലാശാല ആ

ദൗത്യം ഏറ്റെടുക്കുകയാണ്. സ്ഥാപിതമായിട്ട് 60 വർഷം (ഡയമ ൻഡ് ജൂബിലി) പിന്നിട്ട മലയാള പഠനവകുപ്പിന് **5 ലക്ഷം രൂപ അനുവദിക്കുന്നു.**

## 115. സെന്റർ ഫോർ ഇംഗ്ലീഷ് ലാങ്ഗ്വേജ് ടീച്ചിംഗിലെ (CELT) ഡിജിറ്റൽ സ്റ്റുഡിയോ വിപുലീകരിക്കും

നിലവിൽ സെന്റർ ഫോർ ഇംഗ്ലീഷ് ലാങ്ഗ്വേജ് ടീച്ചിംഗിലെ (CELT) വീഡിയോ-ഓഡിയോ റെക്കോർഡിങ്ങിനായി ഉപയോഗി ക്കുന്ന ക്യാമറയും അനുബന്ധ ഉപകരണങ്ങളും കാലപ്പഴക്കമുള്ള വയാണ്. ലെക്ചറുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ തുടങ്ങിയവ പ്രൊഫഷ ണൽ രീതിയിൽ റെക്കോർഡ് ചെയ്യുന്നതിന് പുതിയ ഉപകരണ ങ്ങൾ അനിവാര്യമാണ്. ഈ പദ്ധതി KU Paadashala ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ മികവിനും, ബ്ലെൻഡ് ലേർണിംഗ്, ഫ്ളിപ്പ്ഡ് (Flipped) ക്ലാസ്സ് റൂം മോഡലുകൾക്കും സഹായകമാകും. ഇതുവഴി സർവകലാശാലയുടെ അക്കാദമിക പ്രവർത്തനങ്ങളുടെ ഡിജിറ്റൽ ശേഖരം സൃഷ്ടിക്കാനാകും. ഇതിനായി **4 ലക്ഷം രൂപ അനു വദിക്കും.**

## 116. സെന്റർ ഫോർ ഇംഗ്ലീഷ് ലാങ്ഗ്വേജ് ടീച്ചിംഗിൽ പിയർ റിവ്യൂഡ് അക്കാദമിക് ജേർണൽ ആരംഭിക്കും.

ഇംഗ്ലീഷ് ഭാഷ, സാഹിത്യം, ഭാഷാ പഠനം, സാംസ്കാരിക പഠനം, വിവർത്തന പഠനം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ISSN രജിസ്ട്രേഷൻ, DOI സൗകര്യം, അക്കാദമിക് ഇൻഡക്സിങ് എന്നിവ ഉറപ്പാക്കിക്കൊണ്ട് വർഷത്തിൽ രണ്ട് തവണ ജേർണൽ പ്രസിദ്ധീകരിക്കും. അദ്ധ്യാപകർ, ഗവേഷകർ, പി.ജി. വിദ്യാർത്ഥികൾ എന്നിവർക്ക് ലേഖനങ്ങൾ പ്രസിദ്ധീക രിക്കാം. കേരളത്തിന്റെ ഭാഷ / സാഹിത്യ പൈതൃകവും ആഗോള അക്കാദമിക ചർച്ചകളും തമ്മിൽ ബന്ധിപ്പിക്കുന്ന വേദിയായി ഈ പദ്ധതി മാറും. ഈ പദ്ധതിയുടെ നടത്തിപ്പിനായി **3 ലക്ഷം രൂപ വകയിരുത്തുന്നു.**

### 117. 'ക്വിസ്റ്റ് ഫോർ സ്പോർട്സ് ടാലന്റ്' പദ്ധതി തുടരും.

ദേശീയ-അന്തർ ദേശീയ മത്സരങ്ങളിൽ മെഡൽ സാധ്യത മനസിലാക്കി കായിക താരങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതിയാണ് 'ക്വിസ്റ്റ് ഫോർ സ്പോർട്സ് ടാലന്റ്' പദ്ധതി. കഴിഞ്ഞ ബജറ്റിൽ ഈ പദ്ധതി പ്രഖ്യാപിച്ചെങ്കിലും നടപ്പാക്കുന്നതിന് കഴിഞ്ഞില്ല. വരുന്ന അക്കാദമിക് വർഷം പദ്ധതി നടപ്പിലാക്കാൻ **17 ലക്ഷം രൂപ വകയിരുത്തുന്നു.**

### 118. ബോട്ടണി വകുപ്പിലെ BSL - II സൗകര്യങ്ങളുടെ നവീകരണം:

സർവ്വകലാശാലയുടെ ബോട്ടണി വിഭാഗം മൈക്രോബയോളജി ലബോറട്ടറിയിൽ ബയോ-സേഫ്റ്റി ലെവൽ I, II (BSL I & II) സൗകര്യം സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെയാണ് ഗവേഷണാർത്ഥം ബാക്ടീരിയകളെയും ഫംഗികളെയും സുരക്ഷിതമായി ഉപയോഗിക്കുന്നത്. ഗവേഷണങ്ങളുടെ സൂക്ഷ്മത ഉറപ്പാക്കാനായി ഗുണമേന്മയുള്ള BOD ഇൻക്യൂബേറ്ററും ഒരു ബാക്ടീരിയോളജിക്കൽ ഇൻക്യൂബേറ്ററും ഇവിടെ ആവശ്യമായിവരുന്നു. ഇതിനായി **4 ലക്ഷം രൂപ അനുവദിക്കുന്നു.**

### 119. മാനേജ്മെന്റ് & കോമേഴ്സ് പഠന-ഗവേഷണ വിഭാഗങ്ങൾക്കായി 'ബിസിനസ്സ് & മാനേജ്മെന്റ് ടവർ' സ്ഥാപിക്കും.

സർവ്വകലാശാലയുടെ പ്രധാന പഠനഗവേഷണ വകപ്പുകളാണ് മാനേജ്മെന്റും, കോമേഴ്സും. നൂതനമായ ഒട്ടേറെ പഠനമേഖലകൾ അവിടെ ആരംഭിക്കേണ്ടതുണ്ട്. ഇപ്പോഴുള്ള സ്ഥലസൗകര്യം അതിനുതീരെ പര്യാപ്തമല്ല. പരിഹാരത്തിനായി പലഘട്ടങ്ങളിൽ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും അത് നടപ്പാക്കാനായില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പഠനവകുപ്പുകൾക്കായി 'ബിസിനിസ്സ് & മാനേജ്മെന്റ് ടവർ' എന്നപേരിൽ പ്രത്യേകം ആസ്ഥാനമന്ദിരം നിർമ്മിക്കും. ഇതിനായി ആദ്യഘട്ടത്തിൽ **1.5 കോടി രൂപ നീക്കിവയ്ക്കും.**

**120. സർവ്വകലാശാല ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി 'കെയർ പദ്ധതി' നടപ്പാക്കാൻ നടപടി സ്വീകരിക്കും.**

സർവ്വകലാശാലയ്ക്കുവേണ്ടി സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്കും അദ്ധ്യാപകർക്കും ദുരന്തകാലങ്ങളിൽ സംരക്ഷണമൊരുക്കുന്ന പദ്ധതിയാണ് കെയർ. ഈ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടേയും അദ്ധ്യാപകരുടെയും സംഘടനകളുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളും.

**121. കാര്യവട്ടത്ത് മൾട്ടിയൂട്ടിലിറ്റി ബിൽഡിംഗിന്റെ നിർമ്മാണത്തിന് രണ്ടാം ഗഡു സാമ്പത്തിക സഹായം അനുവദിക്കും.**

കാര്യവട്ടം കാമ്പസിലെ വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും സൗകര്യപ്രദമാകുന്നതരത്തിൽ വിവിധ സൗകര്യങ്ങൾ ഏകോപിപ്പിക്കാനായി കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനചെയ്ത മൾട്ടിയൂട്ടിലിറ്റി ബിൽഡിംഗിനായുള്ള നടപടികൾ നടന്നുവരികയാണ്. ഇതിന്റെ നടത്തിപ്പിനായി രണ്ടാം ഘട്ടമായി **1 കോടി രൂപ കൂടി അനുവദിക്കുന്നു.**

**122. ബി.ബി.എ. എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ കാര്യവട്ടത്ത് തുടങ്ങും.**

സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിലെ നിയമവകുപ്പും മാനേജ്മെന്റ്, കോമേഴ്സ് വകുപ്പുകളും, നിയമ വകുപ്പും ചേർന്ന് സംയുക്തമായി ബി.ബി.എ. എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി എന്നീ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ പുതുതായി തുടങ്ങും. ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി **10 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.**

**123. അടിയന്തിരാവസ്ഥ അനുഭവങ്ങൾ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കും.**

അഹിംസയുടെ സമരമാർഗ്ഗം സ്വാതന്ത്ര്യത്തിന് വഴിതുറക്കുമെന്ന് ലോകത്തെ ബോധ്യപ്പെടുത്തിയ ജനാധിപത്യ രാഷ്ട്രമാണ്

ഇന്ത്യ. റിപ്പബ്ലിക്കായി തീർന്ന ഇന്ത്യയിൽ, ഇരുപത്തഞ്ചു വർഷത്തിനുള്ളിൽ പടർന്ന ക്രൂരമായ ഇരുട്ടായിരുന്നു അടിയന്തിരാവസ്ഥ. അക്കാലത്തിന്റെ സ്വാതന്ത്ര്യ നിഷേധങ്ങളും ഭരണകൂടഭീകരതകളും അനുഭവ സാക്ഷ്യങ്ങളായി മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ തിരഞ്ഞെടുക്കപ്പെട്ടവ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കാനുള്ള ഒരു പദ്ധതി സർവ്വകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് തയ്യാറാക്കിയിട്ടുണ്ട്. സർവ്വകലാശാല പബ്ലിക്കേഷൻ ഡയറക്ടറുടെ കൂടി പരിശോധനയ്ക്ക് വിധേയമായി പ്രസ്തുത പദ്ധതി സാക്ഷാത്കരിക്കും. ഇതിനായി **3 ലക്ഷം രൂപ അനുവദിക്കുന്നു.**

**124. സസ്യങ്ങളുടെ ക്രോമോസോം അറ്റ്ലസ് തയ്യാറാക്കി പ്രസിദ്ധീകരിക്കും: പ്രൊഫ. സി. എ. നൈനാൻ പഠന പദ്ധതി.**

സസ്യങ്ങളുടെ പരിണാമം, വർഗ്ഗീകരണം (taxonomy), സ്പീഷിയേഷൻ, ജനിതക വൈവിധ്യം, വിള മെച്ചപ്പെടുത്തൽ എന്നിവയിൽ സൈറ്റോജനറ്റിക്സ് (Cytogenetics) നിർണായക പങ്ക് വഹിക്കുന്നു. ക്രോമോസോമുകളുടെ എണ്ണം, ഘടന, ആകൃതി, കരിയോടൈപ്പ് (karyotype) സവിശേഷതകൾ എന്നിവ സംബന്ധിച്ച പഠനം ശ്രദ്ധേയമാണ്. സ്വദേശി സസ്യവർഗങ്ങളുടെ സമഗ്രമായ സൈറ്റോജനറ്റിക് രേഖീകരണം ഈ മേഖലയിലെ ഗവേഷണത്തിൽ പ്രധാനമാണ്.

ബോട്ടണി വകുപ്പിലെ മുൻ അധ്യാപകനും പ്രശസ്ത സൈറ്റോജനറ്റിസിസ്റ്റുമായിരുന്ന പരേതനായ പ്രൊഫ. സി. എ. നൈനാൻ സസ്യ സൈറ്റോളജിയിലും, വർഗ്ഗീകരണത്തിലും അതുല്യമായ സംഭാവനകൾ നൽകിയ ഗവേഷകനാണ്.

ശാസ്ത്രീയമായ കൃത്യതയും ദൃശ്യസമ്പുഷ്ടതയും ഉള്ള ക്രോമോസോം അറ്റ്ലസ് തയ്യാറാക്കുന്ന പ്രൊഫ. സി. എ. നൈനാൻ പഠന പദ്ധതിയ്ക്കായി **4 ലക്ഷം രൂപ അനുവദിക്കുന്നു.**

**125. AI അധിഷ്ഠിത മൈക്രോബിയൽ ജീനോം ഖനനം വഴി ബയോമാസ് പരിവർത്തന എൻസൈമുകൾ കണ്ടെത്തുന്ന പഠനപദ്ധതി പ്രോത്സാഹിപ്പിക്കും.**

ബയോമാസ് പരിവർത്തനം (Biomass conversion) നമ്മുടെ സുസ്ഥിര വികസനത്തിനും ജൈവസമ്പത്തിനും വളരെ പ്രധാന മാണ്. കാർഷിക മാലിന്യങ്ങൾ, മരച്ചില്ലുകൾ, ആൽഗകൾ മുതലായ വയെ ബയോ ഇന്ധനങ്ങളും മറ്റു ഉപകാരപ്രദമായ ഉൽപ്പന്നങ്ങളു മായി മാറ്റാൻ ഇതിലൂടെ സാധിക്കുന്നുണ്ട്. കൃത്രിമബുദ്ധിയും (AI), മെഷീൻ ലേർണിംഗും (ML) മൈക്രോബിയൽ ജീനോമുകളെ അനലൈസ് ചെയ്തു പുതിയ എൻസൈമുകൾ കണ്ടെത്താൻ സഹായിക്കുമെന്നാണ് വിവരം. AI ഉപയോഗിച്ചുള്ള ജീനോം ഖനനം (genome mining) വഴി പുതിയ എൻസൈമുകൾ കണ്ടെ ത്താനും, അത് ഉപയോഗിച്ച് ബയോമാസ് പരിവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനുമുള്ള ഗവേഷണ പദ്ധതിയാണിത്. ഇതിനായി **5 ലക്ഷം രൂപ അനുവദിക്കുന്നു.**

**126. സ്കൂൾ ഓഫ് ലൈഫ് സയൻസസ്സിന്റെ അക്കാദമിക് പ്രവർത്തനങ്ങൾക്ക് സഹായമൊരുക്കും.**

സ്കൂൾ ഓഫ് ലൈഫ് സയൻസസ് സംഘടിപ്പിക്കുന്ന ശാസ്ത്രബന്ധിത പ്രഭാഷണ പരമ്പര, രീതിശാസ്ത്ര വർക്ക്ഷോ പ്പുകൾ, ലബോറട്ടറി രീതികളും, നൈതിക പരിശീലനവും എന്നി വയ്ക്കായി **2 ലക്ഷം രൂപ അനുവദിക്കുന്നു.**

**127. ഇൻഡോറായി കുങ്കുമപ്പൂ കൃഷി ചെയ്യുന്ന പദ്ധതി വികസിപ്പിക്കും.**

കുങ്കുമപ്പൂവിന്റെ ഉണങ്ങിയ സ്റ്റിഗ്മയിൽ നിന്ന് ലഭിക്കുന്ന വളരെ മൂല്യവത്തായ ഒരു സുഗന്ധവ്യഞ്ജന വിളയാണ് കുങ്കുമം. ഇതിന്റെ പലതരം മൂല്യങ്ങൾ കണക്കാക്കി 'റെഡ് ഗോൾഡ്' എന്ന റിയപ്പെടുന്നു. സാങ്കേതികവിദ്യകളുള്ള നിയന്ത്രിത പരിതസ്ഥി തിയിൽ ഇൻഡോർ രീതിയിൽകുങ്കുമപ്പൂ കൃഷി ചെയ്യുവാൻ സാധിക്കും. അതിനാവശ്യമായ ഉപകരണങ്ങൾക്ക് ഉയർന്ന പ്രാരംഭ നിക്ഷേപം ആവശ്യമാണെങ്കിലും, പ്രീമിയം ഉൽപ്പന്ന സാധ്യതയും സ്ഥിരമായ വാർഷിക വിളവെടുപ്പും സാധ്യമാകുമെന്നാണ് കരുതു ന്നത്. കൃത്യമായ താപനില മാറ്റങ്ങൾ, ഈർപ്പം നിയന്ത്രണം, മതി

യായ വെളിച്ചം, കർശനമായ ശുചിത്വം, എന്നിവ ഇതിനായി ക്രമീകരിക്കേണ്ടതുണ്ട്. കേരള സർവകലാശാലയിലെ സസ്യശാസ്ത്ര വിഭാഗത്തിൽ, കുങ്കുമപ്പൂവ് ഇൻഡോർ കൃഷി ചെയ്യുന്നതിനുള്ള ഒരു സൗകര്യം സ്ഥാപിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. വകുപ്പിന് ടിഷ്യുകൾച്ചർ സൗകര്യമുള്ളതിനാൽ, ചില ഉപകരണങ്ങൾ ഈ പദ്ധതിക്കായി ഉപയോഗിക്കാം. എന്നിരുന്നാലും, കൃഷിക്കായി ഒരു ഇൻക്യുബേഷൻ റൂം സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി **6 ലക്ഷം രൂപ അനുവദിക്കുന്നു.**

**128. ഭക്ഷ്യയോഗ്യമായ പുഷ്പങ്ങളുടെ സംസ്കരണത്തിന് പദ്ധതി.**

ആഹാരപാചകത്തിലും ആയുർവേദ ചികിത്സയിലും ഭക്ഷ്യയോഗ്യമായ പുഷ്പങ്ങൾ പണ്ടുകാലം മുതൽ ഉപയോഗിക്കുന്നുണ്ട്. USDAയുടെ ന്യൂട്രിയന്റ് ഡാറ്റാബേസ് പ്രകാരം ഇവയിൽ പ്രധാന പോഷകങ്ങൾ, ധനിജങ്ങൾ, വിറ്റാമിനുകൾ, ആരോഗ്യത്തിന് ഗുണകരമായ ജൈവസജീവഘടകങ്ങൾ എന്നിവ അടങ്ങിയിരിക്കുന്നതായി വ്യക്തമാണ്. ചെണ്ടുമല്ലി, റോസ്, ചെമ്പരത്തി, മാതളം, തേങ്ങപ്പൂവ്, മുരിങ്ങപ്പൂവ്, വാഴപ്പൂവ് എന്നിവ നമ്മൾ സാധാരണയായി ഉപയോഗിക്കുന്ന ഭക്ഷ്യയോഗ്യമായ പുഷ്പങ്ങളാണ്. ഈ പഠനത്തിന്റെ ലക്ഷ്യം ഇവയുടെ പോഷകവും പ്രതിപോഷകവുമായ ഘടകങ്ങൾ വിലയിരുത്തുക, പരമ്പരാഗത ഉപയോഗങ്ങൾ രേഖപ്പെടുത്തുക, കൂടാതെ ഭക്ഷ്യ വ്യവസായത്തിൽ ഉപയോഗിക്കാവുന്ന പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക എന്നിവയാണ്. ഈ ഗവേഷണം ഭക്ഷ്യ വ്യവസായത്തിനും ഭാവിയിലെ ശ്രദ്ധേയമായ ഇതര പഠനങ്ങൾക്കും ഉപകാരപ്പെടും. ഭക്ഷ്യയോഗ്യമായ പുഷ്പങ്ങൾ സുരക്ഷിതമായി ഉപയോഗിക്കാൻ അവയുടെ ഗുണങ്ങളും അപകടസാധ്യതകളും മനസ്സിലാക്കേണ്ടതാണ്. ഈ പഠനത്തിനായി **7 ലക്ഷം രൂപ അനുവദിക്കുന്നു.**

**129. കേരളത്തിലെ തദ്ദേശീയ സസ്യങ്ങളിൽ നിന്ന് കാൻസർ ഔഷധങ്ങൾ ഉൽപ്പാദിപ്പിക്കാനാകുമോ എന്ന അന്വേഷണ പഠന പദ്ധതിയ്ക്ക് സഹായം.**

ഔഷധസസ്യങ്ങളാൽ സമ്പന്നമാണ് നമ്മുടെ പശ്ചിമഘട്ട മലനിരകൾ. വിവിധതരം ക്യാൻസർ രോഗങ്ങൾക്കുവരെ ഉപയോഗിക്കാം എന്ന് തെളിയിക്കപ്പെട്ടിട്ടുള്ള ഒട്ടനവധി രാസഘടകങ്ങൾ ഈ ചെടികളിൽ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ സസ്യങ്ങൾ വൻതോതിൽ അവയുടെ ആവാസ വ്യവസ്ഥകളിൽ നിന്ന് ശേഖരിക്കുമ്പോൾ ആ ചെടികളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാകാം. ഇത്തരം സസ്യങ്ങളെ പ്ലാന്റ് സെൽ കൾച്ചർ രീതിയിലൂടെ വളർത്തി ഔഷധ ഘടകങ്ങൾ ഉത്പാദിപ്പിക്കുന്ന പദ്ധതിയാണ് ഈ പഠനം ലക്ഷ്യമാക്കുന്നത്. ഇത്തരം ഗവേഷണത്തിലൂടെ ഉരുത്തിരിയുന്ന ഉത്പാദന രീതി പേറ്റന്റ് ചെയ്യുന്നതിനോ ടെക്നോളജി ട്രാൻസ്ഫർ മുഖേന ഔഷധ നിർമ്മാണ കമ്പനികൾക്ക് കൈമാറുന്നതിനോ സാധിക്കും. ഈ പഠനപദ്ധതി ബോട്ടണി ഡിപ്പാർട്ട്മെന്റിൽ നടപ്പിലാക്കുന്നതിന് **5 ലക്ഷം രൂപ അനുവദിക്കുന്നു.**

## 130. ക്യൂരിയസ് ഗാർഡൻ (Curious Garden) സസ്യശാസ്ത്ര വകുപ്പിൽ സ്ഥാപിക്കും.

പുതുതലമുറയെ സസ്യലോകത്തെ വൈവിധ്യങ്ങൾ പരിചയപ്പെടുത്തുന്നതിനും, സസ്യ ലോകത്ത് വിസ്മയങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പൂന്തോട്ടമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ലിവിങ് ഫോസിലുകൾ, ഇരപിടിയൻ സസ്യങ്ങൾ, പുതിയ ഡിസൈനുകൾക്ക് പ്രചോദനമേകുന്ന ബയോമെറ്റിക്, ബയോ ഇൻസ്പയേർഡ് സസ്യങ്ങൾ, അതുല്യമായ സവിശേഷതകളുള്ള സസ്യങ്ങൾ, തുടങ്ങിയവ ശേഖരിച്ച്, പ്രത്യേകം തയ്യാറാക്കുന്ന ഗാർഡനിൽ പ്രദർശിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. സസ്യ ലോകത്തെ വൈവിധ്യങ്ങൾ അറിയുന്നതിനും അതിലൂടെ ഉണ്ടാകാവുന്ന ജിജ്ഞാസയും, താൽപ്പര്യവും സസ്യശാസ്ത്ര മേഖലയിലേക്ക് അവരെ ആകർഷിക്കുന്നതിനും പ്രേരകമാകുമെന്നാണ് കരുതുന്നത്. ഇതിനായി **4 ലക്ഷം രൂപ അനുവദിക്കുന്നു.**

## 131. KUBIIC-ന്റെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ വിപുലീകരിക്കും

സൃഷ്ടിപരമായ ആശയങ്ങളും സംരംഭകത്വപ്രവർത്തനവും പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും അക്കാദമിക് സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി ഇന്ത്യ ഗവൺമെന്റ് ഓഫ് എഡ്യൂക്കേഷൻ മന്ത്രാലയം (MoE) നാഷണൽ ഇന്നൊവേഷൻ ആൻഡ് സ്റ്റാർട്ടപ്പ് പോളിസി (NISP) നടപ്പിലാക്കിയിരിക്കുന്നു. NISP-2019 വിഭാവനം ചെയ്യുന്നത് ഫാക്കൽറ്റികൾക്കും സർവകലാശാലയിൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ കഴിയുമെന്നാണ്. കേരള സർവകലാശാലയുടെ സ്റ്റാർട്ടപ്പ് നയം എൻ.ഐ.എസ്.പിക്കും സമാനമായ മറ്റ് സ്ഥാപനങ്ങൾക്കും തുല്യമായി പരിഷ്കരിക്കും. BIRAC, DST, MSME, AICTE തുടങ്ങിയ കേന്ദ്ര ഏജൻസികളിൽ നിന്നുള്ള ഇൻക്യുബേറ്റർ ആക്സിലറേറ്റർ ഫണ്ട് സ്കീമുകൾ ആകർഷിക്കാൻ, KUBIIC നെ കേരള യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള ഒരു ലിമിറ്റഡ് കമ്പനിയാക്കി മാറ്റണം. KUBIIC ഒരു ലിമിറ്റഡ് കമ്പനിയായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സ്റ്റാർട്ടപ്പ് കമ്പനികളെ പിന്തുണയ്ക്കാൻ ഇപ്പോൾ KUBIIC ന് പരിമിതമായ സ്ഥല സൗകര്യം മാത്രമേ ഉള്ളൂ. പുതിയ സ്റ്റാർട്ടപ്പുകളെ ഉൾക്കൊള്ളാൻ ബയോ ഇൻക്യുബേറ്റർ സൗകര്യം സ്ഥാപിക്കും. ഇതിനായി **50 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.**

**132. സർവ്വകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് പഠന വകുപ്പിലെ സർവ്വേ റിസർച്ച് സെന്റർ 'സി. അച്യുതമേനോൻ സർവ്വേ റിസർച്ച് സെന്ററായി' പുനഃസംഘടിപ്പിച്ച് പ്രവർത്തനം തുടരും.**

പ്രവചനസ്വഭാവമുള്ള ഒട്ടേറെ സർവ്വേകൾ സംഘടിപ്പിക്കുകയും ഗവേഷണം നടത്തുകയും ചെയ്ത സെന്ററാണ് സർവ്വകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് പഠന വകുപ്പിലെ സർവ്വേ റിസർച്ച് സെന്റർ. കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും എക്കാലത്തെയും ദീപ്തമായ രാഷ്ട്രീയ നേതൃത്വവും എഴുത്തുകാരനുമായിരുന്ന സി. അച്യുതമേനോന്റെ പേരിൽ പ്രസ്തുത ഗവേഷണകേന്ദ്രത്തെ

പുനഃസംഘടിപ്പിച്ച് സർവ്വേയും അനുബന്ധഗവേഷണ പ്രവർത്തനങ്ങളും സജീവമാക്കും. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സർവ്വേകൾക്കും പഠന ഗവേഷണങ്ങൾക്കുമായി 'സി. അച്ചുതമേനോൻ സർവ്വേ റിസർച്ച് സെന്ററിന്' **4 ലക്ഷം രൂപ അനുവദിക്കുന്നു.**

### 133. സർവ്വകലാശാല എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ കെട്ടിടം നവീകരിക്കും.

സർവ്വകലാശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന യൂണിവേഴ്സിറ്റി എഞ്ചിനിയറുടെ കെട്ടിടം 40 വർഷത്തോളം പഴക്കമുള്ളതാണ്. പ്രസ്തുത കെട്ടിടം നവീകരിച്ച് ഈ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇതിനായി **20 ലക്ഷം രൂപ അനുവദിക്കുന്നു.**

### 134. കേരള യൂണിവേഴ്സിറ്റി പ്രസ്സിന്റെ ആധുനികവൽക്കരണം നടപ്പാക്കും.

കേരള യൂണിവേഴ്സിറ്റി പ്രസ്സിന്റെ ആധുനികവൽക്കരണത്തിനായി പുതിയ അച്ചടി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി **10 ലക്ഷം രൂപ അനുവദിക്കുന്നു.**

### 135. ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ എയർക്കണ്ടീഷൻ സംവിധാനം നവീകരിക്കും.

കേരള സർവ്വകലാശാലയുടെ മികച്ച പൈതൃകസമ്പത്താണ് ഏഷ്യയിലെ ഏറ്റവും വലിയ താളിയോല ശേഖരമായ സർവ്വകലാശാലയുടെ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി. പ്രസ്തുത ലൈബ്രറിയുടെ എ.സി സംവിധാനം കാലപ്പഴക്കത്താൽ പ്രവർത്തനക്ഷമമല്ല. ഈ സംവിധാനം നവീകരിക്കാനായി **10 ലക്ഷം വകയിരുത്തുന്നു.**

### 136. കേരള സർവ്വകലാശാല @2027 നവതി ആഘോഷം.

കേരളത്തിന്റെ മാതൃസർവ്വകലാശാലയായ കേരള സർവ്വകലാശാല 2027-ൽ 90 വർഷം പിന്നിടുകയാണ്. ഒരു വർഷം നീണ്ടു

നിൽക്കുന്ന നവതി ആഘോഷം വിപുലമായ രീതിയിൽ വിവിധ പരിപാടികളോടെ സംഘടിപ്പിക്കും. സർവ്വകലാശാലയിലെ വിവിധ പഠന-ഗവേഷണ വകുപ്പുകളുമായി ആലോചിച്ചായിരിക്കും പരിപാടി നിശ്ചയിക്കുക. ഇതിനായി **25 ലക്ഷം രൂപ വകയിരുത്തുന്നു.**

സെനറ്റ് അംഗീകരിച്ച 2025-26 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ചിലത് അഡ്മിനിസ്ട്രേറ്റീവ് നടപടികളിൽ നീങ്ങുകയാണ്. ഭരണപരമായ കാലതാമസത്താൽ നടപ്പാക്കുന്നതിനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുന്ന 2025-26 വർഷത്തെ പ്രസ്തുത പദ്ധതികളെല്ലാം, 2026-27 ബഡ്ജറ്റ് വർഷത്തിലും തുടരും. അവയെല്ലാം അതിവേഗം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

പ്രിയമുള്ളവരെ,

സമൂഹ നിർമ്മിതിയിൽ ഉജ്ജ്വലതേജസ്സോടെ തലയുയർത്തിനില്ക്കുന്ന കേരളസർവ്വകലാശാലയുടെ കർമ്മവഴിയിലെ കെടാവിളക്കായ ഈ സഭയ്ക്ക് മുൻപിൽ, ഞാൻ അവതരിപ്പിച്ച ഈ ബഡ്ജറ്റ് സർവ്വകലാശാലയുടെ ശുഭ്രശുദ്ധമായ ഭാവിയുടെകൂടി രൂപരേഖയാണ്... മനോഹരമായൊരു സിംഫണി പോലെ നമ്മളൊത്തൊരുമിച്ച് എത്തിപ്പിടിച്ച, സ്വപ്നതുല്യമായ ഭൂതകാല നേട്ടങ്ങളുടെ തുടർച്ചയാണിത്.

വിജ്ഞാനത്തിന്റെയും മഹത്തായചിന്തകളുടെയും ലോകത്തിന് സുഖകരമായ കാറ്റും വെളിച്ചവുമായി ഇതുമാറുമെന്നുറപ്പാണ്. അസാധ്യമെന്ന് കരുതി ഒരിക്കൽ അകറ്റിനിർത്തിയ ലക്ഷ്യങ്ങളെല്ലാം കൂട്ടായ പരിശ്രമത്തിലൂടെ നേടിയെടുത്തവരാണ് നമ്മൾ. ആത്മവിശ്വാസത്തോടെ, അഴകും അർത്ഥവും നിറഞ്ഞ നേട്ടത്തിന്റെ പടവുകൾ ഇനിയും നമുക്ക് ഒരുപാട് കയറാനുണ്ട്. കേരളസർവ്വകലാശാലയെന്ന ഈ മഹാവൃക്ഷത്തിന്റെ തണലും തലോടലും

ഏറെയേറ്റവരാണ് നമ്മൾ. വിരാമമില്ലാത്ത വിജ്ഞാനയാത്രയിൽ തലമുറകൾക്ക് കരുതലാവാൻ ഈ സർവ്വകലാശാല കൂടുതൽ ഔന്നിത്യത്തോടെ തുടരേണ്ടതുണ്ട്. സമൂഹത്തോടുള്ള കരുതലും പ്രതിബദ്ധതയും പതിത വർഗ്ഗക്കൂറും പ്രകാശം പരത്തുന്ന വഴികളിലൂടെ മഹത്തായ ലക്ഷ്യങ്ങളിലേക്ക് സംഭവബഹുലമായ ചരിത്രം സൃഷ്ടിക്കാനായി, ഐക്യത്തോടെ കർമ്മനിരതമായ പ്രയാണം നമ്മൾ തുടരും.

2025-26 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അക്കാദമിക് - വികസന പദ്ധതികൾ അഭംഗുരം തുടരുകയാണ്. സർവ്വകലാശാലയുടെ ഉജ്ജ്വലമായ കുതിപ്പിന് ഊർജ്ജം പകരുന്ന നിരവധി പദ്ധതികളാണ് 2026-27 ബഡ്ജറ്റിൽ ചേർത്തുവയ്ക്കുന്നത്. ഈ ബഡ്ജറ്റ് സർവ്വകലാശാലയുടെ ലക്ഷ്യത്തെയും ദൗത്യത്തെയും അഭിസംബോധന ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്. പ്രഖ്യാപിച്ച പദ്ധതികളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് മാതൃകാപരമായി നടപ്പിലാക്കുക എന്ന വലിയ ഉത്തരവാദിത്തം ഏറ്റവും അടുത്ത സമയം മുതൽ ആരംഭിക്കുകയാണ്. നമ്മുടെ സാഹചര്യങ്ങളിൽ ഒട്ടേറെ പ്രതിസന്ധികളുമുണ്ടെന്നത് പകൽപോലെ വ്യക്തമാണ്. വൈസ് ചാൻസിലർ, പ്രൊ. വൈസ് ചാൻസിലർ, രജിസ്ട്രാർ എന്നീ നിർണ്ണായക പദവികളിൽ സ്ഥിരം നിയമനം നടക്കുമെന്നാണ് പ്രതീക്ഷ. അത്യസാധാരണമായ നിശ്ചയദാർഢ്യത്തോടെയും പ്രതീക്ഷാനിർഭരമായ മനസ്സോടെയും ഏതു പ്രതിസന്ധികളെയും തരണം ചെയ്ത് സധൈര്യം മുന്നോട്ടുപോകുക എന്നതാണ് കാലം നമ്മളോട് ആവശ്യപ്പെടുന്നത്. അനൗചിത്യങ്ങൾ അരങ്ങ് നിറഞ്ഞാടുന്ന, പ്രതിസന്ധികളുടെ ഈ കാലത്ത് സർവ്വകലാശാലയുടെ സ്വയംഭരണാധികാരവും അക്കാദമിക് സ്വാതന്ത്ര്യവും ജനാധിപത്യവും കാത്തു സൂക്ഷിക്കാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണ്. സർവ്വകലാശാലയുടെ ഏറ്റവും ഉയർന്ന ജനാധിപത്യ വേദിയായ ഈ സഭ, സർവ്വകലാശാലയെ ഒരു പോറൽ പോലുമേൽക്കാതെ കരുതലോടെ സംരക്ഷിക്കും. ആത്യന്തികമായി

നമ്മുടെ കടപ്പാട് സമൂഹത്തോടാണെന്ന് മറക്കാതിരിക്കലാണ് ജനാധിപത്യത്തിന്റെ ഉന്നതമായ സർഗ്ഗപഥം. ശാസ്ത്രീയ വിദ്യാഭ്യാസവും യുക്തി ചിന്തയും മതേതര മനസ്സും ജനാധിപത്യമൂല്യങ്ങളും ശക്തമായ വെല്ലുവിളികൾ നേരിടുന്ന ഈ കാലത്ത് ഭരണഘടനാമൂല്യങ്ങൾ രക്ഷാകവചമായി ചേർത്തു പിടിച്ച് നമ്മൾ പ്രതിസന്ധികൾ കുടഞ്ഞെറിഞ്ഞ് പ്രയാണം തുടരും. സുഖദമായ ഓർമ്മകളുടെ ലഹരിയിൽ അലസമായിരിക്കാതെ, ശോഭനമായ ഭാവി രൂപപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ നമ്മൾ ജാഗരൂകരാകേണ്ടതുണ്ട്. ഈ ബഡ്ജറ്റ് നിങ്ങളുടെ വിശദമായ പരിശോധകൾക്കും ചർച്ചകൾക്കും പരിഗണനയ്ക്കുമായി എല്ലാ ആദരവോടെയും ഞാൻ സമർപ്പിക്കുന്നു.

**നന്ദി**

**നമസ്കാരം**